നന്മണി



മാത്തോമ്മാൻ

മാത്തോമ്മാൻ നന്മയാലൊന്നു തുടങ്ങുന്നു
നന്നായ് വരേണമേയിന്നു
ഉത്തമനായ മിശിഹാ തിരുവുള്ളം
ഉണ്ടെയെഴുന്നൾകവേണം.

DHARMARAM COLLEGE LIBRARY
17519
BANGALORE

നസ്രാണി

1963 ജൂലൈ 3 No. 3

ദുഃഖദിനം.

ഇതുപോലെ വേറൊന്നില്ലാത്ത മഹദ്ദിനമാണ് ദുഃഖദിനം. പിതൃദിനമെന്നും സമൂഹദിനമെന്നും ദേശീയദിനമെന്നുമൊക്കെ വിളിക്കാം. വാസ്തവത്തിൽ അതിലേറെ വ്യാപകവും അഗാധവുമായ എന്തോ ആണതെന്ന് നമുക്കറിയുകയും ചെയ്യാം. അപ്പന്റെ ആട്ടച്ചാത്തംതന്നെയാണിന്ന്. ''എന്നുടെ മരണം ഓർക്കും മക്കളേ'' എന്ന് നമ്മെക്കുറിച്ച് പിതാവ് ഓർത്തുകൊണ്ടിരിക്കുന്നു. ''മാതേ്തമ്മാ കടലോരക്കാട്ടിൽ കല്ലിൽവീണു പ്രാർത്ഥിച്ചു'' എന്ന സജീവചിത്രം ഇന്നും പുത്തനായി നമ്മുടെ ദുഃഖിയിലുണ്ടായിരിക്കയും ചെയ്യുന്നു. ഇങ്ങനെ സജീവമായിരിക്കുന്നതുകൊണ്ടതന്നെയാണ് മലങ്കര സഭയോട് നീതി ചെയ്യുകാണുവാൻ നാമതിയായി ദാഹിക്കുന്നതു്; അനീതിയുടെ നകം മാറുകതന്നെ ചെയ്യും എന്നു് നമുക്കു് ധൈര്യം തോന്നുന്നതും.

നമ്മുടെ സ്വാതന്ത്ര്യപ്രാപ്തിയുടെ പതിനാറാം വർഷമാണിതു്. ഇന്നും പൗരസ്വാതന്ത്ര്യമനുഭവിക്കാനുള്ള ഭാഗ്യം നമുക്കുണ്ടായിട്ടില്ല. കത്തോലിക്കാ വിശ്വാസംനിമിത്തവും ഇന്ത്യൻ സംസ്കാരത്തിന്റെ പേരിലുമാണ് നാം ഈ ഞെരുക്കം അനുഭവിക്കേണ്ടിവന്നിരിക്കുന്നതു് എന്ന കാര്യം അത്യന്തം ഗർഹണീയമായിരിക്കുന്നു. ക്രൈസ്തവേതരരെ സമീപിക്കുവാനോ സുവിശേഷമറിയിക്കുവാനോ ദേവാലയം സ്ഥാപിക്കുവാനോ മതാനുഷ്ഠാനം നടത്തുവാൻപോലുമോ നിവൃത്തിയില്ല. ഭരണഘടന നൽകുന്ന പൗരാവകാശങ്ങളും, കത്തോലിക്കരിൽ പാശ്ചാത്യസഭാംഗങ്ങൾക്കു മാത്രമേ ഉണ്ടാകാവൂ എന്നാണ് മിഷനറിമാരുടെ വ്യാഖ്യാനം, തലസ്ഥാനനഗരം, ബിസിനസ് കേന്ദ്രങ്ങളും, വിദ്യാകേന്ദ്രങ്ങളും—— എല്ലാം നമുക്കു നിരോധിതപ്രദേശങ്ങളാണ്. കത്തോലിക്കാ വിശ്വാസം ത്യജിച്ചാൽ ഈ അവകാശങ്ങളാകാം. അതല്ലെങ്കിൽ പാശ്ചാത്യക്രിസ്ത്യാനികളായാലും മതി എന്നതാണ് ഇന്ന് നമ്മുടെ മുമ്പിൽ വച്ചിരിക്കുന്ന വ്യവസ്ഥ? ക്രിസ്ത്യീയ വിശ്വാസംനിമിത്തം വിവേചന അനുഭവപ്പെടാറുണ്ടെന്നു കാര്യവും വിസ്മരിക്കുന്നില്ല. എങ്കിലും മിഷനറിമാരിൽനിന്ന് ഇവിടത്തെ സഭയ്ക്ക് അനുഭവപ്പെട്ടുന്നവയാണ് മുഖ്യ ചിന്താവിഷയം.

മതപ്രചരണത്തിനു് ഇന്ത്യയിൽവന്ന യൂറോപ്യന്മാർ മതഭ്രാന്തന്മാരായിരുന്നു എന്നൊരാരോപണമുണ്ട്. നേരിട്ടനുഭവപ്പെട്ട സ്ഥിതിക്കു് അങ്ങനെയല്ലെന്നു പറയാനും നിവൃത്തിയില്ല. യൂറോപ്യരുടെ രീതികളിൽനിന്നു വ്യത്യസ്ഥമായതെല്ലാം അബദ്ധവും അനാവശ്യവും; അവർ ചെയ്യുന്നതെല്ലാം ക്രൈസ്തവം! അറിവില്ലാത്തവരാണ് മതപ്രചരണത്തിനിറങ്ങിയതു്; അറിഞ്ഞും അറിയാതെയും സാമ്രാജ്യനേട്ടം മുഖ്യോദ്ദേശമായിതീരുകയും ചെയ്തു. ഇതുതന്നെയായിരുന്ന മിഷനറി പരാജയത്തിനു മുഖ്യകാരണം. ദൈവഭക്തരും മനുഷ്യസേവനം വ്രതമാക്കിയവരും അപൂർവ്വമായിട്ടെങ്കിലുമുണ്ടായിരുന്നെന്നു് വി. സേവ്യർ പണ്ടും ബിഷപ്പ് സെവ്റാൻ ഇന്നും ഉദാഹരിക്കുന്നു. ഇവർ സഹപ്രവർത്തകരെപ്പറ്റി വൈദികവും ലൌകികവുമായ അധികാരസ്ഥാനങ്ങളിൽ പരാതിപ്പെട്ടിരുന്നുവെന്നതും നമുക്കറിവുള്ളതാണ്. മൻകാലങ്ങൾ വിട്ടിട്ട് ഇന്നത്തെകാര്യം മാത്രം പരിഗണിച്ചാലും ഇന്ത്യയിലെ മിഷ്യനറിപ്രവർത്തനത്തെ സംശയപൂർവ്വം വീക്ഷിക്കേണ്ടതാണെന്നു കാണാം. വരാപ്പുഴ മുതൽ ബോംബെ വരെയും, മദ്രാസ് മുതൽ ദില്ലി വരെയും യൂറോപ്യൻ വേഷത്തിലേ ക്രിസ്തുമതം ഇന്ത്യയിൽ പ്രചരിപ്പിക്കാവൂ എന്നു ശഠിക്കുന്നവരാണ്. ഇന്ത്യയിലെ സഭ വളരുന്നതു് തങ്ങൾക്കു ക്ഷീണമാണെന്നു് അവർ ധരിച്ചവശായിരിക്കുന്നു. എന്തെല്ലാം ഉപജാപങ്ങളാണ് ഈ 1963ൽ–ൽപോലും നടന്നുകൊണ്ടിരിക്കുന്നതു്! കപടമിത്രങ്ങളെ ഇനിയെങ്കിലും നമുക്കു തിരിച്ചറിയാൻ കഴിയണം.

ഇന്ത്യൻ പൗരരിലേതുവിഭാഗത്തിനും ഇന്ത്യൻമണ്ണിലെവിടെയും, ഭാഷയുടെയോ മതത്തിന്റെയോ സംസ്കാരത്തിന്റെയോ ലിപിയുടെപോലുമോ പേരിൽ അവ സംരക്ഷിക്കാനും പ്രചരിപ്പിക്കാനും സ്ഥാപനങ്ങളും നടത്താനുമുള്ള അവകാശം ഭരണഘടന പ്രഖ്യാപിച്ചു് പ്രദാനംചെയ്തിരിക്കുന്നതു് തടയാനാണ് ലാറിന്റെ മിഷനറിമാരുടെ ശ്രമംമുഴുവൻ. ഇന്ത്യയിലെ പൗരാണിക കത്തോലിക്കാസഭയോടു് ഇത്ര വിരോധവും അതിന്റെ പുരോഗതിയിൽ ഇത്ര എതിർപ്പും കാണുമ്പോഴും നാം

എന്താണ് വിചാരിച്ചുപോകാത്തത്? ഇതുവരെ നടന്നതു് ഇനി തുടരാൻ പാടില്ല എന്ന ഡിമാൻറാണ് നസ്രാണിക്കു് ഉകു്റാനദിനത്തിൽ വസ്തുവാനുള്ളതു്. മാത്തോമ്മാശ്ലീഹായുടെപേരിലഭിമാനിക്കുന്ന ഇവിടത്തെ സഭകത്തോലിക്കമെങ്കിൽ, ഓത്തഡോക്സ് വിശ്വാസമതിനുണ്ടെങ്കിൽ, ഹിന്ദുസംസ്കാരം മുറുകെപിടിക്കാനും പുരോഗമിപ്പിക്കാനും അതിനു കഴിഞ്ഞിട്ടുണ്ടെങ്കിൽ യൂറോപ്പിലെ സഭയെ ഇവിടെ കെട്ടിയേല്പിക്കുന്നതു് അനാവശ്യമത്രെ. അതിവിടെ ആക്രമാവശ്യമില്ല. Quit India * തെറ്റുതിരുത്താൻ സന്നദ്ധത വന്നിരിക്കുകയും, ക്രൈസ്തവസൗഹൃദം മുൻനിറുത്തി കൗൺസിൽ സമ്മേളിച്ചിരിക്കയും, പരസ്പരം മനസ്സിലാക്കാനുള്ള മനോഭാവമുണ്ടായിരിക്കയുമാണ് ഇപ്പോഴം; നല്ല പ്രതീക്ഷസ്ഥവകാശമുണ്ട്.

അവകാശങ്ങളം സ്ഥാപിക്കപ്പെടുകയും നവ്യവസ്ഥകളം പ്രഖ്യാപിക്കപ്പെടുകയും ചെയ്താലും പ്രയോഗത്തിലാക്കാൻ ആളില്ലാതെ വരുന്നതു് ശോചനീയംതന്നെ. ഉദാഹരണത്തിനു് കൽദായ റീത്തു് പുനരവതരിപ്പിച്ച കാര്യംതന്നെയെടുക്കുക. മലത്രുപം പ്രസിദ്ധപ്പെടുത്താതെ മലയാളത്തിലവതരിപ്പിക്കാൻ തത്രപ്പാട കാട്ടിയതിൽ ദുരുദ്ദേശമാരോപിച്ചുപോകും. സുറിയാനി തക്സാ ഇത്ര അലക്ഷ്യമായും അവഗണനാപൂർവ്വവും തയാറാക്കിയതുകണ്ടാൽ ആർക്കാണ് ക്ഷോഭംവരാത്തതു്. ദൈവപുത്രൻ സംസാരിച്ച ഭാഷയിൽ ദിവ്യത്വം കാണുന്നില്ലാത്തവക്കു് ഇല്ലാ പുണ്യവാൻറെ അവശിഷ്ടം വച്ചുപൂജിക്കാൻ മടിയില്ലതാനും! പുരാണവസ്തു എന്ന നിലയിലോ, പിത്രാവകാശമെന്നനിലയിലോ, കത്താവിൻറെ അധരം സ്പർശിച്ചതോർത്തിട്ടെങ്കിലുമോ സുറിയാനി നിലനിർത്തി കൊണ്ടുപോകേണ്ടതു തന്നെയാണ്. സ്വന്തഇഷ്ടം മറ്റുള്ളവരുടെമേൽ കെട്ടിയേല്പിക്കണമെന്നുള്ളവരും, കാര്യങ്ങളുടെ ഉള്ളിലേയ്ക്കു കടന്നുകാണാൻ കഴിവില്ലാത്തവരും നേതൃസ്ഥാനത്തുവരാതിരുന്നാൽ സമൂഹത്തിനും അവർക്കുതന്നെയും അതൊരനുഗ്രഹമായിരിക്കും; പ്രസിദ്ധരും സമർത്ഥരുമൊക്കെ എത്രപറയുന്നു എന്നവഷിക്കാനുള്ള സന്നദ്ധതയെങ്കിലുമുണ്ടാകണം. ഏതുകാര്യത്തിലും അതർഹിക്കുന്ന പരിഗണനയുണ്ടാകണം. റീത്തുപുനരുദ്ധാരണം ഏറെറംലാഘവബുദ്ധിയോടെ കൈകാര്യംചെയ്തു എന്നുപറഞ്ഞാൽ അതു മിക്കവാറും ശരിയാണ്.

ഈ മണ്ണിൽജനിച്ചവരും ഇവിടെത്തന്നെ കഴിഞ്ഞുപോകേണ്ടവരുമാണ് എന്നുപറയാൻ ചിലപ്പോഴെങ്കിലും നാം നിർബന്ധപ്പെട്ടുപോകാറുണ്ട്. ഇങ്ങനെ പറയുന്നിടത്തോളം ബുദ്ധിമുട്ടില്ലായിരുന്ന പ്രവൃത്തിയിൽ കാണിച്ചുകൊടുക്കുവാൻ. എങ്കിലും അബദ്ധങ്ങം തിരുത്തേണ്ടതാവശ്യമാണെന്നു തോന്നാറില്ല. ജോസഫ്, ജോജ്ജ്, ഫ്രാൻസീസ്, മേരി. ടീസാ എന്നൊക്കെ പേരുള്ളവരെ ആംഗ്ലോഇന്ത്യരോ വിദേശസംസ്കാരാവകാശികളോ ആയിഗണിച്ചാൽ അതിനെ പഴിക്കാനൊക്കുമോ? പേരുകഴിഞ്ഞു് രീതികളും അത്തരത്തിലായിത്തീന്നാലോ? വിദേശവേഷത്തിൽ പൊതിഞ്ഞവർ ഇവിടത്തുകാരാണെന്നു വിളംബരംചെയ്താലും ധാരണ മാറിച്ചേവരൂ. ബ്രിട്ടീഷ്ഭരണത്തോടെയാണ് ക്രിസ്തുമതം ഇന്ത്യയിൽ സ്ഥലംപിടിച്ചതെന്നു് കരുതുന്നവർ ഇന്ത്യയുടെ പലഭാഗങ്ങളിലുമുണ്ട്. പോർട്ടുഗീസ്മുഖവാരമില്ലെങ്കിൽ പള്ളിയാകയില്ലെന്ന ധരിച്ചുവച്ചിരിക്കുന്നവരും അത്ര ശരിവയ്ക്കുകയാണ്. കണ്ണുകൊണ്ടുകാണുന്നവേഷവും ചെവികൊണ്ടുകേൾക്കുന്ന പേരും ആ വിധിയെ ഉറപ്പിക്കുകയത്രെ ചെയ്യുന്നതു്. ഈ നൂറാണ്ടാരംഭംവരെ യൂറോപ്യരും യൂറേഷ്യരും അവർ മതപരിവർത്തനംചെയ്തവരും മാത്രമാണ് ക്രിസ്ത്യാനികളായിപരിഗണിക്കപ്പെട്ടിരുന്നവർ. നസ്രാണികളും മാർഗ്ഗക്കാരും ഇവിടത്തുകാരുമായിരുന്നു. പരിഷ്കരിച്ചു പരിഷ്കരിച്ചാണ് സിറിയൻക്രിസ്ത്യനും, കത്തോലിക്കനും, ജേക്കബൈറ്റുമൊക്കെയായതു്, നമ്പൂരി മാമ്മോദീസാമുങ്ങിയതാണ് നസ്രാണി. ഇതു വസ്തുതയായിരിക്കുന്നെങ്കിലും ആഢ്യരെന്നവകാശപ്പെടുന്നെങ്കിലും ചാത്തംനടത്താനും ഞൊറിഞ്ഞുടുക്കാനും കോൽവിളക്കു തൂക്കാനും അറപണിയെടുക്കാനുമൊക്കെശങ്കയായിത്തുടങ്ങിയിട്ടുണ്ട്. അന്ധമായ അനുകരണംനമ്മെകുഴിയിലാക്കും. ഈഴത്തുനാട്ടിൽനിന്നുവന്നവരാണ് തങ്ങളെന്നു് അഭിമാനപൂവ്വം പറയുന്ന ഈഴവർ ഇന്നു് നൂറുശതമാനവും ഹിന്ദുക്കളാണ്. പേരിലും മതത്തിലുമെല്ലാം പാർസികളം വിദേശീയരാണ്. എന്നിരുന്നാലും ഇന്ത്യയിൽ അവർക്കിന്നുള്ള സ്ഥാനം എന്തെന്നു് വിശദീകരണംവേണ്ട. നൂറുശതമാനവും ഹിന്ദുക്കളായ തങ്ങളംക്കെതിരായി ശബ്ദമുയരുന്നതിനു് കാരണമുണ്ടോ എന്നു് നസ്രാണികളം ആരായണം.

തോമ്മാശ്ലീഹായും ഇന്ത്യാമഹാരാജ്യവും 19 നൂറാണ്ടുകാലം പരസ്പരം പര്യായങ്ങളായിരുന്നു. മാത്തോമ്മാശ്ലീഹാ ഹിന്ദുമതത്തെ സമുദ്ധരിച്ചു് പുതിയഹിന്ദു (ഹെന്ദോ)സഭയാക്കി പരിവർത്തനം വരുത്തിയിരുന്നു. ഹിന്ദുസംസ്കാരത്തിൻറെ സംവാഹകർ നാമായിരുന്നെന്നു് നമുക്കഭിമാനിയ്ക്കാനവകാശമുണ്ട്. അതിനുള്ള അവസരവുമാണിദുക്റാന. നമ്മുടെ അവകാശപ്രഖ്യാപനം പ്രസക്തമാകത്തക്ക വിധമായിരിക്കണം നമ്മുടെനവോത്ഥാനം.

---

* "The Missions are nothing less than a cultural aggression..." K. M. പണിക്കരുടെ ഈ പ്രസ്താവന അർത്ഥപൂർണ്ണമല്ലേ?

നസ്രാണിനവജീവപരിഷത്തിന്റെ ആഭിമുഖ്യത്തിൽ 1963 മാർച്ച് 24-ാംതീയതി ഗോവണ്ണ്ടോരച്ചന്റെ 164-ാംചരമവാർഷികമാചരിച്ച. അന്നത്തെ പൊതുയോഗ നിശ്ചയമനുസരിച്ച മേയ് 4-ാംതീയതി പരിഷദ്കമ്മറി

താഴെപ്പറയുന്ന പ്രമേയങ്ങൾ തയ്യാറാക്കി.

I

1) നവജീവപരിഷത്ത് എന്നായിരിക്കും ഈ അസ്സോസിയേഷന്റെപേര്.

2) ഓരോരൂപതയിലും പരിഷത്തിനു് അംഗങ്ങളെ ചേർക്കുന്നതിനു് പ്രതിനിധികളെ ഏല്പ്പെടുത്തേണ്ടതാണു്.

3) ചേർക്കപ്പെടുന്ന അംഗങ്ങളുടെ ഒരു യോഗം ഈ കമ്മിറ്റി വിളിച്ചുകൂട്ടേണ്ടതും ആ യോഗത്തിൽ പരിഷത്തിന്റെ ബൈലോസു് പാസ്സാക്കേണ്ടതുമാണു്.

4) പ്രവേശനവും, പ്രസിദ്ധീകരണവുംസംബന്ധിച്ചുള്ളതാൽക്കാലികവ്യവസ്ഥകളും താഴെപ്പറയുന്നവയായിരിക്കും.

i) 21 വയസ്സു് പൂർത്തിയായ നസ്രാണിപുരുഷന്മാർക്കു് അംഗങ്ങളായി ചേരാവുന്നതാണു്.

ii) അംഗങ്ങളും ചേരുന്ന അവസരത്തിൽ ഒരു രൂപാ പ്രവേശനഫീസും കഴിവനുസരിച്ചുള്ള (ഒരു രൂപയിൽ കുറയാതെ) സംഭാവനയും നൽകേണ്ടതാണു്.

iii) പരിഷത്തിന്റെവകയായി നസ്രാണി എന്ന പേരിൽ ഒരു Periodical ഉണ്ടായിരിക്കേണ്ടതും പരിഷത്തു് അംഗങ്ങളുള്ള ഓരോകുടുംബത്തിൽനിന്നും ഓരോ കോപ്പി വാങ്ങേണ്ടതുമാണു്.

II

നമ്മുടെരൂപതയിൽപ്പെട്ട ആളുകളും ഇൻഡ്യയുടെ നാനാഭാഗങ്ങളിൽ താമസിച്ചുപോരുന്നുണ്ടു്. സാമുദായികമായ ആവശ്യങ്ങൾമാത്രമല്ല മതപരമായ ആവശ്യങ്ങളും പോലും പല പല കാരണങ്ങളാൽ സാധിക്കാൻ വിഷമമായിത്തീർന്നിരിക്കുന്നു. ഇക്കാര്യത്തിൽ പൗരസ്ത്യസഭയുടെ സെക്രട്ടറിആയിരുന്ന ടിസ്സറാൻറു് തിരുമേനിചിലതെല്ലാം ചെയ്യുതുടങ്ങിയതാണെങ്കിലും ഒന്നുംതന്നെ പ്രയോഗത്തിൽവരികയുണ്ടായില്ല. ഉദാഹരണമായി മദ്രാസ്, ബോംബെ, ഡൽഹിമുതലായ പ്രധാനനഗരങ്ങളിൽ നമ്മുടെ നൂറുകണക്കിനു് വീടുകളും ആയിരക്കണക്കിനു് ആളുകളും ഉണ്ടെന്നുള്ളതു് എപ്രാവർക്കും അറിയാവുന്നവസ്തുതയാണു്. തങ്ങളും അഭ്യസിച്ചതിൽനിന്നും വ്യത്യസ്ഥപ്പെട്ടരീതികളും സ്വീകരിക്കാൻ നിർബന്ധിതരാകുന്നു. അക്കാരണത്താൽ പലരും മതാഭ്യസനത്തിൽ വിമുഖരാവുകയും, ക്രമേണ മതാഭ്യസനംതന്നെ നിന്നുപോവുകയുംചെയ്യുന്ന അപകടം നിലവിലുണ്ടു്. മേല്പറഞ്ഞ പട്ടണങ്ങൾക്കും പുറമെ വ്യവസായകേന്ദ്രങ്ങളായ ഭിലായി, റൂർക്കേല, ജംഷഡ്പൂർ മുതലായകേന്ദ്രങ്ങളിലും ഈ പ്രശ്നം ഒന്നുകൂടി രൂക്ഷമായിട്ടുണ്ടു്. ജീവനമാർഗ്ഗം അന്വഷിച്ചു് പോകുന്ന യുവതീയുവാക്കന്മാർ നമ്മുടെവൈദീകരുടേയും നമ്മുടെരീതിയിലുള്ള മതാഭ്യസനത്തിന്റേയും അഭാവത്താൽ ആദ്ധ്യാത്മികമായി അധ:പതിച്ചുകൊണ്ടിരിക്കുന്നു. ചില പ്രദേശങ്ങളെ സംബന്ധിച്ചിടത്തോളം കത്തോലിക്കാജനസംഖ്യയിലെ ഭൂരിപക്ഷം നസ്രാണികളാണെന്നുള്ളതു് പ്രസ്താവിക്കേണ്ടിയിരിക്കുന്നു. ആദിമശതകങ്ങൾമുതൽ 17-ാംനൂറാണ്ടുവരെ മലങ്കരമെത്രാപ്പോലീത്താമാർക്കു് ഇൻഡ്യമുഴുവൻ ഭരണാധികാരം ഉണ്ടായിരുന്നു. പോർട്ടുഗീസ് ഗവമെണ്ടു് അധികാരത്തിന്റേയും പിന്നീടുവന്ന മിഷ്യനറിമാരുടെ സ്വാധീനത്തിന്റേയും ഫലമായി മേല്പറഞ്ഞ അധികാരം എടുത്തുപോകാൻ ഇടയായി. വിദേശമേൽക്കോയ്മകളിൽനിന്നും ഇൻഡ്യാ സ്വാതന്ത്ര്യംപ്രാപിച്ചിട്ടും പൌരസ്ത്യസഭകൊണ്ടു് അവരുടെ അവകാശങ്ങളും എല്ലാം പുന:പ്രാപ്യമാക്കിക്കൊണ്ടിരിക്കുന്ന അവസരമായിട്ടും നമ്മെസംബന്ധിച്ചു് യാതൊരുപ്രയോജനവും ഉണ്ടായിട്ടില്ല. അതിനാൽ മാർത്തോമ്മാശ്ലീഹായുടെ ഭാരതസഭയെ പൂർവ്വസ്ഥിതിയിൽ പുന:സ്ഥാപിക്കുന്നതിനു് മേൽപ്പറഞ്ഞ അവശതകൾക്കു് പരിഹാരം ഉണ്ടാക്കുന്നതിനു് സത്വരനടപടികളും സ്വീകരിക്കേണ്ടതാണു്.

അഖിലേന്ത്യാ ഭരണാധികാര (Jurisdiction) ത്തോടു കൂടിയ ഒരു കാസോലിക്കാസ്ഥാനവും അർക്കദിയാക്കോൻസ്ഥാനവും ഏർപ്പെടുത്തുകയാണു് സുറിയാനിസഭയെ സംബന്ധിച്ചു് ഇപ്പോഴും സ്വീകാര്യമായ നടപടിയെന്നു് ഈ പരിഷത്തു് അഭിപ്രായപ്പെടുന്നു. ആസ്ട്രേലിയായിലും അമേരിക്കയിലും മാത്രമല്ല പശ്ചിമയൂറോപ്പിലെ വിവിധരാജ്യങ്ങളിൽപ്പോലും പൌരസ്ത്യസഭക്കാർക്കായി Exarch-മാരെ അടുത്തകാലങ്ങളിൽ നിയമിച്ചവിവരം ഇത്തരുണത്തിൽ സ്മരണീയമാണു്.

മേൽവിവരിച്ചപ്രമേയം സൂനഹദോസിന്റെ പരിഗണനയിലും മാപ്പാപ്പായുടെനേരിട്ടുള്ള ശ്രദ്ധയിലും പെടുത്തുന്നതിലേയ്ക്കു് കേരളാസിറിയൻ ബിഷപ്സ്കോൺഫ്രൻസിന്റെ ചെയർമാനായ ചങ്ങനാശ്ശേരി ആർച്ചു് ബിഷപ്പു് മാർമാത്യു കാവുകാട്ടുതിരുമേനിയെ നേരിട്ടുകണ്ടു് പരിഷത്തു്പ്രതിനിധികളും അഭ്യർത്ഥിക്കണമെന്നു് തീരുമാനിക്കുന്നു.

പരിഷദ് കമ്മിറ്റിയ്ക്കുവേണ്ടി കാര്യദർശി,

(Sd) വി. എം. ജോസഫ് വെള്ളാപ്പള്ളിൽ.

പാലാ.

മേയ് 4, 1963

മൈലാപ്പൂർ—ബെത്തോമ്മാ.

ഇന്ത്യയെ സംബന്ധിച്ചിടത്തോളം ഒരിക്കലും വിസ്മൃതിയിൽപെട്ടപോകാത്ത രണ്ടു സ്ഥലനാമങ്ങളാണ് മാല്യങ്കരയും മൈലാപ്പൂരും. അധിനാഥനായമാത്തോമ്മാശ്ലീഹാ വന്നിറങ്ങിയ സ്ഥലവും മരിച്ചടക്കപ്പെട്ട സ്ഥലവുമാണവ രണ്ടും എന്നതുതന്നെ അതിനുകാരണം. ഉകാരാനദിനത്തോടനുബന്ധിച്ച് ഓർക്കേണ്ട ഇടം മൈലാപ്പൂരാണ്. മൈലാപ്പൂർ ഇന്ന മദ്രാസ്നഗരത്തിന്റെ തെക്കേഭാഗമാണ്. ''മദ്രാസി''ന്റെ ഉല്പത്തിതന്നെയും മൈലാപ്പൂരോട് ബന്ധപ്പെട്ടിരിക്കുന്നെന്നു ചരിത്രദൃഷ്ട്യാ കാണാവുന്നതുമാണ്. ഒന്നാം ശതാബ്ദംമുതൽ 20—ാംശതാബ്ദംവരെ 19 നൂറ്റാണ്ടുകളിൽകൂടെ കടന്നുപോന്ന കാര്യം ചരിത്രകാരന്മാരുടെ തലയ്ക്ക് കുറെയധികം ജോലി കൊടുത്തിട്ടുള്ളതാണ്. വെറും ''സൂപ്പർസ്റ്റിഷൻ'' മുതൽ ''കണ്ണുകൊണ്ടു നേരിട്ടുകാണാവുന്ന യാഥാർത്ഥ്യം''വരെയാണ് മൈലാപ്പൂരിന്റെ സ്ഥാനം, സ്ഥലനാമമാണ് ചിലർക്കു പ്രശ്നം. പോർത്തുഗീസുകാർ പറഞ്ഞുണ്ടാക്കി എന്നു വേറെചിലർ. ഇന്ത്യയിലേയല്ല (പേർഷ്യയിലെവിടെയോആണ്)എന്നു ഇനിയും ചിലർ, പണ്ഡിതന്മാരുടെ അഭിപ്രായപ്രകടനങ്ങളും സ്ഥലത്തെ പാരമ്പര്യവും, മാത്തോമ്മാ ക്രിസ്ത്യാനികളുടെ ഇടമുറിയാത്ത വിശ്വാസവും—എല്ലാം തുലനംചെയ്തു പഠിക്കുകയും നേരിട്ടു സ്ഥലപരിശോധന നടത്തുകയുംചെയ്ത ഫാ. ഹോസ്റ്റനെപ്പറ്റി ഫാ. ഈലെൻ എസ്., ജെ. എഴുതിയതിങ്ങനെയാണ്.

The Master mason has been laid to rest (†1935); the building stands unfinished; it is now seen as he erected it A D 1925 ''St. Thomas'' like so many endeavours was destined to remain a Cathedral whose spires are unfinished, ഗോപുരം തീർന്നില്ലന്നേയുള്ള, പള്ളിയുടെ പണി പൂർത്തിയായിരിക്കുന്നു; മൈലാപ്പൂരിനെപ്പറ്റി ഫാ. ഹോസ്റ്റന്റെ അദ്ധ്വാനം ഏകദേശം ഇതുപോലെവിജയപ്രദമായിട്ടുണ്ടെന്നാണ് ഫാ. ഈലന്റെ അഭിപ്രായം. ചരിത്രകർത്താവായ വിൻസന്റ് സ്മിത്തിന്റെ അഭിപ്രായം മാറുവാനും ചരിത്രം തിരുത്തിയെഴുതുവാനുംഅതുകാരണമായി. It is very improbable that the Mailapur story can be founded on fact എന്നു 1909—ൽ സമർത്ഥിച്ച വിൻസന്റ് സ്മിത്ത് 1923—ൽ പറയുന്നു: My personal impression formed after much examination of evidence is that the story of the martyrdom in S. India is the better supported of the two versions of the saint's death.

പാശ്ചാത്യരും പൗരസ്ത്യരുമായ തീർത്ഥകർ എന്നും മനസ്സിലാക്കിയിട്ടുള്ളതു മാത്തോമ്മാശ്ലീഹാ രക്തസാക്ഷിമരണംപ്രാപിച്ചു ഇന്ത്യയുടെ കടൽതീരത്തു അടക്കപ്പെട്ടിരിക്കുന്നുഎന്നാണ്. ആ അറിവുവച്ചുകൊണ്ടു അവർ പോയിരുന്നതു മൈലാപ്പൂരിലും. തോമ്മാശ്ലീഹായുടെ കബറിടം സന്ദർശിക്കുവാൻ ഇന്ത്യയിൽ പോകുക എന്നു വച്ചാൽ ചോഴമണ്ഡലത്തിൽപോകുക, അവിടെത്തന്നെ കടൽതീരത്തു പോകുക, കടൽതീരത്തു മൈലാപ്പൂരിൽ പോകുക, അവിടെയുള്ള കബറിടമാകട്ടെ ബെത്തോമ്മായും. ഇങ്ങനെ സംശയങ്ങളും തർക്കങ്ങളും ഒന്നും ബാധകമാകാതെ ദീർഘദീർഘനൂറ്റാണ്ടുകളും ഭക്തന്മാർ മൈലാപ്പൂർ സന്ദർശനംനടത്തി അനുഗ്രഹം പ്രാപിച്ചുപോന്നു. ലോകത്തിൽ വേറെ എവിടെയെങ്കിലും മാത്തോമ്മാശ്ലീഹായുടെ കബറിടമുള്ളതായി ആരും ഒരിക്കലും പറഞ്ഞിട്ടില്ല; അക്കാര്യം ആരും ഒരിടത്തും അവകാശപ്പെടുകയും ഉണ്ടായിട്ടില്ല. തോമ്മാശ്ലീഹാ എന്നു പറയുന്ന ക്ഷണത്തിൽ ഇന്ത്യയും സമുദ്രതീരവും ശൂലപാതവും എല്ലാം ഒരുമിച്ചു മനസ്സിലാക്കപ്പെടുന്നു, ഇന്ത്യയിലും പശ്ചിമേഷ്യയിലും പശ്ചിമയൂറോപ്പിൽ (ഇംഗ്ലണ്ടുഉൾപ്പെടെ)കൂടെയും. പൗളിനോസ് പറയുന്നു: All the Christians of the East, catholics and heretics like theNestorians Jacobites, Armenians, the catholics of Bengal, Pegu, Siam, Ceylon, Malabar, and Hindustan come to make their devotions, and this alone is sufficient to confirm the ancient and universal tradition that St. Thomas died at Mylapore (Viaggio alla India Orientale Roma. (Page 61). മഹമ്മദീയാധിപത്യംനിമിത്തമാണ് പാശ്ചാത്യരുടെ തീർത്ഥാടനം നിലച്ചുപോയതു്. പോർത്തുഗീസുകാർഇന്ത്യയിലെസഞ്ചാരംനടത്തുന്നകാലം, പോരെങ്കിൽ തോമ്മാശ്ലീഹായുടെ ശരീരം ഉറഹായിൽ വച്ചിട്ടുണ്ട്. എന്നിട്ടും അവർപറയുന്നു,ഇന്ത്യയിലാണു കബറിടം. അങ്ങോട്ടു തീർത്ഥയാത്രയും,അവിടെ കാവലും ഭജനവും പ്രാർത്ഥനയും നേർച്ചയും. ഇതിൽ കൂടുതൽ തെളിവ്ആവശ്യമില്ല; കൂടുതൽ ബലമുള്ള തെളിവ് ഊഹിക്കാനും അസാദ്ധ്യം.

1903—ൽ W R ഫിലിപ്സ് പറഞ്ഞു, ''സെന്റ് തോമസിനെ തെന്നിന്ത്യയുമായി ഘടിപ്പിക്കുവാൻ, മാക്കോപോളോയെ നാം കണ്ടുമുട്ടുന്നതുവരെ ഒരു തെളിവുമില്ലായിരുന്നു.'' (പ്രാചീന ഇന്ത്യ P. 149) എന്നാൽ പോളോസ്സ് 70 കൊല്ലംമുമ്പ് എഴുതപ്പെട്ട വരികളാണ് മാർഗ്രേഗോറിന്റെയും ഈശോയബ്ബിന്റെയും (C. 1222 A D). 1187—ൽ ഓറഗ്രം നഷ്ടപ്പെട്ടശേഷം ഈശോയബ്ബ് എഴുതി: ''അവർ പടിഞ്ഞാറു് ഓറഗ്രമുണ്ടെന്നു് പ്രശംസിക്കുന്നെങ്കിൽ കിഴക്കു് ഞങ്ങടെക്കു പുരുഷായുണ്ടെന്നു് ഞങ്ങടെ മറുപടി പറയും. അതിനോടു് ഓറഗ്രത്തെ സാമ്യപ്പെടുത്തിക്കൂടാ..പത്രോസിന്റെയും പൗലോസിന്റെയുംശരീരങ്ങടെ ഞങ്ങളുടെ പക്കലാണെന്നു് വീണ്ടും പറയുന്നെങ്കിൽ...പത്രോസിന്റെയും പൗലോസിന്റെയും മൃതദേഹങ്ങളേക്കാൾപ്രശസ്തികരഞ്ഞതല്ലാത്തതു്ഞങ്ങളുടെപക്കലുണ്ടു്. പ്രവാചകനായ ഏസക്യേലിന്റെതു് സാബായിലും, പ്രവാ. ദാനിയേലിന്റെതു് സൂസായിലും, മാത്തോമ്മാശ്ലീഹായുടേതു് ഇന്ത്യയിലും, തന്മായുടേതു് എദേസ്സായിലും നസ്തിയേലിന്റേതു് അമ്മേനിയായിലും, മാറിയുടേതു് ദയർകോണായിലും ഉണ്ടു്. ഇതാ ഇങ്ങനെ ഒരു പൗരസ്ത്യമെത്രാൻ നേരെ പറയുന്ന ''മാത്തോമ്മാശ്ലീഹാ ഇന്ത്യയിൽ അടക്കപ്പെട്ടുകിടന്നിരുന്നു''lay buried in India. ഇന്ത്യയുടെ ഏതു ഭാഗത്താണെന്നു് ബേസ്നഹ

റീനിലെ സമകാലീനനായ വേറൊരു മെത്രാൻ പറയുന്നു. ''at Mahlupah-മഹലൂപായിൽ'' ഈ ഉദ്ധരണികളുടെ പ്രാധാന്യം ഒരുതരത്തിലും കുറച്ചുകളയാവുന്നതല്ല. മാർ ശ്ലീഹോന്റെ കാലത്തു് ബേസ്നഹറീനിൽ എന്തു സംഭവിച്ചിട്ടാണു് മൈലാപ്പൂരിലേയ്ക്കു് വീണ്ടും നോക്കിത്തുടങ്ങിയതു്? ഒരു പക്ഷേ തോമ്മാശ്ലീഹായുടെ ശരീരം ഉറഹായിൽനിന്നു് കീയോസിലേയ്ക്കു 1144-ലോടുകൂടി കൊണ്ടുപോകയും ഉറഹായിൽ നിക്ഷേപം ഇല്ലാതാകയും ചെയ്തതുകൊണ്ടായിരിക്കുമോ?

A. D. 874 എന്ന കാലനിർണ്ണയത്തോടുകൂടിയ ഒരു സുറിയാനികയ്യെഴുത്തു് ബ്രിട്ടീഷ് മ്യൂസിയത്തിലുണ്ടു്. അതിൽ ഇങ്ങനെ കൊടുത്തിരിക്കുന്നു: ''തോ... ഇന്ത്യയുടെ ഉംഭാഗത്തു് പ്രസംഗിക്കുകയും പാപ്പിച്ച സ്ഥാനപ്പെടുത്തുകയും, പുരോഹിത്യത്തിന്റെ കൈവയ്പ്പു് നൽകുകയും ചെയ്തു. അദ്ദേഹം ഇന്ത്യാക്കാരുടെ രാജാവിന്റെ പുത്രിയെ സ്നാനപ്പെടുത്തുകയുംചെയ്തു, എന്നാൽ ബ്രാഹ്മണർ ബലിമായയിൽവച്ചു് അദ്ദേഹത്തെ വധിച്ചു. അദ്ദേഹത്തിന്റെ ശരീരം എദേസായിലേയ്ക്കു് കൊണ്ടുവന്നു. അതു് അവിടെ ഇരിക്കയും ചെയ്യുന്നു!! ഗ്രീക്കു രേഖകളിൽ ''ഖാലാമിന'' കാണുന്നു;അതിനെ അനുകരിച്ചു് സുറിയാനി ലത്തീൻകൃതികളിലും, ഇവ എഴുതിയവർ മുൻരേഖകളെ പകർത്തിഎന്നല്ലാതെ പെട്ടെന്നു കണ്ടുപിടിച്ചു എന്നാരും കരുതുകയില്ല, തങ്ങളുടെ സ്വന്തമല്ലാത്ത, തങ്ങളുടെനാട്ടിലുള്ളതല്ലാത്ത ഒന്നിനെ സ്വല്പം പ്രശംസിക്കുന്നതുപോലും മനുഷ്യസാധാരണമല്ലാത്ത സ്ഥിതിയ്ക്കു് അന്യരും തങ്ങളുടെ കീഴിലുള്ളവരുമായ തെന്നിന്ത്യക്കു് ഇങ്ങനെ ഒരവകാശം, ഉടമസ്ഥത പശ്ചിമേഷ്യർ വകവച്ചുകൊടുത്തിരിക്കുന്നതു് ഏറ്റവും ശക്തിമത്തായ തെളിവാണു്. സ്ഥലനാമം മാറിപ്പോയെന്നുവരും കാലക്രമത്തിൽ; എന്നാൽ ഒരു ശവകുടീരം മാറുന്നില്ല. അതിൽ അടക്കപ്പെട്ടതു് ഒരു മഹൽവ്യക്തിയാണെങ്കിൽ അദ്ദേഹത്തിന്റെ പേരു് ദീർഘകാലത്തേയ്ക്കു് അതിനെ ചുറ്റിനില്ക്കും. ലോകജേതാവായ അലക്സാണ്ടർ ബാബിലോണിലാണു് സംസ്കരിക്കപ്പെട്ടതെന്നോ, അനന്യസാധാരണമായ കഴിവു പ്രകടിപ്പിച്ച നിസ്തുലജേതാവു് നെപ്പോളിയൻ അറ്റ്ലാന്റിക്കു് മഹാസമുദ്രമദ്ധ്യത്തിൽ–സെൻറുഹെലേനയിൽ–സംസ്കരിക്കപ്പെട്ടഎന്നോ ആർക്കു വിശ്വസിക്കുവാൻ കഴിയും?

തെളിവുകളുടെ ചങ്ങല

ഗ്രിഗരിബർ എബ്രായ(1246–86) എഴുതുന്നു: ''തോമാപാർത്യരോടും മേദിയരോടും ഇന്ത്യാക്കാരോടും സുവിശേഷപ്രസംഗം നടത്തുകയും കാലാമിനയിൽ വധിക്കപ്പെടുകയും അദ്ദേഹത്തിന്റെ ശരീരം എദേസായിലേയ്ക്കു് മാറ്റപ്പെടുകയുംചെയ്തു...'' ''തോമാശ്ലീഹാ ആയിരുന്ന പൌരസ്ത്യദേശത്തിന്റെ ആദ്യശ്രേഷ്ഠാചാര്യൻ. 'പരി. ശ്ലീഹന്മാരുടെ വേദപ്രസംഗം' എന്ന പുസ്തകത്തിൽനിന്നു നാമറിയുന്നു, കർത്താവിന്റെ സ്വർഗ്ഗാരോഹണശേഷം രണ്ടാംവർഷംമുതൽ, ആദ്യംതുടങ്ങി തോമാശ്ലീഹാക്രിസ്തീയ വിശ്വാസം കിഴക്കേഭാഗങ്ങളിൽ അറിയിക്കയുണ്ടായി എന്നു്. അവിടംകടന്നു് അദ്ദേഹം ഇന്ത്യയിലേക്കു പുറപ്പെടുകയും . . . സുവിശേഷപ്രസംഗം നടത്തുകയുമുണ്ടായി.'' ''മഹാരാജാവു് തോമായെ ജയിൽവിമുക്തനാക്കി. അദ്ദേഹവും അനുജനും പ്രഭുക്കന്മാരിൽ പലരും വിശ്വസിക്കയും അവരെ തോ. ശ്ലീ. സ്നാനപ്പെടുത്തുകയും, പൂർണ്ണസ്വാതന്ത്ര്യത്തോടെ സുവിശേഷപ്രസംഗം നടത്തുകയും ചെയ്തു. പിന്നീടു് ഇന്ത്യയിലെ ഒരു മലയിൽചെന്നു് അവിടെ സുവിശേഷം പ്രസംഗിക്കുവാൻ തുടങ്ങി. ആ മലയിൽ താമസിച്ചിരുന്ന ഒരു കാവ്യൻ ഒരു ശൂലമെടുത്തു് അദ്ദേഹത്തിന്റെ വശത്തുകുത്തി (കൊലപ്പെടുത്തി). മഹാരാജാവു് അദ്ദേഹത്തിന്റെ ശരീരം കാലമിനയിലേയ്ക്കുകൊണ്ടുപോകയും അവിടെ സംസ്കരിക്കയുംചെയ്തു. പിൽക്കാലത്തു് അതു് എദേസായിലേയ്ക്കു് സംവഹിക്കപ്പെടുകയും, സമ്മതനായ, ലൂക്കായുടെ പുത്രൻ കൊൺസ്റ്റന്റ് വിവരിക്കുന്നതുപോലെ, അദ്ദേഹത്തിന്റെ നാമത്തിൽ നിർമ്മിക്കപ്പെട്ട വലിയപള്ളിയിൽ അതു് വയ്ക്കപ്പെടുകയും ചെയ്തു.'' ബർഎബ്രായയുടെ ഈ രേഖ, ആധുനികവും പൌരാണികവുമായതിന്റെ സംഗമസ്ഥാനത്തുള്ള ഒരു അമൂല്യപ്രമാണമായി ഗണിക്കണമെന്നു് ഫാ. ഹോസ്റ്റനു് അഭിപ്രായമുണ്ടു്. തോ. ശ്ലീ. പ്രസംഗിക്കുവാൻ കയറിച്ചെന്നതായി പറയുന്ന മലയും, അങ്ങനെ ചെന്നപ്പോഴേ കൊല്ലപ്പെട്ട ഇടം എന്നുപറയുന്ന മലയും ചിന്നമല ആയിരിക്കണം. എന്നു് ഫാ. ഹോസ്റ്റൻ കരുതുന്നു. പോർത്തുഗീസുകാർ എഴുതിയിരിക്കുന്ന വിവരങ്ങളും, പഴയ സംഭവങ്ങളും സംബന്ധിച്ചു് നസ്രാണികളും വിശ്വസിച്ചിരുന്ന കാര്യങ്ങളും പകർത്തിയെടുത്തവയാണു്. ''തോ. ശ്ലീഹായുടെ പ്രവൃത്തിക'' ളിൽനിന്നു് ഭിന്നമായ ചിത്രീകരണമാണതെന്നും കാണാവുന്നതാണു്. ബർഎബ്രായയും, 'മസ്ദായി,' 'ഉസാനെസ്' തുടങ്ങിയവരെ അറിയുന്നില്ല. കാലമിനയിൽ അടക്കിയെന്നു് ബർഎബ്രായ പറയുമ്പോഴും, അദ്ദേഹത്തിന്റെ സമകാലീനനായ മാർശ്ലീഹോൻ, മഹലൂഫിൽ അടക്കിയെന്ന പറയുന്നുമുണ്ടു്. മലയാളത്തെ റമ്പാൻപാട്ടും ഇങ്ങനെയൊക്കെതന്നെ: ചോഴപ്പെരുമാളും അനുജനും മൈലാപ്പൂരിൽ വസിക്കുന്നു;—— തോ. ശ്ലീ. അവർക്കുവേണ്ടി സ്വർഗ്ഗത്തിൽ കൊട്ടാരംപണിയുന്നു, മാമ്മോദീസാമുക്കുന്നു.., അനുജനെ മെത്രാനായി വാഴിക്കുന്നു, കാളിക്ഷേത്രത്തിലെ പൂജാരികളിലൊരുവൻ വലിയശൂലം ശ്ലീഹായുടെ മാറിൽതറച്ചിട്ടു് ഓടിഒളിയ്ക്കുന്നു. തോ. ശ്ലീ. കടൽതീരത്തുള്ള കാട്ടിലെ കല്ലിൽ വീണു പ്രാർത്ഥിക്കുന്നു. ദൂതന്മാർ പൌലോസ് മെത്രാനെ അറിയിക്കുന്നു. മെത്രാനും പെരുമാളും പരിവാരവും ധൃതിയിൽ കാളിക്കാവിനടുത്തുള്ള പാറയിലേക്കുവരുന്നു, മുറിവിൽനിന്നു് ശൂലം ഊരുന്നു, ശ്ലീഹാമരണമടയുന്നു; സംസ്കാരം നടക്കുന്നു, വാദ്യതാരുടെ സംഗീതാലാപം കേൾക്കുന്നു .

തോമ്മാപവ്വത്തിലെ സംഗതമായ ഏതാനും വരികൾ കാണുക:

പല പല രാജ്യങ്ങളിലും തന്നുടെ
അരുമമാർഗ്ഗത്തിന്നറിയിപ്പാൽ
പല ജാതികളെ മിശിഹാപക്കൽ
ചേർത്തൊരുശ്ലീഹാ മാർത്തോമ്മാ,
എഴുപത്തുരണ്ടാം കർക്കടകത്തിൽ
മൂന്നാംദിവസം പുലർകാലേ
വഴിയാത്രയ്ക്കായ് താൻ ചേരുന്നിതു
മൈലാപ്പൂരിൽ ചിന്നമലയ്ക്കു
കാളിക്കാവിൽ പൂജക്കായ് ചെ
ന്നെന്ത്രാന്മാരും എതിർപെട്ട.
മൂളിക്കൊണ്ടവർ വൈരംതീർപ്പാൻ
തന്നെ വളഞ്ഞിടചൊല്ലുന്നു.

കാവിൽവണങ്ങാത്താളകളാരും
ഉന്നീവഴിയേപൊയ്ക്കൊടാ.

o o o o

വണക്കംചെയ്താൽ കാവിന്നഴിയും
തീയാലെന്നായ് മാത്തോമ്മാ
നിന്ദനിറഞ്ഞൊരുവചനത്തിൻനേർ
കാണണമെന്നായെന്മ്രാന്മാർ
വന്ദനവലിയൊരു കാളിക്കാവിൽ
റുശ്ശാചെയ്തിതു മാത്തോമ്മാ
പേനായേപ്പോൽ കാളിയുമോടി
കാവും വെന്തിതുതീയാലേ
പേനാസ്സുംപോൽ മദവൈറിയോടെ
എന്മ്രാന്മാരായവരെല്ലാം
പല നിഷ്ഠൂരതകളോരോന്നെല്ലാം
മാത്തോമ്മായോടവർചെയ്തു.
വലിയൊരുശ്ശൂലമെടുത്തൊരു ക്രൂരൻ
ബലമായ് നെഞ്ചിൽ ശ്ലീഹായെ
കുത്തിക്കൊണ്ടവരോടിയൊളിച്ചു
എന്മ്രാന്മാരായവരെല്ലാം
മാത്തോമ്മാകടലോരക്കാട്ടിൽ
കല്ലിൽവീണ പ്രാർത്ഥിച്ചു.

o o o o

മൂന്നരനാഴികപകലാംവരെയും
പലവകവേണ്ടംവിധമെല്ലാം
മന്നവനോടുകല്പിച്ചയ്യോ
കാലംചെയ്തിതു മാത്തോമ്മാ.

o o o o

മഹിമപെരുത്തൊരുതൻദേഹത്തെ
പള്ളിയകത്തവർ സ്ഥാപിച്ചു.

o o o o

ഇരുമേല്പട്ടക്കാരും അവരുടെ
പട്ടക്കാരും കൂട്ടവുമായ്
ഒരുമിച്ചോരോജപധ്യാനാദികളും
ഓരോവിധമാംപൂജകളും
ഒരുപത്തുദിവസംവരെയുംനിഷ്ഠകളും
മുറിയാതായോർചെയ്യുമ്പോഴും
പെരിയൊരുപ്രത്യക്ഷംതാനപ്പോഴും
അവരിൽ ചെയ്തിതുമാത്തോമ്മാ.

o o o o

എന്നുടെമരണംഓർക്കുംമർത്യം—
ക്കെന്നാൽനന്മകളുണ്ടാകും
എന്നുടെകവറിൽവന്ദനചെയ്വോ
ർക്കില്ലാനന്മകരംഞാൻചെയ്യും.

o o o o

ഇതു സംബന്ധിച്ച് ഹിന്ദുക്കളെഇടയിലുള്ള പുരാവൃത്തം (A Hindu version of the story) ഡോ. പി. ജെ. തോമസ് നൽകിയിരിക്കുന്നതു് ''ഇന്ത്യൻ ചരിത്രരേഖാകമ്മീഷൻ മീറ്റിംഗ്സ് നടപടികളും വാല്യം VI (1924)—''ൽലഭിക്കുന്നതാണു്.

തോ. ശ്ലീ, ദിവ്യശക്തിയുള്ള ആളെന്നു് മഹാരാജാവു് കണ്ടു് കുമാരന്റെ വിദ്യാഭ്യാസം അദ്ദേഹത്തെ ഏല്പിച്ചു. രാജഭൃത്യർ ഇതുകണ്ടു് പരിഭ്രമിലായി. വിദ്യപ്രയോഗിച്ചു പറഞ്ഞയയ്ക്കാൻ നോക്കിയിട്ടു സാധിച്ചില്ല. രാജകുമാരനെ അവർതന്നെ കൊലപ്പെടുത്തിയിട്ടു് കുറ്റം തോ. ശ്ലീ.യിൽ ആരോപിച്ചു. അത്ഭുതം ചെയ്തു് കുട്ടിയെ ജീവിപ്പിച്ചു, കുറ്റക്കാരെന്നു തെളിഞ്ഞ കിങ്കരന്മാരെ വധിപ്പിച്ചശേഷം രാജാവുതന്നെ മാമ്മോദീസാ സ്വീകരിച്ചു.. എതുവിധമെങ്കിലും തോ. ശ്ലീ. യെ നശിപ്പിക്കണമെന്നു ശപഥംചെയ്തു് രാജഭൃത്യർ അവസരം പാർത്തിരുന്നു. മഹാരാജാവു് സ്ഥലത്തില്ലാതിരുന്ന ഒരവസരത്തിൽ അവർ തോമ്മായെ അടിച്ചവശനാക്കി. പ്രാണരക്ഷാർത്ഥം മലയിലേക്കദ്ദേഹം ഓടി. അന്നു കാല പതിനെഞ്ചതിന്റെ അടയാളമാണു് ഇപ്പോഴും പാറയിൽ കാണുന്നതു്. മഹാരാജാവു് തോമ്മാശ്ലീഹായെ അന്വഷിച്ചു് കണ്ടുപിടിച്ചു് കോട്ടയിലേയ്ക്കു കൊണ്ടുപോന്നു. ഒരിക്കൽ പ്രാർത്ഥനാനിരതനായിരിക്കുവെ ശത്രുഭാവത്തിൽ കഴിഞ്ഞവരുടെ ഒരു വലിയ സംഘ്യ തോമ്മാശ്ലീഹായെ പിടിക്കാനായി സമീപിച്ചു. പിൻവാതിലിൽകൂടെ ഓടി, തിരുമലയിലാശ്ലേ പടിഞ്ഞാറുഭാഗത്തു് പണിചെയ്തിരുന്ന പള്ളിയിൽപോയി ഒളിച്ചു. വൃദ്ധനായിരുന്നതുകൊണ്ടും ക്ഷീണംകൊണ്ടും അവിടെ ചെന്നെത്തിയപ്പോഴേയ്ക്കും വീണുപോയി. ശത്രുക്കൾ സമീപിക്കുന്നതു മനസ്സിലാക്കി വടക്കുഭാഗം നോക്കി ഓടി. കടലോടടുത്തു് വൃക്ഷനിബിഡമായ ഒരു കാട്ടിൽ എത്തിയെങ്കിലും അവശതയാലും പട്ടിണിയാലും അവിടെകിടന്നു മരിച്ചു. ചരിത്രവസ്തുതസമ്മതിക്കയും തങ്ങളുടെ കുറ്റഭാരം ഒഴിവാക്കയും ചെയ്യാനാണു് ഈവിധം കഥ വ്യത്യാസമാക്കിയിരിക്കുന്നതെന്നു് ആക്ഷം മനസ്സിലാക്കാം.

രണ്ടാം ശതകത്തിലെഴുതിയ തോമ്മാശ്ലീഹാ പ്രവൃത്തികളം എന്ന പുസ്തകത്തിലെ വിവരണത്തിലും മൈലാപ്പൂർ ക്ഷേത്രനാശവും ശ്ലൂലപാതവും മറ്റും വിവരിക്കുന്നുണ്ടു്.

മൈലാപ്പൂരിനെപ്പറ്റി അന്യനാട്ടുകാർ പറഞ്ഞിട്ടുള്ളവകളുടെ കേന്ദ്രീകരണം. ''1498 ൽ പോർത്തുഗീസുകാർ ഇന്ത്യയിലെത്തിയപ്പോഴും തോമ്മാശ്ലീഹാ മൈലാപ്പൂരിൽ രക്തസാക്ഷിത്വമനുഭവിച്ച എന്ന കാര്യത്തിൽ, അവിടത്തെ ക്രിസ്ത്യാനികളെല്ലാം ഏകാഭിപ്രായമായിരുന്നു'' എന്നു് ചരിത്രകാരനായ ബാറോസ് പറഞ്ഞിരിക്കുന്നു. 1545 ൽ ശൗര്യാർ പുണ്യവാൻ മൈലാപ്പൂർവച്ചു് എഴുതിയ കത്തിൽ, ''ദൈവത്തിന്റെ ഹിതം എന്നെ അറിയിക്കുന്നതിനായി, ശ്ലീഹായുടെ പള്ളിയിൽ ഞാൻ പ്രാർത്ഥിക്കാൻ തുടങ്ങി. , .'' എന്നു പറഞ്ഞിരിക്കുന്നതു് എത്ര ബോധ്യത്തോടെയാണെന്നോർക്കുമ്പോൾ, നിലവിലിരുന്ന വിശ്വാസവും സ്ഥലത്തെ തെളിവുകളും പൂർണ്ണമായും മൈലാപ്പൂർ പാരമ്പര്യത്തിനു് ഉറപ്പുകൊടുക്കുന്നവയായിരുന്നു. സംശയത്തിന്റെ ലാഞ്ചനപോലുമില്ലായിരുന്നു എന്നു കാണാം. മൈലാപ്പൂർ രൂപത സ്ഥാപിച്ചുകൊണ്ടു് 1606—ൽ 5—ാംപോപ്പ പറഞ്ഞതു്, ''വി. തോമ്മാ (യുടെ ശരീരം) അവിടെ വിശ്രമിക്കുന്ന എന്ന കാരണത്താൽ. . .'' എന്നാണു് 17—ാംനൂറ്റാണ്ടു മുതൽ പുറകോട്ടു നോക്കിയാൽ 4—ാംനൂറ്റാണ്ടുവരെയെത്തുന്ന സാക്ഷ്യങ്ങളം വളരെയേറെയാണു്. 1440 ൽ നിക്കോളോദികോന്തി: ''ഇൻഡസ് നദിക്കപ്പുറത്തുള്ള രണ്ടാമത്തെ ഉപ്പുകടലിൽ സ്ഥിതിചെയ്യുന്ന മലേപ്പൂർ (മൽപൂരിയ) എന്ന വിളിക്കപ്പെടുന്ന പട്ടണത്തിൽവന്നു, ഇവിടെ ഒരു വലിയ പള്ളിയിൽ വി. തോമ്മായുടെ ശരീരം ബഹുമാനപൂർവ്വം അടക്കപ്പെട്ടുകിടക്കുന്നു...''

1315—16 ൽ പൊർദേനോനിലെ ഓഡറിക്കു് കൊല്ലംപട്ടണത്തെപ്പറ്റി പറഞ്ഞശേഷം ഇങ്ങനെ എഴുതി:

''ഇവിടെനിന്നു പത്തുദിവസത്തെ യാത്രയകലമുള്ള മോബാർ എന്ന രാജ്യത്തു വാഴ്ത്തപ്പെട്ടവനായ തോമ്മാശ്ലീഹായുടെ ശരീരം അടക്കപ്പെട്ടിരിക്കുന്നു''

മൊന്തെകോർവീനോ, മരിഞ്ഞോളി, ജോർദാനൂസ്, മാക്കോപോളോ, അമർ (അറബി)—ഇവരുടെയൊക്കെ സാക്ഷ്യങ്ങളും പ്രസിദ്ധങ്ങളാണു്. ഈശോയവു് (1187—1222) ശ്ലീമോൻ എന്ന മെത്രാന്മാരുടെ സാക്ഷ്യങ്ങളും മുന്നോരിടത്തു് ചേത്തിട്ടുണ്ടല്ലോ. സുലൈമാൻ എന്ന അറബി (മഹമ്മദൻ) വ്യാപാരി 841 ലെ ക്രോണിക്കിളിൽ ഇന്ത്യയേയും ചീനയേയുംപ്പറ്റി വിവരണം നൽകുന്നുണ്ടു്. കൊല്ലത്തുനിന്നു പത്തുദിവസംകൊണ്ടു് കപ്പൽ ബെത്തുമായിൽ എത്തുമെന്ന പ്രസ്താവിച്ചിരിക്കുന്നു. ബെത്തുമാ എന്ന പദപ്രയോഗം വളരെ ഈടുള്ളതാകുന്നു; ഒരുതരത്തിലും തെറ്റുപറ്റാൻ സാദ്ധ്യതയില്ലാത്തതുമാണു്.

Anglo saxon Chronicle വിശ്വസനീയമായ ഒരു രേഖ ആയിരിക്കുകൊണ്ടു് തോമ്മാശ്ലീഹായുടെ കവറിടത്തിൽ ഇംഗ്ലീഷ് രാജാവായ ആൽഫ്രഡ് നേർച്ചക്കാഴ്ചകൾ കൊടുത്തയച്ചതു് ചോദ്യംചെയ്യപ്പെടാൻ വഹിയാത്തവിധം തീർച്ചയുള്ളതായിരിക്കുന്നു. ട്യൂർസിലെ വി. ഗ്രിഗരി (538—74) തോമ്മാശ്ലീഹാ ഇന്ത്യയിൽ രക്തസാക്ഷി മരണംപ്രാപിച്ചതും അവിടെ അടക്കപ്പെട്ടതും പിന്നീടു് എഡേസ്സായിലേക്കു വിശുദ്ധാവശിഷ്ടം കൊണ്ടുപോയതുമെല്ലാം വിവരിച്ചശേഷം, ',അവ (വിശുദ്ധാവശിഷ്ടങ്ങൾ) ആദ്യം ഇരുന്ന ഇടമായ ഇന്ത്യയിൽ ഒരാശ്രമവും വലിപ്പമേറിയ ഒരു പള്ളിയുമുണ്ടു്...ഇക്കാര്യം. സ്ഥലത്തുപോയിവന്ന തിയഭോർ നമ്മോടു് വിവരിച്ചു പറഞ്ഞിട്ടുള്ളതാണു്'' എന്നു രേഖപ്പെടുത്തിയിരിക്കുന്നു. വി. ക്രിസോസ്റ്റോം (347-407) വി. തോമ്മായുടെ കവറിടം സ്ഥിതിചെയ്യുന്ന സ്ഥലം, വി. പത്രോസിന്റെയും പൗലോസിന്റെയും യോഹന്നാന്റെയുംപോലെതന്നെ അറിയപ്പെട്ടിരിക്കുന്നു'' തോമ്മാശ്ലീഹാ സിറിയരുടെയും പാർത്തിയരുടെയും ഇന്ത്യാക്കാരുടെയും ഇടയിൽ ബലിപീഠങ്ങളും പണ്ടു എന്നു പറഞ്ഞശേഷമാണു് മേൽപ്രകാരം പ്രസ്താവിച്ചിരിക്കുന്നതു്. വി. ജെറോം (340—420) '' ഈശോമിശിഹാ ഉത്ഥാനശേഷം എല്ലായിടത്തും, തോമ്മായോടുകൂടെ ഇന്ത്യയിലും, പത്രോസിനോടുകൂടെ റോമായിലും, പൗലോസിനോടുകൂടെഇല്ലിരിക്കുന്നു, തെത്തോസിനോടുകൂടെ ക്രീറ്റിലും, അന്ത്രയോസിനോടുകൂടെ ആകായിലും വസിക്കുന്നു'' എന്നു പറഞ്ഞിട്ടുള്ളതിന്റെ അർത്ഥവും മറ്റൊന്നുമല്ല. 373 ൽ മരിച്ച വി. അപ്രേം ''കൃസ്തുവിശ്വാസികളായ ആളുകളുള്ള ഇന്ത്യയെ തോമ്മാശ്ലീഹാ ശ്രുതികരിച്ചിരിക്കുന്നു, പ്രകാശത്തിന്റെ കുരിശു്, ഇന്ത്യയുടെമേലുണ്ടായിരുന്ന ഇരുണ്ടനിഴലുകളെ മായിച്ചുകളഞ്ഞിരിക്കുന്നു.'' എന്നു പ്രസ്താവിച്ചശേഷം ഇന്ത്യയിൽനിന്നു് ഉറഹായിലേക്കു ശരീരംകൊണ്ടുപോയ കാര്യം പറയുന്നുണ്ടു്.

മൈലാപ്പൂരിൽ ഒരാശ്രമമുണ്ടായിരുന്നു എന്നു് സംശയരഹിതമായി എല്ലാവരും സമ്മതിക്കുന്നുണ്ടു്. ഇതിൽനിന്നാണു് മദ്രാസ്ത്തു് എന്നും പിന്നീടു് മദ്രാസു് എന്നും സ്ഥലനാമമുണ്ടായതെന്നു കാണാം. ഈ ആശ്രമത്തിനു് എത്രപഴക്കമുണ്ടു് എന്നു നിശ്ചയിക്കുക അസാദ്ധ്യം. തോമ്മാശ്ലീഹായുടെ കവറിങ്കൽ കാവൽ എന്ന നിലയിൽ കവറിനോളം പഴക്കം എന്നാണു് പൊതുധാരണ. ഈ ആശ്രമത്തെപ്പറ്റി Bedjan പ്രസിദ്ധപ്പെടുത്തിയ രക്തസാക്ഷിചരിത്രത്തിൽ നമുക്കു് ഒരു തെളിവു് ലഭിക്കുന്നുണ്ടു്. ഇന്ത്യാ രാജ്യത്തുള്ള മാർത്തോമ്മായുടെ ആശ്രമപ്രധാനിയും, ഏകാന്തസന്യാസിയും വൈദികനുമായ സാദോ എഴുതിയ ''വനവാസി യൗനാന്റെ ജീവചരിത്രം'' 4—ാം നൂറ്റാണ്ടിൽ (390 എ ഡി) എഴുതിയതാണെന്നു കരുതപ്പെടുന്നു. ഗ്രീക്കുവർഷം 674 (എ ഡി 363) നീസാൻ (മാസം) 21—ംനു് മരിച്ച ഔഗേൻ ചരിത്രവിഷയമായ യൗനാൻ, ചരിത്രമെഴുതിയ സാദോ—ഇവർ മൂവരും എന്നു് ജീവിച്ചിരുന്നു? സാദോ—സാധുവാണോ? (ഹെന്തോ ഹിന്ദു) ''പേഷ്യാസാമ്രാജ്യത്തിലെ ക്രൈസ്തവസമൂഹം'' എന്ന ഗ്രന്ഥകൃതിയിൽ തൽക്കത്താവായ Labourt എ ഡി. 363 ൽ ഇന്ത്യയിലുണ്ടായിരുന്ന മാർത്തോമ്മാശ്രമത്തെപ്പറ്റി പറയുന്നുണ്ടു്, തോമ്മാശ്ലീഹായോടുബന്ധപ്പെട്ട ആശ്രമമുണ്ടായിരുന്നതു് മൈലാപ്പൂരാണു്. 4—ാംനൂറ്റാണ്ടിൽ ആശ്രമമായി നിന്നിരുന്നെങ്കിൽ —അതുമുതൽ വളർന്നിരുന്നെങ്കിൽ—ആരംഭം അതിനു വളരെ നേരത്തെ ആയിരിക്കും. തോമ്മാശ്ലീഹായുടെ കവറിടത്തിൽ കാവൽ ഉണ്ടായിരുന്നതു് ആശ്രമമായി രൂപംപ്രാപിക്കുക സ്വാഭാവികമാണു്. ഈ ആശ്രമത്തിൽ ധാരാളം പേഷ്യൻസന്യാസികളും ഉണ്ടായതും, പശ്ചിമതീരത്തു് പേഷ്യൻ കുടിയേറ്റം നടന്നതും, പേഷ്യൻ മെത്രാൻ ഇന്ത്യയെ പ്രതിനിധീകരിച്ചതും, എല്ലാം ഏകദേശം ഒരേകാലത്തായതു് അർത്ഥവത്താണു്—342—43 ൽ പേഷ്യയിൽനടന്ന വേദഞെരുക്കമായിരുന്നിരിക്കണം കാരണം.

വി. പത്രോസിന്റെ ശവകുടീരം റോമായിലാണെന്നു് കത്തോലിക്കർ കരുതുന്നതു് വെറും അന്ധവിശ്വാസമാണു് എന്നു് അകത്തോലിക്കർ ആക്ഷേപിച്ചിരുന്നു. വിശ്വസനീയമാണു് എന്നു പറയുവാൻ മാത്രമേ പണ്ടാക്കെ കത്തോലിക്കർക്കു കഴിഞ്ഞുള്ളൂ. ആക്കിയോളജി ഡിപ്പാർട്ടുമെന്റു് സ്ഥലം കുഴിച്ചു് പരിശോധനനടത്തി വസ്തുതകളും പ്രസിദ്ധപ്പെടുത്തിയപ്പോഴും എതിരാളികളും നിശ്ശബ്ദരായിത്തീർന്നു. മൈലാപ്പൂരിനെപ്പറ്റി മാർത്തോമ്മാ ക്രിസ്ത്യാനികളുടെ നിലപാടും ഇതുപോലൊന്നാണെന്നു് ഇന്നു് പൊതുവെ സമ്മതമായിട്ടുണ്ടു്.

പല പേരുകളും

മൈലാപ്പൂർ	സാധാരണ
മെയ്ലാപ്പൂർ മലേപ്പൂർ മയിലാപൂർ	ബർബറോസ
മെലിയാപോർ	ഡിബാറോസു്
മയിലാപുരി മയിലാപുരം മദ്രാശ്ത്തു്	പെരുളീനോസു്
മലിഫട്ടം മണിഫട്ടൻ ബെത്തുമ	റഷിബുദ്ദീൻ അബുഹംഫെദ സുലൈമാൻ
കാലമിന or കല മീന, ഖലിമാ, ബർത്തുലുമ്മാ	പാശ്ചാത്യർ: യവനർ, സിറിയർ, ബർഎബ്രായ, യൂറോപ്യർ etc.
ചിന്നമല ബെത്തോമ്മാ മൈലാപ്പൂർ	നസ്രാണികളും

Quantraya, Lapis, Maliarpha—അപൂർവ്വം

പാശ്ചാത്യരധികമായി ഉപയോഗിച്ചിട്ടുള്ള കലമിന ഒരു വലിയ പ്രതിബന്ധമായി പലരും കരുതിയിരുന്നു. എന്നാൽ കലമിന എന്നു പറഞ്ഞുകൊണ്ടു തീർത്ഥകർ വന്നിരുന്നതു് മൈലാപ്പൂരിലേയ്ക്കാണെന്നതുകൊണ്ടതന്നെ മൈലാപ്പൂരിനു പറഞ്ഞിരുന്ന ഒരു പേരുമാത്രമാണു് കലമിന എന്നു തെളിയുന്നു. മദ്രാസിനു വടക്കു് കടൽതീരത്തുള്ള കരുമണൽഗ്രാമം കലമിന ആയി പോയതാകാം, ഗൽമോന (ചെറിയകുന്നു്) കല്മീന ആയി തീർന്നതാകാം; ചിന്നമല, കിനമലയെന്നും, കലിമിനയെന്നും രൂപഭേദം പ്രാപിച്ചതാകാം; കല്പിന്മേൽ, കല്പിൻമീതെ എന്നതു് കൽമീതെ, കലമിനേ എന്നായതാകാം; എന്നെല്ലാം വ്യാഖ്യാനങ്ങളുണ്ടായിട്ടുണ്ടു്. കൊല്ലത്തുനിന്നു് ആറുദിവസമപ്പുറത്തു് ലാപിസു് (കല്ലു്) എന്നപേരായ ഒരു പട്ടണമുണ്ടു്. കടലിലെ മാത്തോമ്മാ അതിനു സമീപമാണു്'' എന്നു് ഫ്ളെമിഷ്നാവികൻ (1502–503) എഴുതിയിട്ടുണ്ടു്. 'കല്പിനും' 'കൽമീതെ'യ്ക്കും മൈലാപ്പൂരുമായി അഭേദ്യബന്ധമുണ്ടു്. ഇതൊന്നമല്ല, കാളി+മന (Kali+Mana–Kalamina)കാലമിനയും കലമീനയുമൊക്കെ ആയി തീർന്നതാണെന്നാണു് എം എസു് രാമസ്വാമിഅയ്യരുടെ അഭിപ്രായം, കാലമീനയോടൊപ്പം Quantraye എന്നു് കാണുന്നതിൽ നിന്നു് (എത്തിയോപ്യൻ text) കൂവംതുരുത്തെന്നയാണു്കാളിമനയും, അതുതന്നെയാണു് മൈലാപ്പൂരിലെ തുരുമുഖമെന്നുമാണു് വ്യാഖ്യാനം. അതല്ല കാലമീൻ എന്നൊരു മത്സ്യത്തിൽനിന്നാണു് കാലമിന വന്നതെന്നു പറയുന്നവരുമുണ്ടു്. മൈലാപ്പൂരിലെ ബിഷപ്പു് ടിക്കീറാ പറഞ്ഞിട്ടുള്ളതു് മദ്രാസിനടുത്തു് ''കാലാ'' എന്നൊരു തെരുവുണ്ടെന്നും അവിടെ ഒരു പ്രത്യേക സമുദായക്കാർമത്സ്യവില്പന നടത്തുന്നുണ്ടെന്നുമാണു്. 1652–ൽ അയിത്താലാഹാ (അഹത്തുള്ള) മൈലാപ്പൂരിൽനിന്നു് മാത്തോമ്മാ ക്രിസ്ത്യാനികൾക്കെഴുതി അയച്ചതു്, ''എന്നെ കാലമിനയിൽ തടഞ്ഞുവച്ചിരിക്കുന്നു'' എന്നാണെന്നോർക്കുമ്പോൾ പ്രശ്നമെല്ലാം തീരുന്നു. മൈലാപ്പൂരിനോ, അവിടത്തെ ഒരു പ്രത്യേക സ്ഥലത്തിനോ ഉണ്ടായിരുന്ന പേരാണു് കലമിന. ഇതിനെ ബലപ്പെടുത്തുന്ന ഒരു യൂറോപ്യൻ രേഖ പൗളീനോസു് ഉദ്ധരിക്കുന്നുണ്ടു്. ''There was at other times (in India) a town called Calamina (which has been destroyed in the war between the French and the Protuguese) in which the Christians of Malabar Coast say that St: Thomas was martyred by the tnfidels. This town was built on the ruins of another called Batuma i. e. the town of St: Thomas'' (Viaggio all interno del Mondo: letter 12, Page 126:- Published in Venice 1762.)

ഇന്നത്തെ മൈലാപ്പൂർ

1729–ൽ മൈലാപ്പൂർ ബിഷപ്പു് ഡോ. ജോസഫ് പിർഹീരോ വരാപ്പുഴ ബിഷപ്പിനു് ഇങ്ങനെ എഴുതുകയുണ്ടായി.

''വി. തോമ്മായുടേതെന്നു് ചൂണ്ടിക്കാണിക്കപ്പെട്ടന്ന കവറിടം 1729 ഏപ്രിൽ മാസത്തിൽ തുറക്കുകയുണ്ടായി. ചാപ്പലിനുള്ളിൽ കിഴക്കുഭാഗത്തെ മുകൾവശമാണു് തുറന്നതു്. അവിടെ നേരത്തെ ഒരു ബലിപീഠമുണ്ടായിരുന്നു. കുഴിച്ചെടുത്ത കല്ലിൽ വിശുദ്ധ തോമ്മായുടെ ചിത്രം ഞങ്ങളും കണ്ടു. പാദം വരെയെത്തുന്ന മേലങ്കിധരിച്ചും ഇടതുകയ്യിൽ മാവ്വോട്ടുചേർത്തു് പുസ്തകംപിടിച്ചും വലതുകരംകൊണ്ടു് ആശീർവ്വാദം നൽകുന്ന വിധത്തിലുമാണു് ആ കല്ലിലെ ചിത്രം. മണ്ണു് ആറടി കുഴിച്ചപ്പോഴും നാലിഞ്ചുഘനത്തിൽ കുമ്മായവും കൽകഷണങ്ങളും ചേർത്തു് കട്ടികൂടിയ ഒരു കൂട്ടു് കാണാറായി. അടുത്തതായി മുന്നടി ചതുരത്തിലൊരു കൽപ്പലക. അതും കഴിഞ്ഞു് മണൽ. അതിനടിയിൽ കുമ്മായംകൊണ്ടു് പിടിപ്പിച്ചിരുന്ന ഇഷ്ടികകളും. അവ മാറിയപ്പോഴും നിഷ്പ്രയാസം മാറാവുന്ന മണ്ണു്, ഒരാളെ അടക്കുവാൻ ആവശ്യമായിരുന്നിടത്തോളംമാത്രം, ഒട്ടും കൂടുതലുമില്ല. 29–ാംനു- ആയ അന്നു് സജീവമായ ശക്തിയുള്ള പ്രേതദൃശ്യമായി. ഇക്കാര്യം ഏഴു് ദൃക്സാക്ഷികളും സത്യംചെയ്തു് സാക്ഷിപ്പെടുത്തുകയും ചെയ്തു. ഈ സ്ഥലം വി. തോമ്മായുടെ ശരിയായ കവറിടമോ എന്നു് സമർത്ഥിക്കാൻ ഞാൻ മുതിരുന്നില്ല. അതുകൊണ്ടു് (റോമിലെ) റീത്തുകളുടെ കാര്യാലയത്തിലേയ്ക്കു് ഞാൻ ഇക്കാര്യം സമർപ്പിച്ചിരിക്കുന്നു.''

1517–ൽ പറങ്കികളും മൈലാപ്പൂരെത്തിയപ്പോഴും മനോഹരങ്ങളായ പണിത്തരങ്ങളും കണ്ടാശ്ചര്യപ്പെട്ടുപോയി. മണ്ഡപങ്ങളും, ഗോപുരങ്ങളും, താഴികക്കുടങ്ങളും, തൂണുകളും, ഇലകളും വള്ളികളും ജീവികളുമെല്ലാമായി തീർത്തിരിക്കുന്ന കൊത്തുപണികളും ആദിയായി പുരാതന പള്ളിയുടെ വിശാലപുരയിടത്തിൽ ചിതറിക്കിടന്നിരുന്നതിൽ ഒട്ടേറെ നഷ്ടപ്പെട്ടിരിക്കണം. അവിടെയുണ്ടായിരുന്ന വലിയപള്ളിയും ആശ്രമവും കണ്ടിട്ടുള്ളതായി തീർത്ഥകർ രേഖപ്പെടുത്തിയിട്ടുണ്ടു്. ഇന്നു് മൈലാപ്പൂരിൽ ചെല്ലുന്ന ഒരാൾക്കു് സന്ദർശിക്കുവാനുള്ളസ്ഥലങ്ങളും 1) കത്തീഡ്രൽ പള്ളിയും പരിസരങ്ങളും പ്രത്യേകിച്ചു് പള്ളിക്കുള്ളിലുള്ള കവറിടം; 2) ബിഷപ്സു് മ്യൂസിയം(പൂർവ്വാവശിഷ്ടങ്ങളായിട്ടു് കിട്ടിയതെല്ലാം ഇവിടെയാണു് സൂക്ഷിച്ചുപോരുന്നതു്); 3) ചിന്നമലയും (Little Mount)അവിടെയുള്ള പള്ളിയകത്തെ ഗുഹ, പാറപ്പുറത്തെ ഓലി, പാറയിൽ പതിഞ്ഞിരിക്കുന്ന പാദമുദ്ര; 4) പെരിയമല അഥവാ തോമസു് മൗണ്ടു്. മുകളിലെ പള്ളിയിൽ സ്ഥാപിച്ചിരിക്കുന്ന കല്പിന്മേലുള്ള കുരിശിന്റെ ചിത്രവും, മാതാവിന്റെ വർണ്ണചിത്രവുമാണു് പ്രാധാന്യമർഹിക്കുന്നവയായി അവിടെയുള്ളതു്. 1521–23 ൽ ഈ മലയിൽ പോർച്ചുഗീസുകാർ ഒരു ചെറിയപള്ളി പണുതിരുന്നു. 1547–ൽ അതു പൊളിച്ചു് വലുതാക്കിയപ്പോഴും പഴയ അടിത്തറയുടെ അടിയിൽനിന്നു ലഭിച്ചതാണു് ഈ കൽക്കുരിശു്. ഈ കൽക്കുരിശു് ഒന്നിലധികം പ്രാവശ്യം രക്തം വിയർത്തതായി ദൃക്സാക്ഷികളും പറയുന്നു. 1561 ഡിസം. 18–ാം തീയതി നടന്ന രക്തവിയർപ്പിന്റെ സ്മാരകമായിട്ടാണു് ഇപ്പോഴുള്ള സിസമ്പർ 18-ലെതിരുനാളും നിശ്ചയിച്ചതു്. 1547–ൽ വാനം മാന്തിയപ്പോഴും ഈ കല്ലു് എഴുത്തുവശം അടിയിലായി മണ്ണിൽ കിടക്കുന്നതായാണു് കണ്ടതു്. വെറും കല്ലെന്നുമാത്രമെ കണ്ടവർ കരുതിയുള്ളു. യാദൃഛികമായി മറിച്ചപ്പോളാണു് കുരിശും എഴുത്തുമെല്ലാം കണ്ടതു്. രക്തരേഖയും അതിലുണ്ടായിരുന്നെന്നാണു് സാക്ഷ്യം. മാർ തോമ്മാശ്ലീഹാ ഈ കല്ലിൽ രക്തം പൊരിഞ്ഞു് വീണുമരിച്ചു എന്നാണു് ബലമായ ഊഹം. എന്നാൽ കേരളത്തിൽ കാണുന്ന കുരിശുകളോടു് സാമ്യം ഉള്ളതു




മാതാവിന്റെ വണ്ണചിത്രം.

കൊണ്ടും, മുട്ടുചിറ കുരിശ് അഞ്ഞാറയുടെ അടിയിൽ നിന്നു കണ്ടെടുത്തതുകൊണ്ടും, മേൽപറഞ്ഞ കുരിശ്, അവിടെയുണ്ടായിരുന്ന ആശ്രമത്തിനിട്ടിരുന്ന അടിസ്ഥാനക്കല്ലായിരുന്നു എന്നു കരുതിയാൽ അസംഗതമാകുമോ? വെള്ളംകിട്ടാത്ത കുന്നിന്റെ മുകളിൽ ആശ്രമം പണിതതു് എന്തുകൊണ്ടു് എന്നു ചോദ്യമുദിക്കാം. തോമ്മാശ്ലീഹാ അവിടെ മരിച്ചതുകൊണ്ടല്ലേ? ചിന്നമലയിൽ മരിച്ചു എന്നു് നസ്രാണികൾ ഉറപ്പിച്ചുപറയുമ്പോൾ ടി ഊഹത്തിനു സ്ഥാനമുണ്ടോ? അതേസമയം കൽക്കുരിശു ചോരവിയർത്തതിന്റെ അർത്ഥമോ സൂചനയോ എന്തായിരിക്കാം? മാതാവിന്റെ ചിത്രത്തെപ്പറ്റിയും ഐതിഹ്യങ്ങളുണ്ടു്. മണ്ണിനടിയിൽ കിടന്നുകിട്ടി എന്നും, അതു് തോമ്മാശ്ലീഹായുടെ കൈവശമിരുന്നതാണെന്നും ഒക്കെ പുരാവൃത്തമായി പറയാറുണ്ടു്. എന്നാൽ അമ്മേനിയർ വല്ല വരും വരപ്പിച്ചു് സംഭാവന ചെയ്ത എന്നുവരാൻ പാടില്ലായ്കയില്ലെന്നും, ഇതിന്റെ പ്രതി ഗ്രഡ്ഹോപ്പിലോ മറോ ഉണ്ടെന്നും പറയപ്പെടുന്നു. ഏതായാലും അതും ഒരു അപൂർവ്വ നിധിതന്നെ എന്നതിൽ സംശയമില്ല. പെരിയാലയിലേയ്ക്കു് കയറുവാൻ പണ്ടിനാലെയുള്ള നടകൾക്കു പുറമെ പുതുതായിട്ടിപ്പോൾ ടാറിട്ട ഒരു റോഡ് നിർമ്മിച്ചിട്ടുണ്ടു്. ചിന്നമല തോമ്മാശ്ലീഹായുമായി അദ്ദേഹത്തിനുവിധം ബന്ധപ്പെട്ടതാണെന്നു് ആരും സമ്മതിക്കും. സംശയാതീതമായി തെളിയുന്നമുണ്ടു്. ആ പാറപ്പുറത്തു് ഉറവയുണ്ടായതു കണ്ടാൽ ആർക്കും ആശ്ചര്യംതോന്നും.

പ്രസംഗം കേൾക്കാൻ വന്നവർക്കുവേണ്ടി ന. പിതാവു് അത്ഭുതകരമായി ഉണ്ടാക്കിയതാണു് ആ ഉറവ എന്നാണു് പാരമ്പര്യം. ഹൃദയിൽ താമസിച്ചിരുന്ന വിശുദ്ധന്റെ ആവശ്യത്തിനായി ഈ ഉറവ ഉണ്ടായി എന്നും പറയുന്നു. ഈ ഐതിഹ്യം സിറിയായിൽ ഇന്നും നിലനിൽക്കുന്നു (Sewell). ചീനസഞ്ചാരിയായ ഹ്യുവൻസാങ്ങ് ഒരു ബുദ്ധപാരമ്പര്യം (വടക്കുള്ള) രേഖപ്പെടുത്തിയിട്ടുണ്ടു്. തത്ത ഗത മയിലുകളുടെ രാജാവായിരുന്നു. മോഹംകൊണ്ടു വലഞ്ഞ തന്റെ അനുയായികൾക്കായി പാറയിൽ ചുണ്ടുകൊണ്ടടിച്ചു് ജലം പുറപ്പെടുവിച്ച എന്നാണതു്. ഇതിനു് മാർ തോമ്മാശ്ലീഹാ ചെയ്ത അത്ഭുതവുമായി സാമ്യമുണ്ടു്; വല്ല ബന്ധവുമുണ്ടോ? മയിൽകോഴിയുടെ കാൽ കല്ലിൽ പതിഞ്ഞതു് കാണാനുണ്ടു് (E. A. Gordon). ആരായിരുന്നു ഈ മയിൽ?

കിഴക്കോട്ടു പോകുവാൻ ഗോവയിൽനിന്നു കപ്പൽകയറിയ രണ്ടു പോർത്തുഗീസുകാർ അമ്മേനിയൻ സഹയാത്രക്കാരിൽനിന്നും തോമ്മാശ്ലീഹായുടെ കബറിടത്തെപ്പറ്റി കേൾക്കാനിടയായി. പൂർവ്വതീരത്തു് അങ്ങനെ ഒരു വിശുദ്ധസ്ഥലമുണ്ടെന്നും അവിടെ നിരവധി അത്ഭുതങ്ങൾ നടക്കുന്നുണ്ടെന്നും, പോരുചിന്തിമരിച്ച സ്ഥലവും കബറടക്കം ചെയ്തസ്ഥലവും അതാണെന്നും മലബാർതീരത്തുള്ള ക്രിസ്ത്യാനികൾ കൂട്ടമായി വണങ്ങുന്നുണ്ടെന്നും മണ്ണെടുത്തുകൊണ്ടുപോകുന്നുണ്ടെന്നും മറ്റുമുള്ള വിവരങ്ങൾ കേട്ട അവസരത്തിൽ അവർക്കുണ്ടായ ആശ്ചര്യവും ആനന്ദവും സീമാതീതമായിരുന്നു. ഇതു് 1517-ലായിരുന്നു. അവർ പുലിക്കാട്ടു് ഇറങ്ങിയാണു് മൈലാപ്പൂരേയ്ക്കുപോയതു്. ഗോവയിൽ തിരിച്ചെത്തിയപ്പോൾ ഇക്കാര്യമെല്ലാം അവർ പ്രസിദ്ധമാക്കി. വൈസ്രോയി ഇതറിഞ്ഞപ്പോൾ ഏതാനും മിഷ്യനറിമാരെ പള്ളി പണിയാനും സ്ഥലപരിസരങ്ങൾ നോക്കി



തോമ്മാശ്ലീഹായുടെ കൽക്കുരിശു്.

സമുദായസമക്ഷം.

ഒറ്റനോട്ടത്തിൽ കത്തോലിക്കരെപ്പോലെ ഇങ്ങനെ എല്ലാവിധത്തിലും അനുഗ്രഹീതമായ ഒരു സമുദായം ഈ കേരളക്കരയിൽ വേറെ കാണുമെന്നു തോന്നുന്നില്ല. മാത്തോമ്മാശ്ലീഹായുടെ കാലം തൊട്ടുള്ള പാരമ്പര്യവും കുലീനതയും പുണ്ടിക്കാണിക്കുവാൻ മിനക്കെടാത്ത തറവാട്ടുകാർതന്നെ ഇവിടെ വിരളമാണു്. സാമ്പത്തികമായിട്ടാണെങ്കിൽ കേരളത്തിലെമറ്റേതു സമുദായത്തോടും കിടപിടിക്കത്തക്കതാണു്—എന്നല്ല അവയെ കവച്ചുവെക്കത്തക്കതാണു്—നമ്മുടെ നില. അംബരചുംബികളായ സൗധങ്ങളും—ദൈവാലയങ്ങളും, കുരിശുപള്ളികളും, മണിമാളികകളും, വൈദികമന്ദിരങ്ങളും, കോളെജുകളും, ഹൈസ്കൂളുകളും, ആശുപത്രികളും മുതലായവ—നമുക്കുള്ളിടത്തോളം ഇവിടെ മറ്റു യാതൊരു സമുദായത്തിനും കാണുകയില്ല. കാറുകളും ബസ്സുകളും മണിമന്ദിരങ്ങളും ആടയാഭരണങ്ങളും നമുക്കുള്ളിടത്തോളം വേറെ ഏതുസമുദായത്തിനാണുള്ളതു്? ഈ നാട്ടിൽ മറാരേക്കാളും കൂടുതലായി വിദ്യാലയങ്ങളും അനാഥശാലകളും ഇപ്പോഴും ആശുപത്രികളും നടത്തിപ്പോരുന്നതു നാമാണു്. നമ്മേപ്പോലെ ഇത്ര ആർഭാടമായി പെരുന്നാളുകളും വെടിക്കെട്ടുകളും സദ്യകളും മറ്റു സമുദായക്കാർ നടത്തുന്നുണ്ടോയെന്നു സംശയമാണു്. നമ്മുടെ കൂട്ടത്തിലുള്ളിടത്തോളം ദ്രസ്വത്തുടമകളും വ്യവസായികളും വ്യാപാരികളും ബിരുദധാരികളും താരതമ്യേന ഇതരസമുദായങ്ങളിൽ കാണുമോയെന്നകാര്യവും സംശയിക്കണം.

പക്ഷേ ചുഴിഞ്ഞുനോക്കുമ്പോഴും നാം അഭിമാനകരമായി പൊക്കിക്കാണിച്ച നമ്മുടെ പല നേട്ടങ്ങളും ഇന്നു കേവലം മരുമരീചികയായിരിക്കുന്നുവെന്നു ബോദ്ധ്യപ്പെടുന്നതാണു്. നോക്കുക: നാം വമ്പിച്ച ത്യാഗങ്ങൾ സഹിച്ചു വിദ്യാലയങ്ങളും കെട്ടിപ്പടുത്തു; പക്ഷേ വിദ്യാഭ്യാസ ആക്ടുകളും ചട്ടങ്ങളും വന്നതോടെ അതെല്ലാം യഥാർത്ഥത്തിൽ നമ്മുടേതല്ലാതായിതീർന്നിരിക്കുന്നു. താക്കോൽ മാത്രമാണു് ഇന്നു നമ്മുടെ കൈയിലുള്ളതു്. എപ്പോഴും വേണമെങ്കിലും അതും നഷ്ടപ്പെടാമെന്നതിനു സൂചനകളുണ്ടായിക്കഴിഞ്ഞിട്ടുണ്ടു്. ഇപ്പോഴും നാം ആവേശത്തോടെ കെട്ടിപ്പുണർന്നുകൊണ്ടിരിക്കുന്ന ആശുപത്രികളുടെ പര്യവസാനവും മറ്റൊന്നായിരിക്കുകയില്ല. അനാഥശാലകളുടെയും അഗതിമന്ദിരങ്ങളുടെയും നിയന്ത്രണം ഇന്നു നമ്മുടെ കൈയിലല്ല. നമ്മുടേതെന്നു് അഭിമാനിച്ചുപോന്നിരുന്ന കത്തോലിക്കാ വിദ്യാലയങ്ങളിൽ ആരു പഠിപ്പിക്കണമെന്നോ, എന്തു പഠിപ്പിക്കണമെന്നോ തീ

സൂക്ഷിക്കാനും മറ്റുമായി മൈലാപ്പൂർക്കയച്ചു. അധികം കഴിയുന്നതിനു മുമ്പു് പോർത്തുഗൽ രാജാവായ ജോവാഓ III കബറിടത്തിന്റെ വിശ്വാസ്യതയെപ്പറ്റി ഗവേഷണം നടത്തുവാൻ കല്പനയെഴുതി. 1523 ൽ പ്രസ്തുത കമ്മീഷൻ ഇവിടെ വന്നുചേർന്നു. എല്ലാം ജീർണ്ണാവസ്ഥയിലായിരുന്നു. കുറിക്കാട്ടുകൊണ്ടു പരിസരങ്ങളും മൂടിക്കിടന്നിരുന്നു. പൈസ്രോയി Duarte Menezes പള്ളിപണിയാൻ നിർദ്ദേശം നൽകി. അഗസ്റ്റിനിയൻ സഭക്കാർ ഒരു ആശ്രമവും തുടങ്ങി. 1606—ൽ പോപ്പു അഞ്ചാമൻ മാപ്പുപ്പായാണു് രൂപത സ്ഥാപിച്ചതു്. 1893—ൽ Bp. Raed പഴയപള്ളി പൊളിക്കയും, 1896—ൽ പുതിയ ഗോത്തിക്കു് കത്തീഡ്രൽ പണിതീർന്നു് കൂദാശ ചെയ്യപ്പെടുകയും ചെയ്തു.

ആരംഭംമുതൽ മാല്യങ്കരയിലും മൈലാപ്പൂരിലും സഭാധ്യക്ഷന്മാർ ഇടമുറിയാതെഉണ്ടായിരുന്നെന്നും, മതമർദ്ദനവും സംഹാരവും നടന്നതുനിമിത്തം പിൽക്കാലത്തു് (ഹിന്ദുമതോദ്ധാരണമായിരിക്കാം) മൈലാപ്പൂർ നിഷ്പ്രഭമാകയും മിക്കവാറും വിജനമായിത്തീരുകയും ചെയ്തു. നസ്രാണികളും (ഒളിവിലും കൂട്ടംചേർന്നല്ലാതെയും) ചിലപ്പോഴെല്ലാം വിശ്വാസികവരിടം പോയികാണാൻ മുടക്കംവരുത്തിയിരുന്നില്ല എന്നകാര്യം നമ്മുടെ സവിശേഷശ്രദ്ധയ്ക്കു വിഷയമാകേണ്ടതാണു്. ഓരോദ്രം പട്ടണത്തിനുണ്ടായ അനുഭവങ്ങളുടെ ആവർത്തനമാണോ മൈലാപ്പൂരിനുമുണ്ടായതു്? പലസ്തീനയിൽ ക്രിസ്ത്യാനികൾക്കു് ഇന്നു് എന്തു് അവശേഷിച്ചിട്ടുണ്ടു്? കുരിശുയുദ്ധകാലത്തു പണ്ടു പള്ളിയേ ഇന്നു തിരുക്കല്ലറയെ പുണ്ടിക്കാണിക്കുവാനുള്ളു. അതുകൊണ്ടു് ആ സ്ഥാനം വിശ്വസനീയമല്ലെന്നു് ആരും പറയാറില്ല. മൈലാപ്പൂരിനേയും അവിടത്തെ ബെത്തോമ്മായേയുംപറ്റി ഇതിലെത്രയേറെ ഈടുറ്റ ന്യായങ്ങളാണുള്ളതെന്നു് നാം കണ്ടുകഴിഞ്ഞു. തോമ്മാശ്ലീഹാ അല്ല, ഇന്ത്യയിലേയ്ക്കു സുവിശേഷ വിളംബരം നീട്ടിയതു് എന്നതെളിയിക്കാൻ സാധിക്കുന്നതുവരെ, വേറെ ആരെങ്കിലുമാണെന്നു് പ്രമാണസഹിതം സ്ഥാപിക്കുന്നതുവരെ, മാത്തോമ്മാക്രിസ്ത്യാനികളുടെ പാരമ്പര്യത്തെ ബഹുമാനിക്കണം. അതിനു സന്നദ്ധത പ്രദർശിപ്പിക്കാൻ മടികാണിക്കുന്നവർ സ്വയം പരിഹാസ്യരാകുകയാണു് ലോകത്തിന്റെ മുമ്പിൽ. മാത്തോമ്മാശ്ലീഹായുടെ മക്കൾ ഇന്ത്യയിൽ ഉണ്ടായിരിക്കുന്നിടത്തോളം കാലം തങ്ങളുടെ പ്രിയപ്പെട്ട പിതാവു് ചോരചിന്തിവീണ സ്ഥലം കാണിച്ചുകൊടുക്കുവാൻ ആളുണ്ടായിരിക്കും. ചിന്നമല ലോകത്തിലെ മുഖ്യതീർത്ഥകേന്ദ്രങ്ങളിലൊന്നായി എന്നും നിന്നുപോരുന്നു. നസ്രാണികൾ തീരുക്കവറിടത്തിൽ പോകുന്നതു്—മൈലാപ്പൂർക്കു പോകുന്നതു്— തങ്ങളുടെ പ്രിയപ്പെട്ടപിതാവിനെ കാണുവാനാണു്. അപ്പനെ അടക്കിയ ഇടമാണതു്: തോമ്മായിടം, ബെത്തോമാ.

St. Thomas tradition is not a creation of fancy — — the enistence of coordinate factf points to the definite canclusion that the Apostle did come — — ലഭ്യമായ തെളിവുകൾ മനസ്സിലാക്കാത്തതുകൊണ്ടുമാത്രമല്ല, മുൻവിധിയും പരപൂഛവും പക്ഷപാതപരമായ ചരിത്രമെഴുതുവാൻ പ്രേരണനൽകിയിട്ടുണ്ടു് എന്നു് ഗവേഷകനും ചരിത്രപണ്ഡിതനുമായ ഫാ. ഹിറാസു് പറഞ്ഞതോക്കുമ്പോഴും നമുക്കു് അതു കൂടുതൽ ഉത്സാഹത്തിനു കാരണമാകുന്നു.

പ. കെ.

രുമാനിക്കുവാൻ നമുക്കവകാശമില്ല. ആ സ്ഥാപനങ്ങളിൽവെച്ചു നമ്മുടെ കുട്ടികളെ നമ്മുടെ പ്രിയപ്പെട്ട മതം പഠിപ്പിക്കുന്നതിനുപോലും നമുക്കു നിരുപാധികമായ സ്വാതന്ത്ര്യമില്ല. നാം പണം കൊടുത്തു വിലയ്ക്കുവാങ്ങിയിട്ടുള്ള സ്ഥലത്തു നമ്മുടെ പരേതരെ സംസ്കരിക്കുന്നതിനുപോലും നമുക്കു് അനുവാദമില്ലെന്നു വന്നിരിക്കുന്നു. ഭ്രനിയമവും സ്വല്പനിയന്ത്രണവും മരണനികുതിയും മറ്റും വന്നതോടെ നമ്മുടെ ഭൗതികപ്രതാപങ്ങളൊക്കെ അസ്തമോന്മുഖമായിരിക്കുന്നു. പുതിയ പിന്തുടർച്ചാവകാശനിയമങ്ങളും വിവാഹനിയമങ്ങളും വരുന്നതോടുകൂടി നമ്മുടെ സമുദായത്തിന്റെ ഘടനതന്നെയും തിരിച്ചറിയാൻ പാടില്ലാത്തവണ്ണം മാറിമറിഞ്ഞുപോകും.

ഏറേയുള്ളവനേ കൂടുതൽ ഭാരംവഹിക്കേണ്ടൂ എന്നു സമ്മതിക്കാം. എന്നിരുന്നാലും കേരളക്കരയിൽ നായർ സമുദായത്തിനോ ഈഴവസമുദായത്തിനോ അനുഭവപ്പെടാത്ത ഒരു ശോച്യാവസ്ഥ ക്രൈസ്തവസമുദായത്തിനു് എങ്ങനെവന്നുകൂടി? ''പൂച്ച എങ്ങനെ വീണാലും നാലുകാലേൽ'' എന്നു പറയുന്നതുപോലെ ഏതു നിയമനിർമ്മാണംവന്നാലും, പരിവർത്തനംവന്നാലും, അന്തിമാപഗ്രഥനത്തിൽ അതു നായർ സമുദായത്തിനും കേരളൊക്കെ ഈഴവസമുദായത്തിനും ശ്രേയോനിദാനവും ക്രൈസ്തവ സമുദായത്തിനു് അധ:പതനകാരണവും ആകുന്നതെന്തുകൊണ്ടാണു്? പൊതുനന്മയുടെപേരിൽ ഉൽഘാടനംചെയ്യപ്പെടുന്ന പല പദ്ധതികളും—കുടിയിറക്കായാലും, ലാൻഡ് അക്വിസിഷനായാലും, വൈദ്യുതപദ്ധതിയായാലും—സൂക്ഷ്മമായാലോചിക്കുമ്പോൾ കത്തോലിക്കർക്കു ദ്രോഹകരമായി അനുഭവപ്പെടുന്നതെന്തുകൊണ്ടാണു്? സമ്പത്തിലും പ്രതാപത്തിലും സാമൂഹ്യസേവനത്തിലും മറ്റാരേയുംകാൾ മുന്നണിയിൽ നിൽക്കുന്ന കത്തോലിക്കർക്കു് നീതിനിഷ്ഠമായ ഈ അവഗണനയും അന്യഥാഭാവവും എന്തുകൊണ്ടു വന്നുചേരുന്നു? രാഷ്ട്രീയമായി ഈ രാജ്യത്തിൽ കോൺഗ്രസിന്റെ ഏറ്റവുംവലിയ താങ്ങും തണലുമായിരിക്കുന്ന കത്തോലിക്കർ കോൺഗ്രസ് അധികാരത്തിൽവരുമ്പോൾ വെറുംകറിവേപ്പിലപോലെ പുറംതള്ളപ്പെടുന്നതെന്തുകൊണ്ടാണു്? നമ്മുടെ വൻപിച്ച സ്ഥാപനങ്ങളൊന്നും ഇല്ലായിരുന്നെങ്കിൽതന്നെയും ഇതിനെക്കാൾ അധ:പതിച്ച ഒരു നില നമുക്കു വരുമായിരുന്നില്ലെന്നു് ഓർക്കുമ്പോൾ, ആ സ്ഥാപനങ്ങൾക്കുവേണ്ടി നാം സഹിച്ച ത്യാഗവും വഹിച്ച ചെലവുകളും പാഴായിപ്പോയി എന്നു സമ്മതിക്കാതെ തരമില്ല.

ഈ ദുസ്ഥിതി എങ്ങനെവന്നുചേർന്നു? കഴിഞ്ഞ മൂന്നു ദശാബ്ദക്കാലത്തെ അനുഭവങ്ങളിൽനിന്നും പഠനങ്ങളിൽനിന്നും തോന്നുന്നതു നമ്മുടെ സഞ്ചാരമാർഗ്ഗം അത്ര ഋജുവല്ലായിരുന്നുവെന്നാണു്, നാം നമ്മുടെ മോഹനസൗധം പണുതതു വെറും മണലിന്മേലായിരുന്നുവെന്നാണു്. മണലിന്മേൽ പണിയുന്നവീടു്, കാറ്റുവീഴുകയും മഴപെയ്യുകയും ചെയ്യുമ്പോൾ വീണുപോകുമെന്നു ക്രിസ്തുനാഥൻ പറഞ്ഞിട്ടുണ്ടല്ലോ. പാറമേൽ പണുത വീടുകൾ മാത്രമേ പ്രകൃതിക്ഷോഭങ്ങളെ അതിജീവിക്കുകയുള്ളൂ. ഇവിടെ അംബരാന്തത്തോളമെത്തുന്ന സൗധങ്ങളും സ്ഥാപനങ്ങളും സംരംഭങ്ങളും ഏറ്റെടുത്തുനടത്തുന്നതിനു മുൻപു ഈ മണ്ണിൽ ഉറച്ചുചവിട്ടിനിൽക്കുവാൻ നാം ഉത്സാഹിച്ചില്ല. മറ്റുവിധത്തിൽ പറഞ്ഞാൽ, ഒരു സമുദായമെന്ന നിലയിൽ, നാം ഈ മണ്ണിന്റെ അവിഭാജ്യഘടകമാണെന്നും, നമ്മുടെതായ ചില സംഭാവനകൾകൂടി ഈ നാടിന്റെ സംസ്കാരത്തിൽ അലിഞ്ഞുചേർന്നിട്ടുണ്ടെന്നും, നമ്മെക്കുടാതെയുള്ള ഒരു രാഷ്ട്രം അത്രയ്ക്കു് അപൂർണ്ണവും അപര്യാപ്തവുമാണെന്നും മറ്റുള്ളവരെ ബോദ്ധ്യപ്പെടുത്തുവാൻ നമുക്കു സാധിക്കാതെപോയി. കേരളത്തിൽതന്നെ ഒരു കാലത്തു പിന്തള്ളപ്പെട്ടിരുന്ന ഈഴവസമുദായത്തിനു് അവരുടെ വ്യക്തിമുദ്ര ഇവിടെ പതിപ്പിക്കുവാൻ കഴിഞ്ഞു; ഇന്നു് അവർ അതിശീഘ്രം മുന്നേറുകയാണു്. തീരെ നിസ്സാരമായ ഒരു ന്യൂനപക്ഷമാണെങ്കിലും ഉത്തരേന്ത്യയിലെ സിക്കുകാർക്കുസാധിച്ചു; ഇന്ത്യയുടെ ചരിത്രത്തിൽനിന്നും അവരെ മാറ്റിനിർത്തുവാൻ ഇനി ഒരു ശക്തിക്കും സാദ്ധ്യമല്ല. അപ്രശസ്യമായ മാർഗ്ഗങ്ങളിലൂടെയാണെങ്കിലും ആസാമിലെ നാഗന്മാർക്കുംഅതു സാധിച്ചു; സ്വന്തമായി ഒരു സംസ്ഥാനംതന്നെ നേടിയെടുക്കുവാൻ അവർക്കു കഴിഞ്ഞിരിക്കുന്നു.

രണ്ടായിരംകൊല്ലത്തെ പഴക്കവും പാരമ്പര്യവുമുള്ള ഒരു സമുദായമാണു നാമെന്നു് നാം അഭിമാനിക്കാറുണ്ടു്. പക്ഷേ അതിനുവല്ല രേഖയുമുണ്ടോ? വല്ല ചരിത്രവുമുണ്ടോ? രണ്ടായിരംകൊല്ലായിട്ടും ഈ വൻപിച്ച സമുദായത്തിനു് ഒരു ചരിത്രമില്ലായെന്നു നാം ലജ്ജാപൂർവ്വം സമ്മതിക്കേണ്ടിയിരിക്കുന്നു. ഒരു സമുദായത്തിന്റെ നേട്ടങ്ങളും സംഭാവനകളും സമുദായചരിത്രത്തിലാണല്ലോ രേഖപ്പെടുത്തിയിരിക്കുക. അതുനോക്കിവേണം ഇതരസമുദായങ്ങളും അനന്തരതലമുറകളും അവ മനസ്സിലാക്കുവാൻ. പക്ഷേ (കേരള കത്തോലിക്ക) സമുദായത്തിനു ഒരു ചരിത്രമുണ്ടെങ്കിൽതന്നെ അതു നിഗൂഢവും അജ്ഞാതവുമായിരിക്കുന്നു. ആകെക്കുടി ഒന്നു പറയുവാനുള്ളതു് അരനൂറ്റാണ്ടിനു മുൻപു ബ, ബസ്സ്റ്റാർദ്ചേൻ എഴുതിയിട്ടുള്ള ആ സമുദായത്തിന്റെ മതചരിത്രം സംബന്ധിച്ച അപൂർണ്ണവും അപര്യാപ്തവുമായ ഒരു കൃതിയാണു്. തോമ്മാശ്ലീഹാ കേരളത്തിൽ വന്നിരുന്നു, സുറിയാനിമെത്രാന്മാരാണു നമ്മെ ഭരിച്ചിരുന്നതു്, ആ ഭരണം പിന്നീടു മിഷ്യനറിമാർ കൈയടക്കി, തുടർന്നു സ്വന്തന്ത്രീത്തിൽ മെത്രാനെ കിട്ടാൻ സമരംനടത്തി; തീർന്നു ആ മതചരിത്രം. കേരളത്തിലെ കത്തോലിക്കർ കഴിഞ്ഞ രണ്ടായിരം കൊല്ലങ്ങൾക്കിടയിൽ ഈ മെത്രാൻസ്ഥാനത്തിനുവേണ്ടിയുള്ള സമരമല്ലാതെ മറ്റൊന്നുംചെയ്തിട്ടില്ലേ? ഉണ്ടെന്നു പലരും അഭിമാനിക്കുന്നുണ്ടെങ്കിലും, അതെന്താണെന്നു് ആർക്കും അറിഞ്ഞുകൂടാ. നമുക്കുതന്നെ അറിഞ്ഞുകൂടാത്തകാര്യങ്ങൾ മറ്റുള്ളവർ ഗ്രഹിക്കാത്തതിനു് അവരെ കുറ്റപ്പെടുത്താനില്ലല്ലോ. ഇന്നും നമ്മെ വരത്തരും വിദേശികളുമായി മറ്റുള്ളവർ ഗണിക്കുന്നതിന്റെ കാരണവും മറ്റൊന്നല്ല.

ഉറച്ച അടിത്തറയിൽ കെട്ടിപ്പടുക്കാത്ത ഊക്കൻസൗധങ്ങൾ തകർന്നുപോകുക സാധാരണമാണു്. ഭ്രതകാലനേട്ടങ്ങളുടെ ഉറച്ച അടിത്തറയിൽവേണം ഏതൊരുസമുദായത്തിന്റെയും ഭാവികെട്ടിപ്പടുക്കുവാൻ. അതുകൂടാതെ മുന്നോട്ടുപോകാൻ കുതികൊണ്ടതാണു് നമ്മുടെ ഇന്നത്തെ എല്ലാഅവശതകളുടെയുംമൂലകാരണം. ആകയാൽ നമ്മുടെ സമുദായത്തിന്റെ കഴിഞ്ഞകാലചരിത്രം ഒന്നാരായേണ്ടതു് ഒരു അടിയന്തിരാവശ്യമായിരിക്കുന്നു. നാം ആരാണെന്നു നമുക്കുതന്നെ ഒന്നു മനസ്സിലാക്കാം; അതോടൊപ്പം നാം ആരാണെന്നു മറ്റുള്ളവരെ അറിയിക്കുകയുംവേണം. സമുദായചരിത്രംകൊണ്ടു ഞാനുദ്ദേശിക്കുന്നതു വിദേശമി

ഷ്യനറിമാരും നാട്ടുവൈദികരുംതമ്മിൽ നടത്തിയ ഗ്ലാസ്സിയോ, മെത്രാൻസ്ഥാനലബ്ധിക്കുവേണ്ടിനടത്തിയ വടംവലിയോ അല്ല. യഥാതഥമായ സംഭവവിവരണമെന്നു നിലയ്ക്കു് അവയർഹിക്കുന്ന സ്ഥാനം അവയ്ക്കിരിയ്ക്കട്ടെ. പക്ഷെ ഒരു സമുദായമെന്നനിലയിലുള്ള നമ്മുടെവളർച്ചയുടെ ചരിത്രമാണുവേണ്ടതു് ഒരു സമുദായമെന്നനിലയിൽ നാം നമുക്കുതന്നെയും രാജ്യത്തിനും സഹോദരസമുദായങ്ങൾക്കും ചെയ്തിട്ടുള്ള സേവനങ്ങളുടെചരിത്രം, മതത്തിന്റെ നാലതിരുകൾക്കുള്ളിൽ ഒതുങ്ങിനിന്നുകൊണ്ടുള്ളതല്ലാ, പ്രത്യുത ഈ രാജ്യത്തിന്റെ ഒരവിഭാജ്യഘടകമെന്നനിലയിൽ ചെയ്തിട്ടുള്ള സേവനങ്ങളുടെചരിത്രം.

ഇങ്ങനെയൊരുചരിത്രം നിർമ്മിക്കുന്നതു വളരെ ശ്ലേശകരവും വ്യയഹേതുകവുമാണെന്നു സമ്മതിക്കാം. വളരെയധികം ഗവേഷണങ്ങളും താരതമ്യപഠനങ്ങളും ആവശ്യമായിവരും. പക്ഷെ അതിലേയ്ക്കു് ഒരു കോളേജ് തുടങ്ങുന്നതിനു വേണ്ടിടത്തോളം പണം ചെലവാക്കേണ്ടിവന്നാൽതന്നെ, അതൊരുനഷ്ടമല്ല. ഒതൊഴിലില്ലാത്തവരേയും, തീവ്രവാദികളെയും, കമ്യൂണിസ്റ്റുകാരേയും വാർത്തുവിടുന്ന ഇന്നത്തെ ഒരു പത്തുകോളേജുകളെക്കാളധികമായി അതു സമുദായത്തിനുഗുണംചെയ്യും. ഈ രാജ്യത്തിൽ നാമാരാണെന്നും, ഈ രാജ്യത്തിനു നാം എന്തുചെയ്തിട്ടുണ്ടെന്നും, നാം ഇല്ലായിരുന്നുവെങ്കിൽ ഈ രാജ്യം എന്തായിരിക്കുമായിരുന്നുവെന്നും അതു സഹോദരസമുദായങ്ങളെയും, രാജ്യത്തിന്റെ ഭാഗധേയചക്രംതിരിക്കുന്നവരെയും ബോദ്ധ്യപ്പെടുത്തും. കേരളത്തിലെ കത്തോലിക്കർ അവഗണിക്കപ്പെട്ടുകിടക്കുന്ന ഒരു ജനവിഭാഗമാണെന്നു് ഇന്ത്യൻ പ്രധാനമന്ത്രിയെ ബോദ്ധ്യപ്പെടുത്താൻ ഒരു വമ്പിച്ച വിമോചനസമരം ആവശ്യമായി വന്നവസ്ഥിതി നമുക്കു മറക്കാറായിട്ടില്ല. ആ സമരത്തിനുമുൻപു് ആ സമുദായം എന്താണെന്നു വസ്തുനിഷ്ഠമായി മനസ്സിലാക്കുവാൻ അദ്ദേഹത്തിനു യാതൊരുമാർഗ്ഗവും ഉണ്ടായിരുന്നില്ലല്ലൊ.

ഇന്നു കേരളത്തിൽ കത്തോലിക്കരുടെ വകയായി അനേകം ദൈവാലയങ്ങളുണ്ടു്; സന്ന്യാസാശ്രമങ്ങളുണ്ടു്; കന്യാസ്ത്രീമഠങ്ങളുണ്ടു്; അച്ചടിശാലകളുണ്ടു്; പത്രമാസികകളുണ്ടു്; വിദ്യാലയങ്ങളുണ്ടു്; ആശുപത്രികളുണ്ടു്; ബാങ്കുകളുണ്ടു്; വ്യവസായശാലകളുണ്ടു്; പലതുമുണ്ടു്. പക്ഷേ കത്തോലിക്കാസമുദായത്തിന്റെവകയായി യാതൊരുസ്ഥാപനവുമില്ല. നമ്മുടെ മതത്തിന്റെയും സമുദായത്തിന്റെയും പേരു കത്തോലിക്ക(പൊതുവായതു്) എന്നാണെങ്കിലും, പൊതുവായി യാതൊന്നും നമുക്കുണ്ടായിരിക്കുന്നില്ലായെന്നതു വളരെവിചിത്രമായ ഒരു വിരോധാഭാസമായിരിക്കുന്നു. പൊതുവായസ്ഥാപനങ്ങളോ ലക്ഷ്യങ്ങളോ ഇല്ലാത്ത ഒരു ജനക്കൂട്ടത്തെ സമുദായമെന്നു പറയാമോ? പറയാമെങ്കിൽത്തന്നെ, അതിനു സുസംഘടിതമായി നിലകൊള്ളുവാനോ മറ്റുള്ളവരുടെ ദൃഷ്ടിയിൽ അവഗണിച്ചുകൂടാത്ത ഒരു ശക്തിയായി പ്രത്യക്ഷപ്പെടുവാനോസാദ്ധ്യമല്ല. നമ്മുടെ ഇന്നത്തെ പരാജയത്തിനുള്ള മറ്റൊരുപ്രധാനകാരണം ഈ അകാതോലികാവസ്ഥതന്നെയാകുന്നു. കത്തോലിക്കരുടെപേരിൽ പറയപ്പെടുന്ന സ്ഥാപനങ്ങളെല്ലാം അന്തിമാപഗ്രഥനത്തിൽ ഒരു വ്യക്തിയുടെയോ ഏതാനുംവ്യക്തികളുടെയോ സ്വന്തമാണെന്നുകാണാം.

നമ്മുടെ ദൈവാലയങ്ങളും വികാരിയുടെ സ്വത്താണു്; വിദ്യാലയങ്ങളും മാനേജരുടെ സ്വത്താണു്; ദൈവാലയമോ വിദ്യാലയമോ ക്ലേശങ്ങളുംസഹിച്ചു സ്ഥാപിച്ച കത്തോലിക്കാപ്പൊതുജനങ്ങൾക്കു അവയുടെ നടത്തിപ്പിൽ യാതൊരുസ്ഥാനവുമില്ലല്ലൊ. വ്യക്തിപരമായ സൽസ്വഭാവംകൊണ്ടു ഏതെങ്കിലും വികാരിയൊ മാനേജരോ ഭ്രരിപക്ഷാഭിപ്രായത്തെ വല്ലെടത്തും മാനിക്കുന്നുണ്ടെങ്കിൽ അതു മേല്പറഞ്ഞ ഉൽസർഗ്ഗത്തിനുള്ള അപവാദംമാത്രമാകുന്നു.

സമുദായത്തിനു പൊതുസ്ഥാപനങ്ങളില്ലാത്തതിനാൽ, സമുദായത്തിന്റെ പൊതുതാല്പര്യങ്ങൾ സംരക്ഷിക്കുന്നതിനു് ചുമതലപ്പെട്ടവരൊ അധികാരികളോ ഇല്ലാത്ത ഒരു ദുരവസ്ഥയാണു വന്നുചേർന്നിരിക്കുന്നതു്. യഥാർത്ഥത്തിൽ സമുദായം ഇന്നു് ആർക്കുംവേണ്ടാത്ത ഏതോ ഒന്നു് ആയിത്തീർന്നിരിക്കുകയാണു്. ഓരോത്തരും സ്വന്തതാല്പര്യസംരക്ഷണത്തിനു സമുദായത്തെ അന്വേഷിക്കാറുണ്ടെങ്കിലും, അതിനപ്പുറം സമുദായം എന്നൊന്നുണ്ടെന്നുസമ്മതിക്കുവാൻപോലും ആരും തയ്യാറില്ല. രാഷ്ട്രീയക്കാരനു് വോട്ടുകിട്ടുവാൻ കത്തോലിക്കാസമുദായംവേണം; വോട്ടുരേഖപ്പെടുത്തിക്കഴിഞ്ഞാൽ പിന്നെ കത്തോലിക്കർ സമുദായമെന്നുശബ്ദിക്കുന്നതു രാഷ്ട്രീയക്കാരനു തിക്തകമാണു്. പള്ളിവെക്കാനും പള്ളിക്കൂടം പണിയാനും വൈദികനു കത്തോലിക്കസമുദായംവേണം; അവ പണിതുകഴിഞ്ഞാൽ പിന്നെ താനൊഴികെ ഒരു സമുദായമുണ്ടെന്നുസമ്മതിക്കുവാൻ വൈദികൻ തയ്യാറില്ല. വരിക്കാരുണ്ടാകുവാൻ കത്തോലിക്കപത്രങ്ങൾക്കു കത്തോലിക്കാസമുദായംവേണം; വരിക്കാരായി ചേർന്നുകഴിഞ്ഞാൽ പിന്നെ, പത്രാധിപർ എന്നു വ്യക്തിപരയുന്നതു കേൾക്കുകയല്ലാതെ, അങ്ങോട്ടൊന്നെങ്കിലും പറയാനുണ്ടോയെന്നു ഒരു പത്രക്കാരനും തിരക്കാറില്ല. ഈ പരിതസ്ഥിതിയിൽ, സമുദായത്തിന്റെ ഒരു ചരിത്രംവേണമെന്നുപറയുന്നതുതന്നെ പലർക്കും പരിഹാസ്യമായിട്ടോന്നുകയുള്ളു. ചരിത്രമെഴുതുന്നതിൽ, സമുദായത്തിന്റെ അസ്തിത്വം അംഗീകരിക്കുക എന്നൊരു അപകടമുണ്ടല്ലൊ.

എന്നാലും സമുദായത്തിന്റെ പൊതുവകയായി ഒരു സ്ഥാപനമെങ്കിലും ഉണ്ടായിരിക്കണമെന്നാണു എന്റെ സുചിന്തിതമായ അഭിപ്രായം. തൽക്കാലം നമുക്കു് അതിനു് കാത്തലിക്ഇൻസ്റ്റിറ്റ്യൂട്ട് എന്നു പേരിടാം. (കാത്തലിക്സെൻറർ എന്നോ, കാത്തലിക് ഫൗണ്ടേഷൻ എന്നോ എന്തുപേരുമായിക്കൊള്ളട്ടെ.) അതിന്റെ ആഭിമുഖ്യത്തിൽ സമുദായശ്രേയോനിദാനങ്ങളായ പ്രസ്ഥാനങ്ങളും സംരംഭങ്ങളും നടത്താം. ഇൻസ്റ്റിറ്റ്യൂട്ട് പ്രധാനമായി ചെയ്യേണ്ട കാര്യങ്ങളിലൊന്നു സമുദായത്തിന്റെ ഒരു ചരിത്രം പ്രസിദ്ധപ്പെടുത്തുകയാകുന്നു. ഇതേവരെയുള്ള നേട്ടങ്ങളെയും കോട്ടങ്ങളെയും ക്രോഡീകരിക്കുകയും വിലയിരുത്തുകയുംചെയ്യുന്ന ആധികാരികമായ ഒരു ചരിത്രം. ഒരു വ്യാഴവട്ടംമുമ്പു്, മാത്തോമ്മാശ്ലീഹാബ്ബിലി ആഘോഷപരിപാടി സംവിധാനംചെയ്തപ്പോഴും, താദൃശമായ ഒരു ചരിത്രംപ്രസിദ്ധപ്പെടുത്തുന്ന കാര്യവും ആലോചനാവിഷയമായതാണു്. പക്ഷേ പിരിഞ്ഞപണംമുഴുവൻ അലങ്കാരത്തിനും വെടിക്കെട്ടിനും ഡിന്നറിനും ടീപ്പാർട്ടിക്കുമൊക്കെ ചെലവാക്കിപ്പോയതുകൊണ്ടും, ചരിത്രത്തിനു അവയോളം പ്രാധാന്യമുള്ളതായി പലർക്കും തോന്നാതിരുന്നതുകൊണ്ടും ചരിത്രരചനാക്കാര്യം അന്നു് അവഗണിക്കപ്പെടുകയാണുണ്ടായതു്. ഇനിയെങ്കിലും നമ്മുടെ ഭാവി സൗഭാഗ്യത്തിന്റെ ആ

അടിത്തറ ഒന്നുകെട്ടിപ്പൊക്കുവാൻ നാം അമാന്തിച്ചുകൂടാത്തതാകുന്നു.

ആധികാരികമായ ഒരു സമുദായചരിത്രം എഴുതണമെങ്കിൽ, ആദ്യമായി അതിനുള്ള സാമഗ്രികളും നാം സംഭരിക്കണം. ഇതു മറെറാരു വിഷയത്തിലേക്കു നമ്മുടെ ശ്രദ്ധയെ തിരിച്ചുവിടുന്നു. ഈ സംഭരിക്കുന്ന സാമഗ്രികളും ഒടുവിൽ എന്തുചെയ്യണം? ഇപ്പോൾതന്നെചരിത്രപ്രാധാന്യമുള്ള പല രേഖകളും വസ്തുക്കളും നമുക്കു നഷ്ടപ്പെട്ടിരിക്കുകയാണു്. ഈ അപകടം ഇനി ആവർത്തിക്കാതിരിക്കത്തക്കവണ്ണം സംഭരിക്കുന്ന സാമഗ്രികളെല്ലാം ഒരു കൗതുകാഗാരത്തിൽ (മ്യൂസിയത്തിൽ) ഭദ്രമായി സൂക്ഷിക്കുകയാണു് വേണ്ടതു്. അതായതു് ഇൻസ്റ്റിറ്റ്യൂട്ടിനോടു് അനുബന്ധിച്ചു ഒരു മ്യൂസിയം തുടങ്ങണം. ചരിത്രപ്രാധാന്യമുള്ള രേഖകളും, കൈയെഴുത്തുഗ്രന്ഥങ്ങളും, അച്ചടിച്ചകൃതികളും, പ്രാചീനങ്ങളായ ആടയാഭരണങ്ങളുടെ മാതൃകകളും, സമുദായത്തെ ആത്മാർത്ഥമായി സേവിക്കുകയും, അതിനു നേതൃത്വം നൽകുകയും ചെയ്ത വ്യക്തികളുടെ ചിത്രങ്ങളും, സേവനചരിത്രങ്ങളും, മുതലായവ ഈ മ്യൂസിയത്തിൽ സംഭരിച്ചു സൂക്ഷിക്കേണ്ടതാണു്. രണ്ടായിരംകൊല്ലം നാം ഇവിടെ താമസിച്ചിട്ടും മറെറുള്ളവരെ കാണിക്കത്തക്കവണ്ണം ശ്രദ്ധേയമായതൊന്നും ഇന്നു നമ്മുടെ പക്കൽ ഇല്ലല്ലോ: വിദേശങ്ങളിൽനിന്നുവരുന്ന ടൂറിസ്റ്റുകളെ ആകഷ്ടിക്കത്തക്കയാതൊരു സ്ഥാപനവും നമ്മുടേതായിട്ടില്ല. ആ ടൂറിസ്റ്റുകളെ സ്വന്തനാട്ടിലേക്കു തിരിയെച്ചെല്ലുമ്പോൾ, നമ്മെപ്പററി അവക്കൊന്നും പറയാനില്ലെങ്കിൽ അതിൽ അത്ഭുതപ്പെടാനില്ല.

ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ അടിയന്തിരമായി ഏർപ്പെടുത്തേണ്ട മറെറാരു സ്ഥാപനം ഒന്നാംതരത്തിലുള്ള ഒരു കത്തോലിക്ക ഗ്രന്ഥാലയമാണു്. കത്തോലിക്ക വേദശാസ്ത്രത്തെയും തത്വശാസ്ത്രത്തെയും സംസ്കാരത്തെയും സാഹിത്യത്തെയും സംബന്ധിക്കുന്ന വിശേഷാത്തരങ്ങളായ അനേകമനേകം ഗ്രന്ഥങ്ങളുണ്ടു്. ഇവ വായിക്കുക പോയിട്ടു് ഒന്നു കാണാൻതന്നെ കേരളത്തിലെ കത്തോലിക്ക ജനസാമാന്യത്തിനു മാർഗ്ഗമില്ലാതാണിരിക്കുന്നതു്. പിന്നെ കത്തോലിക്കേതരുടെ കാര്യം പറയാനില്ലല്ലോ. കേരളത്തിൽ ആകെയുള്ള ഒരു കത്തോലിക്കഗ്രന്ഥശേഖരം മംഗലപ്പുഴ സെമ്മിനാരിയിലേതാണു്. പക്ഷെ അവിടെനിന്നു ഗ്രന്ഥങ്ങൾ പുറമെകൊണ്ടുപോകുന്നതിനോ, പുറമേയുള്ളവർക്കു് അവിടെയെത്തി നിർബാധം ഗ്രന്ഥങ്ങൾ പരിശോധിക്കുന്നതിനോ സാധാരണഗതിയിൽ വളരെ പ്രതിബന്ധങ്ങളുണ്ടു്. ഒരു സെമ്മിനാരി ഗ്രന്ഥശാലയെന്നനിലയിൽആ നിയന്ത്രണങ്ങൾ ന്യായയുക്തമാണുതാനും. ഒരു പബ്ലിക്കു് ലൈബ്രറിയാണു നമുക്കു വേണ്ടതു്. ചരിത്രപരമായ കാര്യങ്ങളിൽ ഗവേഷണം നടത്തുന്നതിനോ, മതപരമായ വിഷയങ്ങളിൽ ഉപരിപഠനം നടത്തുന്നതിനോ ആഗ്രഹിക്കുന്നവർക്കു വന്നിരുന്നു ഗ്രന്ഥങ്ങൾ പരിശോധിക്കുന്നതിനും നോട്ടെടുക്കുന്നതിനും സൗകര്യമുള്ള ഒരു ഗ്രന്ഥാലയം. ഇത്തരമൊരു ഗ്രന്ഥാലയത്തിന്റെ പ്രയോജനത്തെയും അനുപേക്ഷണീയതയേയും വിശദീകരിച്ചു 30കൊല്ലംമുൻപു് അന്നത്തെ ''കേരളീയകത്തോലിക്ക വിദ്യാർത്ഥി''യിൽ ഞാൻ ഒരു പ്രബന്ധം എഴുതിയിരുന്നു. അതു വായിച്ച പലരും അതൊരടിയന്തിരാവശ്യമാണെന്നു സമ്മതിച്ചെങ്കിലും നാളതുവരെ ആരംഭത്തു യാതൊന്നും ചെയ്യുന്നതിനു നമുക്കു കഴിഞ്ഞിട്ടില്ല. അതിൽ പിന്നെ ഗ്രന്ഥശാലാപ്രസ്ഥാനം എത്രയോ പുരോഗമിച്ചിരിക്കുന്നു. മാർക്സിസ്റ്റു ഗ്രന്ഥങ്ങളും കമ്യൂണിസ്റ്റുഗ്രന്ഥങ്ങളും അവയിൽ എത്രയോ സംഭരിച്ചിരിക്കുന്നു!!

ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ ഉയർന്ന നിലവാരത്തിലുള്ള ഒരു ആനുകാലിക പ്രസിദ്ധീകരണം അത്യന്താപേക്ഷിതമാകുന്നു. കവിതകളും ചെറുകഥകളും സിനിമാവാർത്തകളും പ്രസിദ്ധപ്പെടുത്തുന്ന തരത്തിലുള്ള ഒരു പ്രസിദ്ധീകരണമല്ലാ ഇവിടെ ഉദ്ദേശിക്കുന്നതു്; നാനാപ്രശ്നങ്ങൾക്കു കത്തോലിക്കസഭ നൽകുന്ന സമാധാനങ്ങളെയും പരിഹാരമാർഗ്ഗങ്ങളെയും പണ്ഡിതോചിതമായി, ആധികാരികമായി, ഒന്നാംതരം സാഹിത്യഭാഷയിൽ, പ്രതിപാദിക്കുന്ന ഒരു പ്രസിദ്ധീകരണം. കേരളത്തിൽ കമ്യൂണിസ്റ്റ്പാർട്ടി മാർക്സിസത്തെ സംബന്ധിച്ചിടത്തോളം അത്തരമൊരു മാസിക പ്രസിദ്ധപ്പെടുത്തുന്നുണ്ടല്ലോ. ജീവിതസ്പർശിയായ വിവിധ വിഷയങ്ങളെപ്പററി—മതം, രാഷ്ട്രം, സാഹിത്യം, സാമൂഹ്യവ്യവസ്ഥിതി, സാമ്പത്തികപ്രശ്നങ്ങൾ, മുതലായവയെപ്പററി—കത്തോലിക്കസഭ നൽകുന്ന പഠനങ്ങൾ കത്തോലിക്കേതരക്കൂടി മനസ്സിലാകുന്ന രീതിയിൽ, ആകർഷകമായവിധം പ്രസിദ്ധപ്പെടുത്തണം. വാസ്തവത്തിൽ കേരളത്തെ സംബന്ധിച്ചിടത്തോളം ഏറെറം പ്രയോജനപ്രദമായ ഒരു മതപ്രചരണോപാധി താരതമ്യേന ചെലവുകുറഞ്ഞ ഒരു പ്രസിദ്ധീകരണമാണു്. നല്ല ഭാഷയിൽ എഴുതിയാൽ ആരും വായിക്കും. കത്തോലിക്കർ ഇന്നു ചിന്താരംഗത്തിൽ വളരെ പിന്നണിയിലാണെന്ന ലജ്ജാപൂർവ്വം നമുക്കു സമ്മതിക്കാതെ തരമില്ല. അതുകൊണ്ടാണു് ഇവിടത്തെ സാംസ്കാരികരംഗത്തു നമ്മുടേതായ എന്തെങ്കിലും സംഭാവന നൽകുന്നതിനു് നമുക്കു സാധിക്കാതിരിക്കുന്നതു്. മുകളിൽപ്പറഞ്ഞ തരത്തിലുള്ള പ്രസിദ്ധീകരണം കത്തോലിക്കരുടെ ചിന്താഫലങ്ങളെ പ്രകാശിപ്പിക്കുന്നതിനും ഉപയോഗപ്പെടുത്താം. ഗവേഷണപരമായ ലേഖനങ്ങൾക്കും വിമർശനങ്ങൾക്കും അതിൽ സ്ഥാനമനുവദിക്കാവുന്നതാണു്.

പ്രസിദ്ധീകരണപരമായ പ്രശ്നങ്ങളും കൈകാര്യം ചെയ്യുന്നതിനു ഇൻസ്റ്റിറ്റ്യൂട്ടിനോടനുബന്ധിച്ചു് നല്ല നിലയിലുള്ള ഒരു പ്രസിദ്ധീകരണശാല സ്ഥാപിക്കണം. മുൻസൂചിപ്പിച്ച ചരിത്രഗ്രന്ഥങ്ങളും ആനുകാലിക പ്രസിദ്ധീകരണങ്ങളും പ്രസിദ്ധീകരണശാലയുടെ ആഭിമുഖ്യത്തിൽ പ്രസിദ്ധപ്പെടുത്താവുന്നതാണു്. അതോടുകൂടി, കേരളത്തിലെ കത്തോലിക്ക സാഹിത്യകാരന്മാർക്കു് അവരുടെ ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കുവാൻ ഒരു പാധിയില്ലെന്നുള്ള പരാതിക്കും പരിഹാരമാകും. സാഹിത്യമില്ലാത്ത ഒരു സമുദായത്തിനു് ഒരിക്കലും മുന്നണിയിൽ കയറിനിൽക്കുവാൻ സാധിക്കുകയില്ല. വാളല്ലാ, തൂലികയാണു ലോകത്തെ നിയന്ത്രിക്കുന്നതു്. സാഹിത്യമാണു ലോകത്തിൽ വിപ്ലവങ്ങളും പരിവർത്തനങ്ങളും ഉണ്ടാക്കിയിട്ടുള്ളതു്. അധമസാഹിത്യത്തിനു ലോകത്തെ വഷളാക്കുവാൻ സാധിക്കുമെങ്കിൽ, ഉത്തമസാഹിത്യത്തിനു അതിനെ സമുദ്ധരിക്കുവാനും കഴിയും. കഴിഞ്ഞ തലമുറയിൽ ജീവിച്ചിരുന്ന കുമാരനാശാൻ, മൂർക്കോത്തുകുമാരൻ, സി. വി. കുഞ്ഞുരാമൻ, സി. കൃഷ്ണൻ, പള്ളത്തുരാമൻ മുതലായ സാഹിത്യകാരന്മാരാണു് ഈഴവസമുദായത്തിന്റെ ഇന്നത്തെ അത്ഭുതാവഹ

ഹൈറേഞ്ചിലെ കുടിയേറ്റവും കുടിയിറക്കും.

കേരളത്തിൽ ജനസംഖ്യ വർദ്ധിച്ചുവന്നപ്പോഴും കൃഷിക്കാർക്കു ജീവിക്കാൻ യാതൊരു നിവൃത്തിയുമില്ലാതെയായി. അങ്ങനെയിരിക്കുമ്പോഴാണു ഹൈറേഞ്ചു കയറ്റത്തെപ്പറ്റി ആളുകൾ കേൾക്കുകയും, കേട്ടവർ കേട്ടവർ അങ്ങോട്ടു തിരിക്കുകയും ചെയ്തു. ഇങ്ങനെ കയറിയവരിൽത്തന്നെ പലതരക്കാർ ഉണ്ടായിരുന്നു, തോട്ടങ്ങളും വച്ചുപിടിപ്പിച്ചു് ആദായം വർദ്ധിപ്പിക്കുവാൻവേണ്ടി വന്ന മുതലാളിമാർ, നാട്ടിലുള്ള സ്ഥലംകൊണ്ടു തൃപ്തിപ്പെടാതെ അതു വിറ്റിട്ടു് അതിലേറെ സ്ഥലമെടുത്തു കൃഷിയിറക്കാൻവേണ്ടി വന്ന സാധാരണക്കാർ, യാതൊരു നിവൃത്തിയുമില്ലാത്ത സാധു കർഷകർ.

അന്നു് കാട്ടുമൃഗങ്ങളുടെ ശല്യം വളരെ ഗുരുതരമായിരുന്നു. ആന, കടുവാ, പുലി, കാട്ടുപോത്തു്, മന്തി, ഗിനികളം, കുരങ്ങു്, മ്ലാവു്, കേഴ. കൂരൻ, മുള്ളൻ എന്നിങ്ങനെ അനവധി മൃഗങ്ങൾ രാപകലില്ലാതെ മേഞ്ഞുനടക്കുന്ന സ്ഥലം ആളുകൾ കയറിയപ്പോഴത്തെ സ്ഥിതി വിവരിക്കുക അസാദ്ധ്യം. എന്നാൽ ചന്ദ്രനിൽപോലും പോയി താമസിക്കാൻ തയാറെടുക്കുന്ന മനുഷ്യൻ ഇതും ജയിച്ചു എന്നു പറഞ്ഞാൽ അതൊരു അല്പകാര്യം മാത്രമാണു്; എങ്കിലും അങ്ങേഅറ്റത്തെ സാഹസകൃത്യമായിരുന്നു. കാട്ടുമൃഗങ്ങളെ പേടിച്ചു് ഏറുമാടംവച്ചു് അതിൽ താമസിച്ചുകൊണ്ടു് ആളുകൾ കൃഷിയിറക്കി, കൃഷി നശിപ്പിക്കാതിരിക്കാൻ ഉറക്കമൊഴിഞ്ഞു് കാത്തിരിക്കേണ്ടിവന്നു. പകൽ വിശ്രമമെന്യേയുള്ള ജോലിയും രാത്രിയിലെ ഉറക്കമൊഴിപ്പും കാരണം പലരും രോഗികളായിത്തീർന്നു് ഹൈറേഞ്ചിനോടു യാത്രപറയേണ്ടിവന്നു. പല ഏറുമാടങ്ങളും ആന തകർത്തുകളയുകയും അതിലെ ആളുകളെ അവന്റെ കൊമ്പിനിരയാക്കുകയും ചെയ്തു. ജീവനിൽ കൊതിയും പ്രതികാരേച്ഛയുംകൊണ്ടു് പലരും ആനയെ വെടിവച്ചിട്ടുമുണ്ടു് ഇതുനിമിത്തം പലരും അഞ്ചിൽ കയറേണ്ടിവരികയും നിരവധി പണം ചെലവാക്കുകയും ചെയ്തു. ഇതിന്റെയൊക്കെ സ്മാരകമെന്നോണം ഏറുമാടങ്ങൾ ഇന്നും സ്ഥിതിചെയ്യുന്നുണ്ടു്. ഒരു നല്ലസംഖ്യ ആളുകൾ വേട്ടകൊണ്ടു ജീവിക്കുന്നവരാണു്. ലേഹ്യവും മരുന്നും ഉണ്ടാക്കുന്നവരും ഇക്കൂട്ടരിലുണ്ടായിരുന്നു,

പൊതുവേപറഞ്ഞാൽ ഇവിടത്തെ മണ്ണു് ഫലപുഷ്ടിയേറിയതാണു്. മണ്ണിനു കറുപ്പുനിറമാണുള്ളതു്. എന്നാൽ അടിയിലേയ്ക്കു പോകുന്തോറും ചുവന്നുചുവന്നു വരുന്നു. കാലക്രമേണ ഗുണം കുറയുമെന്നാണു് ഇതു കാണിക്കുന്നതു്. എന്നാലും തെങ്ങല്പാത്തതെന്തും ഇവിടെ സമൃദ്ധമായിട്ടുണ്ടാകുന്നു. മണൽ അധികമില്ലാത്തതിനാലാണു് തെങ്ങിനു വളരാൻ മടി എന്നുമാഹിക്കാം. വിളവെടുപ്പുകാലമാകുമ്പോഴാം ഹൈറേഞ്ചിൽ അദ്യംവരുന്ന ഒരാൾക്കു് ഇതു കാണുന്നതിൽപ്പരം ഒരു സന്തോഷം വേറെ ഉണ്ടാകാനിടയില്ല. ചോളവും മെയിസും നെല്ലും വിളഞ്ഞുകുലമറിഞ്ഞു നില്ക്കുന്നതു് കാണേണ്ട ഒരു കാഴ്ചയാണു്. നന്നായി ജോലിചെയ്യുന്ന ഒരു മനുഷ്യനു് തേങ്ങാമാത്രമേ പണംകൊടുത്തു വാങ്ങേണ്ട ആവശ്യം ഉണ്ടാകയുള്ളു. എന്നാൽ തേങ്ങാ തീരെയില്ലെന്നും വിചാരിക്കേണ്ടതില്ല, തെങ്ങു കായ്ച്ച സ്ഥലവും ഹൈറേഞ്ചിലുണ്ടു്.

എന്നാൽ ഹൈറേഞ്ചിലെ മനുഷ്യർക്കു് എന്തെല്ലാം കിട്ടിയാലും ഒരു മിന്നായംപോലെ മാത്രം അനുഭവപ്പെടുന്നു. അതിനു മുഖ്യകാരണം, നെല്ലിൻവെള്ളം എന്നുപറയുന്ന കൃത്രിമമദ്യമാണു്, അതിന്റെ ആസ്വാദനമാണു്. നാട്ടിലെ കള്ളിനും ചാരായത്തിനും പകരം, നെല്ലു്, ശർക്കര, നവസാരം എന്നീ സാധനങ്ങളിൽനിന്നുല്പാദിപ്പിക്കുന്ന ഒരു വിഷദ്രാവകമാണതു്. ഇതു കുടിക്കാത്ത വ്യക്തികളും ഹൈറേഞ്ചിൽ ചുരുക്കമാണു്. കുപ്പിയ്ക്കു രണ്ടര രൂപാ വിലകിട്ടുന്ന ഈ സാധനം മിക്കസ്ഥലത്തും സ്ത്രീകളാണു് വില്ക്കുന്നതു് എന്നുകേട്ടാൽ അതിശയംതോന്നി

മായ പുരോഗതിയുടെ കവാടോൽഘാടനം നിർവ്വഹിച്ചതു്. തത്തുല്യരായ പല സാഹിത്യകാരന്മാരെ വളർത്തിയെടുക്കുവാൻ കത്തോലിക്ക സമുദായത്തിനു കഴിയാതെ പോയതിന്റെ ക്ഷീണം നാമിന്നു് അനുഭവിക്കുകയാണു്. അതു് ആവർത്തിക്കാതിരിക്കണമെങ്കിൽ കത്തോലിക്ക സാഹിത്യകാരന്മാർക്കു് ഉചിതമായ പ്രോത്സാഹനം നൽകണം. ഇവിടെയാണു് ഒരു കത്തോലിക്ക പ്രസിദ്ധീകരണശാലയുടെ ആവശ്യകത.

പ്രസിദ്ധീകരണശാല സ്ഥാപിച്ചു പുസ്തകങ്ങൾ അച്ചടിച്ചതുകൊണ്ടുമാത്രമായില്ല; അതു ജനങ്ങൾക്കു എളുപ്പത്തിൽ ലഭിക്കുവാനുള്ള സൗകര്യങ്ങളും ഉണ്ടാക്കണം. പ്രധാന കേന്ദ്രങ്ങളിൽ ബുക്കുസ്റ്റാളുകൾ ഏർപ്പെടുത്തുകയാണു് ഒരു മാർഗ്ഗം. വായനശീലം വളരെ വർദ്ധിച്ചിട്ടുള്ള ഒരു കാലമാണിതു്. സൗകര്യത്തിനു പുസ്തകങ്ങൾ കണ്ടാൽ വാങ്ങിക്കുന്ന ഒരു ശീലം ജനങ്ങൾക്കുണ്ടായിട്ടുണ്ടു്. അതിനാൽ ഓരോ കാര്യത്തിനു ജനങ്ങൾ തടിച്ചുകൂടുന്ന കേന്ദ്രങ്ങളിൽ ബുക്കുസ്റ്റാളുകൾ സ്ഥാപിച്ചാൽ ജനങ്ങൾ അവിടെ കയറുന്നതിനും പുസ്തകങ്ങൾ വാങ്ങുന്നതിനും ഇടയാകും. ഇത്തരം ബുക്കുസ്റ്റാളുകളിൽ പ്രസിദ്ധീകരണശാലവക പുസ്തകങ്ങൾക്കപുറമെ ഉത്തമങ്ങളായ മറ്റു കത്തോലിക്ക കൃതികളും വില്പനസ്സായി ശേഖരിച്ചുവെക്കണം. എന്നാൽ എല്ലാവർക്കും പുസ്തകങ്ങൾ വിലകൊടുത്തുവാങ്ങി വായിക്കാൻ സാധിച്ചെന്നുവരികയില്ല. അങ്ങനെയുള്ളവർക്കായി ഇടവകകൾതോറും, വായനശാലകൾ സ്ഥാപിക്കുകയാണു വേണ്ടതു്. കേരളത്തിലെ 2000—ത്തോളം ഇടവകകളിൽ പാരീഷ് ലൈബ്രറികളുണ്ടായാൽ പ്രസിദ്ധീകരണശാല അച്ചടിക്കുന്ന പുസ്തകങ്ങളുടെ രണ്ടായിരം പ്രതിയെങ്കിലും കുറഞ്ഞതു ചെലവാകുമെന്നു നമുക്കു പ്രതീക്ഷിക്കാം.

സമുദായത്തിനു പൊതുവായി ഒരു സ്ഥാപനമുണ്ടാകണമെന്നു ഞാൻ പറഞ്ഞതു് എല്ലാവരേയും കൂട്ടിയോജിപ്പിച്ചു് എന്ന അർത്ഥത്തിലല്ല. നേരേമറിച്ചു് എല്ലാവരും ഗുണഭോക്താക്കളായിട്ടുള്ളതും, സന്മനസ്സുള്ള ആർക്കും സഹകരിക്കാവുന്നതുമായ ഒരു സ്ഥാപനം. ഈ ആശയത്തോടു് യോജിക്കുന്ന ആളുകൾ ചേർന്നു സ്ഥാപനമുണ്ടാക്കുക. സമുദായത്തിലെ ചിന്താശീലന്മാരായആളുകളുടെ പഠനത്തിനു ഈ നിർദ്ദേശം ഞാൻ സമർപ്പിക്കുകയാണു്. പലർ ചിന്തിക്കുകയും പഠിക്കുകയും ചെയ്താൽ ആ സംയുക്ത ശ്രമത്തിന്റെ ഫലമായി കഴിയുന്നതും പൂർണ്ണമായ ഒരു പദ്ധതി സംവിധാനം ചെയ്യുവാൻ സാധിക്കും.

എം. ഓ. ജോസഫ് നെടുങ്കനം.

യേക്കും. എക്സൈസ് പാർട്ടിയെ വിവരം അറിയിച്ച് അവർ വന്ന എന്നിരിക്കട്ടെ. സ്ഥലത്തുനിന്നു മാറാനാണ് ആദ്യം നിർദ്ദേശംകൊടുക്കുന്നതു്. ഗതികേടിനു കണ്ടുപിടിച്ച എന്നുവന്നാൽ ഒരു കോഴിയെകൊന്നു് ഒരു കപ്പിയും തുറന്നു് വെള്ളംകുടി നടത്തി പറഞ്ഞുവിടും.

ഈ ദുഃസ്ഥിതിക്കു മാറ്റംവരുത്തിയെങ്കിൽമാത്രമേ ഈ ഹൈറേഞ്ചിനു ഐശ്വര്യമുണ്ടാകൂ. ഇതിൽ നിന്നുണ്ടാകുന്ന ദുരന്തഫലങ്ങളും വണ്ണിക്കുക അസാദ്ധ്യമാണു്. ദിവസമൊന്നിനു് ഓരോ കവലയിലും ഓരോ വഴക്കെങ്കിലും (അടിപിടി, വെട്ടു്, കുത്തു്) നടക്കുന്നു. കൊയ്ത്തു്, കപ്പയുണക്കു് ഈ അവസരങ്ങളിലാണു് ഇതെല്ലാം കൂടുതലും നടക്കുന്നതു്. അപ്പോഴും പണത്തിനു മാർഗ്ഗമുണ്ടെന്നതുതന്നെ കാരണം. പണം കുറഞ്ഞുതുടങ്ങുമ്പോഴും നെല്ലിൻവെള്ളം കപ്പിയ്ക്കു് ഒരു ദുഷ്പാവരെ വിലയിടിയുന്നു. അപ്പോഴും ഭാര്യയുടെ താലിപോലും വിറ്റു് നെല്ലിൻവെള്ളം കുടിക്കുന്ന നീചന്മാരും ഹൈറേഞ്ചിൽ അസുലഭമല്ല. കുടികഴിഞ്ഞു വന്നതിനുശേഷം ഭാര്യയെ രാവെളുക്കോളം മുതിരവട്ടം ചതയ്ക്കുന്ന മിടുക്കന്മാരും അങ്ങനെ പ്രകാശിച്ചുനില്ക്കുന്നുണ്ടു്.

ഏകദേശം ഇടവമാസമാകുമ്പോഴാണു് ദാരിദ്ര്യദേവത ഹൈറേഞ്ചിനെ വലയംചെയ്തുകഴിഞ്ഞു ഇവിടത്തെ മുതലാളിമാർ എന്നഭിമാനിക്കുന്നവരുടെയും, നെല്ലിൻവെള്ളക്കുടിക്കാർ എന്നു പേരുകേട്ട മഹാന്മാരുടെയും, വില്ലന്മാർ എന്നറിയപ്പെടുന്ന മഹിളകളുടെയും അടുക്കളകളിൽ മൂശേട്ടാ നൃത്തമാടിത്തുടങ്ങുന്നു. അവിടെപ്പിന്നെ ലക്ഷ്മിയ്ക്കു സ്ഥാനമില്ല. കചേലന്റെ വീട്ടിൽ ആപിഞ്ചുകുഞ്ഞുങ്ങളും ഭാര്യയും അനുഭവിച്ചതിനെക്കാളും കഷ്ടാൽ കഷ്ടതരമായ ദാരിദ്ര്യം കുടികൊള്ളുന്നു. അഞ്ചും ആറും ദിവസം കഞ്ഞിവയ്ക്കാത്ത, ഒരുനുടം കഞ്ഞിവെള്ളം കുടിയ്ക്കാൻ വശമില്ലാത്ത മുതലാളിമാരെ തൊട്ടുകാണിച്ചുതരാം; അപ്പോഴും പാവപ്പെട്ടവരുടെ കാര്യം പറയാനുമില്ല. ഭർത്താവിന്റെ വിശപ്പുതീരാൻ ഭാര്യയെ തല്ലുകയും ഭാര്യയുടെ വിശപ്പുതീരാൻ ഭർത്താവിനെ ശകാരിക്കയും.... ഇതെങ്ങനെ സംഭവിക്കുന്നു? ചെലവിനു മിച്ചം ക്ഷേമവിവേങ്ങളുള്ള ഹൈറേഞ്ചുവാസി ഈ ദാരിദ്ര്യമനുഭവിക്കുന്നതിന്റെ കാരണം മദ്യംകുടി ഒന്നുമാത്രമാണു്. കുടിച്ചു് ചങ്കിലാതെ മരിക്കുന്നവരും, ചങ്കുപൊട്ടി മരിക്കുന്നവരും സുലഭംതന്നെ. വൈദികരുടെയും പ്രജകളുടെ പലരും ഇതു നിർത്തുവാൻ പരിശ്രമിച്ചിട്ടുണ്ടെങ്കിലും യാതൊരു ഫലവുമില്ല.

കുറച്ചുമുമ്പുവരെ ഇവിടത്തെ പുലയർ തൊട്ടു് ബ്രാഹ്മണർ വരെയുള്ള സർവ്വ വ്യക്തികളുടെ കയ്യിലും നൂറുരൂപാ നോട്ടുമാത്രമേ കാണാനുണ്ടായിരുന്നുള്ളൂ, ഇന്നതില്ല. കാരണം? ഇവിടെ കുടിയേറിപ്പാർത്ത അന്നുമുതൽ എങ്ക്രോച്ചു് വില്പന എന്നൊരേപ്പാട്ടുണ്ടായിരുന്നു. കഴിവുള്ളവർ കൂടുതൽ വെട്ടി (4 വശവും ബോഡർ തെളീച്ചു് തന്റേതെന്നവകാശപ്പെട്ടു്) മറ്റുള്ളവർക്കു കൊടുത്തു് പണം വാങ്ങിക്കുന്നു. അതെല്ലാം വിഷംമേടിച്ചു് തീർത്തുകളയുന്നു. ഇറക്കുപ്രശ്നത്താൽ മേടിസ്ഥാനാളില്ലാതെവന്നതുമുതൽ ഈ എംക്രോച്ചു വില്പന നിന്നിരിക്കയാണു്. തങ്കമണി, ചെമ്പകപ്പാറ, തോപ്പുറാകുടി, ചിന്നാർ, നീലമല. കാമാക്ഷി എന്നീ സ്ഥലങ്ങളിൽ കുടിയേറിപ്പാർത്തുവന്ന ആളുകളും കുടിയിറക്കു ഭീഷണിയാൽ ഭയപ്പെട്ടു് ഇറങ്ങിപ്പോയി. മറ്റാളുകളും തക്കംനോക്കി അവിടം കൈക്കലാക്കി. ഉടമസ്ഥന്മാർ തിരിച്ചുവന്നപ്പോഴും അവരെ ഓടിക്കുന്നതിനു് ഇക്കൂട്ടർ ഒരു മടിയും കണിച്ചില്ല.

ഇവിടത്തെ ജാതിയെപ്പറ്റി ഒന്നുംപറയുവാൻ നിവൃത്തിയില്ല. "കല്പേപാലംകഴിഞ്ഞാൽ ജാതിയില്ല" എന്ന പണ്ടാരോ പറഞ്ഞതു് ഹൈറേഞ്ചിനെ സംബന്ധിച്ചു് തികച്ചും ശരിയാണു്. നാട്ടിലെ പല താഴ്ന്ന ജാതികളും ഇവിടെയുയർന്ന ജാതികളായികഴിയുന്നുണ്ടു് ഒരു ജാതിയില്ലാ നാടു് വേറെ ഏതെങ്കിൽ ഉണ്ടെങ്കിൽ അതു് ഹൈറേഞ്ചുമാത്രമാണു്. ഒന്നുകിൽ ഒരു പുലയൻ ഒരു ക്രിസ്ത്യാനി സ്ത്രീയെ കൂട്ടിക്കൊണ്ടുപോയി, അല്ലെങ്കിൽ ഒരു ക്രിസ്ത്യാനി നായർ സ്ത്രീയെ, അതുമല്ലെങ്കിൽ ഒരു ആശാരി ഒരീഴത്തിയെ—ഇങ്ങനെ പോകുന്നു ഇവിടത്തെ മിശ്രണം. ഒരു കുടുംബത്തെയും ശരിക്കും ഇന്ന ജാതിയെന്നു പറയുവാൻ പ്രയാസമാണു്. മുക്കാൽപേർക്കും ഒന്നിലധികം ഭാര്യമാരുണ്ടു്. ഈ ദുഃസ്ഥിതി തരണംചെയ്യുവാൻ ഇന്നുവരെ ഈ ഹൈറേഞ്ചിൽ ആർക്കുംസാധിച്ചിട്ടില്ല എന്നാൽ വളരെനല്ല ആളുകളെയും കണ്ടുമുട്ടാറുണ്ടെന്ന കാര്യം പ്രസ്താവിക്കാതെ തരമില്ല. വളരെ മാന്യമായി ജീവിക്കുന്ന പല വ്യക്തികളുമുണ്ടു്. ഒരു വീടുവയ്ക്കാൻ സ്ഥലമില്ലാതെ ഓരോ സ്ഥലത്തു ചെല്ലുമ്പോഴും ഒരു വാഴ, അഥവാ ഒരു കപ്പ കണ്ടാൽ അതു് മറ്റുള്ളവരുടേതാണെന്നുധരിച്ചു് മടങ്ങിപ്പോരുന്ന മനസ്സാക്ഷിയുള്ള ആളുകളും ഈ ഹൈറേഞ്ചിന്റെ ദീപസ്തംഭങ്ങളായി നിലകൊള്ളുന്നു.

ഇനി ഞങ്ങളുടെ പള്ളിയാണു്. അതു് പലേടത്തും പല കൊല്ലങ്ങളായി ആരംഭിച്ച ഒരു അഞ്ചുവർഷംമുമ്പു പള്ളി വളരെ ചുരുക്കമായിരുന്നു, അന്നു് ഒരു കർബാന കാണണ്ണതിനുവേണ്ടി പല കത്തോലിക്കരും വളരെ കഷ്ടപ്പെട്ടിട്ടുണ്ടു്. എന്നാൽ ഇപ്പോഴും പുതുതായി കയറുന്ന എല്ലാ സ്ഥലത്തും ചെറുതായിട്ടെങ്കിലും—പുല്ലും തൈതലും ഉപയോഗിച്ചു് പള്ളിയുണ്ടു്; മിക്ക സ്ഥലത്തും ഓരോ വികാരിയുമുണ്ടു്. എന്നാൽ വൈദികരെ ബഹുമാനിക്കുക എന്നൊരേപ്പാട്ടു് ഹൈറേഞ്ചിനെ സംബന്ധിച്ചിടത്തോളം തൊട്ടുതേച്ചിട്ടപോലുമില്ല, വൈദികരെ അൽമേയരുടെ ചൊല്പടിക്കു കൊണ്ടുപോകാമോഎന്നു അവർ ആദ്യമായി നോക്കും. അതു സാധിച്ചില്ലെങ്കിൽ അട്ടഹാസം കൊള്ളരുതാത്തവനായി. അവർ പറയുന്നതു് അട്ടഹാസം കേട്ടാൽ പള്ളിപ്പിരിവും കൊടുക്കും മറ്റെല്ലാ സഹായങ്ങളും നൽകും.

പള്ളിയോടു് അനുബന്ധിച്ചാണു് ഹൈറേഞ്ചിലെ മിക്ക സ്കൂളുകളും. അവിടെയെല്ലാം മാനേജർമാരും അച്ചന്മാരാണു്. ഗവ, സ്കൂളുകളും ഇല്ലാതില്ല. എന്നാൽ സ്കൂളിൽ അൽമേയർക്കു് ജോലികൊടുക്കുക എന്നൊരേർപ്പാടു് നമ്മുടെ കത്തോലിക്കർക്കില്ല. എവിടെ സ്കൂളുണ്ടോ അവിടെ മഠവുമുണ്ടു്. എന്നാൽ ഏതാനുംവർഷങ്ങളായി ജനങ്ങളും ഒത്തുപേർന്നു് കന്യാസ്ത്രീകൾക്കുമാത്രം ജോലികൊടുക്കുന്ന സമ്പ്രദായത്തെ തടഞ്ഞതുകൊണ്ടു് ഇപ്പോഴും അൽമേയരെക്കൂടി ജോലിക്കായി എടുക്കുന്നുണ്ടു്. ഹൈറേഞ്ചിലെ ഓരോ സ്കൂളും അവിടത്തെ അച്ചന്മാരുടെ രാപ്പകലില്ലാത്ത പരിശ്രമത്താലും ജനങ്ങളുടെ നിരന്തമായ പ്രയത്നത്താലും ഉണ്ടായിട്ടുള്ളതാണു്. അതിനാൽ ജനങ്ങളുടെ ന്യായമായ അവകാശം സാധിച്ചുകൊടുത്തേ മതിയാകൂ. സ്കൂൾപണിയുന്നതിനു വളരെയധികം കഷ്ടപ്പാടുകളും ഓരോരുത്തരും സഹിക്കേണ്ടിവന്നിട്ടുണ്ടു്. ഓടു്, സിമിൻറു്, കമ്പായം, ഉരുപ്പടികളും ഇവയെല്ലാം നാട്ടിൽനിന്നു് കൊണ്ടുവരേണ്ടിയിരുന്നു. ലോറിക്കോ ബസ്സിനോ

നോ എന്തിനു കൊണ്ടുവന്നാലും പിന്നെയും പല മൈൽ അകലം സാമാനം തലയിൽചുമക്കണം എന്നുപറഞ്ഞാൽ അതു ഉപായകാര്യമല്ലല്ലൊ. അധികാരികളുടെ ഭീഷണികളും ഏതിർപ്പുകളും മറുവശത്തു; ജനങ്ങളുടെ ചേരിതിരിവു് മറെറാരു വശത്തു. ഇതെല്ലാം തട്ടിമാറിയിട്ടാണു് ഇവിടത്തെ ഓരോ സ്കൂളും പണിയുവാൻകഴിഞ്ഞതു്. ഓരോ ക്ലാസ്സിലും എ, ബി, സി, ഡി, ഇ വരെ ഡിവിഷനുകൾഉണ്ടു്. നാട്ടിലേതിനേക്കാൾ വളരെമോശമാണു് ഇവിടത്തെ വിദ്യാഭ്യാസം.

മററു പല പൊതുസ്ഥാപനങ്ങളും ഹൈറേഞ്ചിലുണ്ടു്. വഴക്കു പരിഹരിക്കാൻ ഔട്ടുപോസ്റ്റുകളും അതേതുടർന്നു സ്റ്റേഷനുകളും ഉണ്ടു്. പഞ്ചായത്തു്, വില്ലേജാഫീസു്, സഹകരണസംഘം, വായനശാല, ആശുപത്രി, പോസ്റ്റാഫീസു് എന്നിങ്ങനെ പലതുമുണ്ടു്.

നാട്ടിൻപുറത്തേക്കാൾ കാലാവസ്ഥ പൊതുവെ തണുപ്പേറിയതാണു്. ഡിസംബർ, ജനുവരിമാസങ്ങളിൽ കാറ്റു് വളരെ ശക്തിയായി വീശുന്നു. എന്നാൽ ഇവിടെ മറെറാരു ഗുണമുള്ളതു് ഏതുമാത്രം ശക്തിയായി കാറടിച്ചാലും വൃക്ഷത്തിൻെറ ഒരു കമ്പുപോലും ഒടിയുകയില്ലെന്നുള്ളതാണു്. നാട്ടിൻപുറത്തു് രോഗാധീനരായി കിടന്നപലർക്കും ഈ കാലാവസ്ഥ വളരെപിടിച്ചിട്ടുണ്ടു്. എങ്കിലും രോഗമില്ലാത്ത പലരും രോഗികളായും തീർന്നിട്ടുണ്ടു്. വർഷകാലമായാൽപിന്നെ എപ്പോഴും നൂലുപോലെ മഴ പാറിക്കൊണ്ടിരിക്കും. അപ്പോൾ വീട്ടിനു പുറത്തിറങ്ങാൻ സാദ്ധ്യമല്ല. ഹൈറേഞ്ചിൽ പരിചയമില്ലാത്ത ആരെങ്കിലും വർഷകാലത്തു വരാൻ ഇടവന്നാൽ ഒന്നെങ്കിലും ഭൂമിയെ ചുംബിക്കാതെ തിരിച്ചുപോകുകയില്ല. ഇവിടത്തെ സ്ഥലങ്ങൾ മുക്കാലും കീഴ്ക്കാംതൂക്കായി സ്ഥിതിചെയ്യുന്നു. പാറക്കെട്ടുകൾ വളരെകൂടുതലും മൈതാനങ്ങൾ തീരെ ചുരുക്കവുമാണു്. ഒരു മലയിൽനിന്നു നോക്കിയാൽ 5, 6 മൈൽ അകലെയുള്ള മറെറാരു സ്ഥലം കാണുന്നതിനു യാതൊരു പ്രയാസവുമില്ല. ആദ്യമാദ്യം കുടിയേറിപാർത്ത പലർക്കും ഇന്നു് ജീവിക്കാൻ പ്രയാസമില്ല. കുരുമുളകു്, കാപ്പിക്കുരു, ഏലം ഇത്യാദി എല്ലാം അവർക്കു ധാരാളമുണ്ടു്. കുടിയേറിപാർത്ത കാലത്തു് കൂടുതലും ആംസാധീനവും പണവും ഉണ്ടായിരുന്നവർ ഹൈറേഞ്ചുരാജാക്കന്മാരായിരുന്നു.

കുടിയിറക്കു്

1949 മുതൽ അയ്യപ്പൻകോവിൽതൊട്ടു് പാണ്ടിയുടെ അതിരുവരെ കുടികിടപ്പുകാർ കയറുകയും അതിനിടയിൽ പല ഗവമ്മെണ്ടുകളും വന്നുപോകുകയും ചെയ്തു. 1955-ൽ മന്ത്രിസഭ രാജിവച്ചതിനെ തുടർന്നു് P S റാവു അഡ്മിനിസ്ട്രേറററായി ഭരണംതുടങ്ങി. അനധികൃത വനംകയ്യേറ്റം ഒഴിമതിയായി ഗണിച്ചു് അതിനെ തടയാൻ കുടിയിറക്കുനടത്തുന്നതാണെന്നു് പ്രഖ്യാപനമുണ്ടായി. ഹൈറേഞ്ചുനിവാസികളായ പലരും അതേപ്പററി നിവേദനം സമർപ്പിച്ചതിൻെറ ഫലമായി സർവേസ്റ്റു് ഓർഡർ ഇടുകയുംചെയ്തു. ടി ഓർഡർ നിലവിലിരിക്കെ 1957 ഏപ്രിൽ 5-ാംനു കമ്യൂ ഗവർമ്മെണ്ടു് അധികാരത്തിൽ വന്നു. 1957 ഏപ്രിൽ 26-ാംനു സ്റ്റേമ്പു പ്രവേശിച്ചുവരെ കുടിയിറക്കുകയില്ല എന്ന വ്യവസ്ഥയിൽ കമ്യൂ. ഗവ. കുടിയിറക്കുനടപടി ആരംഭിക്കയുംചെയ്തു. അന്നു പ്രതിപക്ഷമായിരുന്ന കോൺഗ്രസ്പാർട്ടി, കോട്ടയം ഡി സി സി അടിസ്ഥാനത്തിൽ ഒരു സമരം പ്രഖ്യാപിച്ചു. അന്നത്തെ തൊഴിൽമന്ത്രി ടി. വി. തോമസ് കോട്ടയം ടി ബി യിൽവച്ചു നടത്തിയ സന്ധിസംഭാഷണത്തിൽ ഒരു എൻകയറി കമ്മീഷനെ വച്ചു. ടി. കമ്മീഷൻ ഡിസ്ട്രിക്ജഡ്ജിയായിരുന്ന ചന്തുമേനോൻെറ വിധിയിന്മേൽ കുടിയിറക്കപ്പെടുന്ന കുടുംബങ്ങൾക്കു ഭൂമികൊടുക്കാൻ വിധിയാകയും ചെയ്തു. അതിൻെറ ശേഷം നടന്ന ഐതിഹാസികമായ വിമോചനസമരത്തിൽ കമ്യൂ. ഗവമ്മെണ്ടു് താഴെപ്പോകയും ഐക്യകക്ഷി മന്ത്രിസഭ അധികാരത്തിൽ വരുകയുംചെയ്തു. 6 മാസത്തിനുശേഷം ദേവികുളം എം. എൽ. എ. സുന്ദരം നിയമസഭയിൽ കൊണ്ടുവന്ന കുടിയിറക്കു പ്രമേയത്തെ കമ്യൂ എം. എൽ. എ. മാർ മുഴുവനും പിന്താങ്ങി. മുന്നു കോൺഗ്രസ് എം.എൽ.എ.മാരൊഴികെ സകലമുഴുവൻ പ്രമേയത്തെ പിന്താങ്ങി. തദവസരത്തിൽ കുടിയിറക്കപ്പെടുന്ന സാധുകർഷകർക്കു ഭൂമിയും വീടു വയ്ക്കുന്നതിനു പണവും ഗവ. നൽകുന്നപക്ഷം പോലീസ്വകുപ്പിൻെറ സഹായം നൽകുന്നതാണെന്നും, അല്ലാത്തപക്ഷം പോലീസ് മന്ത്രിയായിരിക്കുന്നിടത്തോളം അതിൽ സഹകരിക്കുന്നതല്ലെന്നും ആഭ്യന്തരമന്ത്രി പി ററി ചാക്കോ അസന്നിഗ്ദ്ധമായി പ്രഖ്യാപിക്കയുംചെയ്തു. അതിൻെറ ശേഷം വനംവകുപ്പുമന്ത്രി ഈ. പി. പൗലോസിൻെറ ഉറപ്പിന്മേൽ കർഷകരെ കുടിയിറക്കുന്നതിനു പോലീസ് പാർട്ടിയെ അയയ്ക്കുകയും ചെയ്തു.

ഇടുക്കി പ്രദേശത്തുനിന്നു് ആളെ ഇറക്കുവാൻ ഓർഡർ വന്നതിനെ തുടർന്നു് കർഷകസംഘം പ്രസിഡണ്ടു് ഒ. വി. ലൂക്കോസ് അധികാരസ്ഥാനങ്ങളിൽ നിവേദനം സമർപ്പിച്ചു, ആയതിനു്, ഒരു കൃഷിയെടുത്തിട്ടു് ഇറങ്ങിക്കൊള്ളണമെന്നു് ഉത്തരവുണ്ടായി. അതനുസരിച്ചു് 1961 മെയ് 2—ാംനു വരെ ആ ഓർഡർ നീട്ടുകയും ചെയ്തു. ഇടുക്കിപ്പദ്ധതിക്കു സ്ഥലമെടുക്കുന്ന തീരുമാനത്തിനു് കുടിയാന്മാർ ഉൾക്കൊള്ളുന്ന ഒരു പ്രതിനിധിസംഘത്തെ കോട്ടയം കളക്ടർ വിളിച്ചുകൂട്ടുകയും, പദ്ധതിക്കാവശ്യമുള്ള സ്ഥലത്തുനിന്നു് കുടി ഒഴിപ്പിക്കുമെന്നും കൃഷിക്കാർ തടയരുതെന്നും അവരെ അറിയിച്ചു് പറഞ്ഞയക്കയും ചെയ്തു. ടി പ്രതിനിധികൾ വന്നു് കൃഷിക്കാരെ കബളിപ്പിച്ചു് ഏക്കറിനു് 5 രൂപാ തോതിൽ പണംപിരിച്ചു. ഈ വിവരം കർഷകയൂണിയൻ പ്രസിഡൻറു് ഒ. വി ലൂക്കോസും പാർട്ടിയും അറിഞ്ഞു സ്ഥലത്തുവന്നപ്പോൾ, നിങ്ങൾ ഞങ്ങളുടെ പണം പിരിച്ചില്ലേ എന്നും മറും ചോദിച്ചു് കല്പിറിയുകയും അനാവശ്യങ്ങൾ പറഞ്ഞൊടിക്കയും ചെയ്തു. കർഷക യൂണിയൻെറ രജിസ്റ്റർ നോട്ടീസില്ലാതെ പണം പിരിച്ചതിനെ കർഷകസംഘം പ്രസിഡൻറു് പ്രതിഷേധിച്ചു.

ആദ്യം ഹൈറേഞ്ചിൽനിന്നു് ഇടുക്കിക്കു് ആവശ്യമായ 200 വീടുകൾമാത്രം കുടി ഒഴിപ്പിച്ചാൽ മതിയെന്നായിരുന്നു. പിന്നെ എങ്ങനെ 1700-ലധികം കുടുംബങ്ങളെ കുടി ഒഴിപ്പിച്ചു? പറയാം. കർഷകൻെറ യോജിപ്പില്ലായ്മ ഒന്നുമാത്രമാണു് കാരണം. അവർക്കു് ഒരു സംഘടന ഉണ്ടായിരുന്നില്ല. സംഘടിക്കുക എന്നുപറഞ്ഞാൽ എന്തെന്നുപോലും കർഷകനു് അറിഞ്ഞുകൂടായിരുന്നു. ഇതു് കണ്ടുനിന്ന മേധാവികൾ, അവരെ ചിതറിക്കാൻ എളുപ്പമുണ്ടു് എന്നു മനസ്സിലാക്കി, പത്തോ അൻപതോ വീടേ കുടി ഒഴിപ്പിച്ചു എന്നും മറും പറഞ്ഞു് കുടിയിറക്കാരംഭിച്ചു. അവനെ ഇറക്കട്ടെ. എനിക്കതിൽ എന്താണു് എന്നു് ആ കർഷകർ ഓരോരുത്തരും കുരുതി ഒത്തുങ്ങി ജീ

പുതിയ വികാരിയച്ചൻ.

പുതിയ വികാരിയച്ചനെ പ്രതീക്ഷിച്ച് അവർ പള്ളിപ്പരിസരങ്ങളിൽ ചുറ്റിപ്പറ്റി നിന്നു. കൂട്ടവിട്ടിറങ്ങിയ തേനീച്ചകളെ മധുവുണ്ട പൂക്കളിലൂടെ സഞ്ചരിക്കുന്നതു് അവർ കാണുന്നുണ്ടായിരുന്നു. ഗംഭീരമായ ഒരു യാത്രയയപ്പുകഴിഞ്ഞു സ്ഥലംവിട്ട വികാരിയച്ചനെ അനുഗമിക്കുവാൻ 20 കാറുകളിലായി 175 ആളുകളാണു് അവിടെനിന്നും നീങ്ങിയതു്. കാറിലൊന്നിലും സ്ഥലം കിട്ടാതെ തൂങ്കിപ്പോയവരാണു് അവിടെ നിന്നിരുന്നവർ. പൈലോച്ചൻ അള്ളുട്ടത്തിലെ ഒരു കൊച്ചുമിടുക്കനാണു്. പോയ വികാരിയച്ചന്റെ പുറകേ ഇനിയും തൂങ്ങുന്നതു കൊണ്ടെന്താണു് പ്രയോജനം? വരുന്ന വികാരിയച്ചനൊരു സ്വാഗതം നൽകുന്നതല്ലേ ഉത്തമം? നിരാശ പറഞ്ഞൊതുക്കുന്നവരുടെ കൂട്ടത്തിൽവന്നു നിന്നുകൊണ്ടു പൈലോച്ചൻ ഇട്ടുകാടുക്കുന്ന രണ്ടു ചോദ്യങ്ങളാണു്. വീണതു വിദ്യയാക്കുവാനുള്ള പണി അവർ പഠിച്ചുകഴിഞ്ഞു. പുത്തൻ വികാരിയച്ചന്റെ മുമ്പിൽ ഇടവകപ്രമാണികളുടെ വേഷം കെട്ടാൻ ഒത്തുവന്ന അവസരം നഷ്ടപ്പെടുത്തുകയോ! അവരുടെ രോഷാഗ്നി കെട്ടടങ്ങി.

''വരുന്നവികാരിയച്ചനെനിങ്ങളാരാണും അറിവോ? കുറുച്ചന്റെ ചോദ്യം. അയാളൊരു ദീർഘസഞ്ചാരിയാണു്, കുടുംബങ്ങളും തമ്മിലുള്ള കെട്ടുപാടും ബന്ധവും സംബന്ധിച്ച ചരിത്രമാണു് അയാളുടെ ഐശ്വരികം. പുത്തൻ വികാരിയച്ചന്റെ പേരും നാമവും തനിക്കറിയാമെന്നാണു് അയാളുടെ വാദിക്കുന്നതു്. നേരമ്പോക്കിനു

വിച്ചു. അവർക്കും അതാണു് വരുന്നതെന്നു് അവർ മനസ്സിലാക്കിയില്ല. അങ്ങനെ ചേരിതിരിവിന്റെ, മത്സരത്തിന്റെ പുറത്തു് 1700-ലധികം കുടുംബങ്ങളെ കുടിഴിപ്പിച്ചു എന്നുള്ള സങ്കടാവസ്ഥയും യാഥാർത്ഥ്യമായി ഭവിച്ചു. ശരിയായ മാർഗ്ഗങ്ങളും ചൂണ്ടിക്കാണിക്കാനോ പറഞ്ഞു മനസ്സിലാക്കാനോ ആരും ഉണ്ടായിരുന്നില്ല. കലപ്പയും തൂമ്പായുമല്ലാതെ കർഷകനു് കൂട്ടായുമില്ല. ഇതുതന്നെയാണു് അവരെ കഷ്ടത്തിലാക്കിയതു്.

ഹൈറേഞ്ചിൽ (ഉടുമ്പഞ്ചോലയിൽ) നിന്നു് 1700-ലധികം കുടുംബങ്ങളെയാണു് കുടിയിറക്കിയതു്. അതിൽ മറ്റു സ്ഥലം ഉള്ള 500 കുടുംബങ്ങളെ നീക്കി 1200 കുടുംബങ്ങൾക്കു് കുടുംബക്കാർഡുകളും കൊടുത്തു. ഈ കാർഡു് ലഭിച്ചവരിൽതന്നെ 223 കുടുംബങ്ങൾക്കു് വേറെ സ്ഥലമുണ്ടു്. ഇങ്ങനെ ഇറക്കപ്പെട്ടവർ കുറേക്കാലത്തേക്കു് കഷ്ടത അനുഭവിച്ചു എന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. സ്വാതന്ത്ര്യപ്രാപ്തിയെത്തുടർന്നുണ്ടായ പാക്കിസ്ഥാനി അഭയാർത്ഥിപ്രശ്നം പോലെ ഒരു പ്രശ്നമായിരുന്ന ഇതും. കുമളി-വണ്ടൻമേടു് റോഡിന്റെ ഇരുവശങ്ങളിലും നെടുങ്കൻ ഷെഡ്ഡുകളും കെട്ടി അതിൽ തോരാമഴയുടെ കാലത്തു് പുരുഷന്മാരും സ്ത്രീകളും കുട്ടികളും തിങ്ങിനിന്നിരുന്നു. അതിനിടയ്ക്കു് അടുപ്പുകൂട്ടിഭക്ഷണം പാകം ചെയ്യലും ചെയ്തു. അവിടത്തെ കുത്തമണ്ണു് നനഞ്ഞാൽ ചെളിയായി രൂപാന്തരപ്പെടുന്നു. ഇങ്ങനെയുള്ള കഷ്ടതയുടെ നടുക്കു് ആ പാവപ്പെട്ട കർഷകർ എത്രമാത്രം കഷ്ടത അനുഭവിച്ചുവെന്നുള്ളതിനു് ഞാനും ദൃക്സാക്ഷിയാണു്. അഞ്ചും എട്ടും പത്തും ഏക്കർ വീതം ഭൂമി കൃഷിചെയ്തു ഫലം എടുക്കുന്നതിനു മുമ്പു് വിട്ടുപോരേണ്ടിവന്ന ഇവരുടെ കൈവശം ജീവിതത്തിനുവേണ്ട ക്ഷേമസാധനങ്ങളോ വസ്തുക്കളോ ഇല്ലായിരുന്നു. തുറന്ന പുൽക്കൂടിലിൽ തണുത്ത കാറ്റു് ഏറ്റു് വിഷമിച്ചിരുന്ന ആ അവസരത്തിൽ പല സംഘടനകളും അവരെ സഹായിക്കുന്നതിനു് പറന്നെത്തി. ഭാരതസേവാ സമാജം, ചങ്ങനാശേരിഅതിരൂപത, നാഷനൽ കോൺഗ്രസ്—ഈ മൂന്നു പ്രസ്ഥാനങ്ങളും യോജിച്ചു് പ്രവർത്തിച്ചു. മിസ്സിസ് ആർ വി തോമസ്സിന്റെയും കുരുവിനാൽകുന്നേലിന്റെയും നേതൃത്വത്തിൽ ഏതാനും യുവാക്കന്മാരും സഹായത്തിനു് എത്തി. ബഹു. വടക്കനച്ചനും വില്ലിങ്ടനും സ്ഥലം വികാരി ബ. പുത്തമ്പറമ്പിലച്ചൻ, പെട്ടിക്കാട്ടു് ബ. ജെയിംസച്ചൻ എന്നിവരും അവരുടെമദ്ധ്യേ സഹായഹസ്തങ്ങളുമായി പ്രവർത്തിച്ചു. പെരുമ്പിപ്പുഴ രണ്ടാനം ആശുപത്രികളിൽനിന്നു മുന്നു മെഡിക്കൽ മിഷൻ സഹോദരിമാർ ഔഷധവും ശുശ്രൂഷയും നൽകി. ഗവ: ൽനിന്നു നൽകിക്കൊണ്ടിരുന്ന അരിക്കു പുറമെ, ഗോതമ്പു്, കോൺഫ്ളവർ, കപ്പ, മത്സ്യം, തോർത്തു്, മുണ്ടു്, ഷർട്ടു്, ബ്ലൗസു്, സാരി മുതലായ സാധനങ്ങളും ഇവർ വിതരണം ചെയ്തു. ഇങ്ങനെയെല്ലാം അവർക്കു സമാധാനവും ആശ്വാസവും നൽകി. പിന്നീടു് വീടുവയ്ക്കുന്നതിനായി പല സഹായങ്ങളും ഇവർ ചെയ്തിട്ടുണ്ടു്.

എന്നാൽ ശ്രീ ഏ. കെ ഗോപാലന്റെ നിരാഹാരം സ്ഥലത്തു് രണ്ടാഴ്ചക്കാലത്തേക്കു് വലിയ കഴപ്പുണ്ടാക്കുകയും സൃഷ്ടിച്ചു. കുടിൽകെട്ടി സ്ഥലത്തു പ്രവേശിച്ചു് കൃഷിയിറക്കുന്നതിനു പകരം അനുവദിച്ച സ്ഥലം സ്വീകരിക്കേണ്ടെന്നും അഞ്ചേക്കർ കിട്ടിയേ സമ്മതിക്കാവൂ എന്നും മറ്റും കർഷകരെ നിർബന്ധിച്ചിരുന്നതിനാൽ ജാഥയും പ്രകടനവുമായി സമയം കളഞ്ഞു. കമ്യൂണിസ്റ്റുകാർ അവരുടെ പാർട്ടിയെ വളർത്തണമെന്നാണു് പ്രധാനമായും ഉദ്ദേശിച്ചിരുന്നതു്.

വീണ്ടും കുടിയിറക്കു് ആരംഭിക്കുമെന്നു കേട്ട കർഷകർ പിന്നീടു് സംഘടിച്ചു നിൽക്കാൻ തുടങ്ങി. ഇനിയും ഇതാവർത്തിക്കപ്പെടാതിരിക്കാൻ പല സുമനസ്സുകളായ വ്യക്തികളും അഭ്യർത്ഥിക്കയും, മീറ്റിംഗുകൾ നടത്തുകയും പല വാഗ്മികളും പ്രസംഗിക്കുകയും ചെയ്തു. പക്ഷെ ഇതുകൊണ്ടൊന്നും മന്ത്രിമാർ കുലുങ്ങുന്നമട്ടു കണ്ടില്ല. അങ്ങനെയിരിക്കുന്ന അവസരത്തിലാണു് കമ്യൂണിസ്റ്റു വിരുദ്ധമുന്നണിനേതാവായ ഫാ. വടക്കനും കുപ്രസിദ്ധൻ വില്ലിംഗ്ടനും ഒന്നുചേർന്നു കൊട്ടിയൂർജാഥ തിരുവനന്തപുരത്തേക്കു് നയിച്ചതു്. ആ അവസരം പാഴാക്കാതെ ഇവിടത്തെ നേതാക്കന്മാർ എല്ലാവരും കൂടി ചേർന്നു ഹൈറേഞ്ചിൽനിന്നും ഒരു ജാഥ കൊട്ടിയൂർ ജാഥയോടുകൂടി തിരുവനന്തപുരത്തേയ്ക്കു പുറപ്പെട്ടു. അതിൽ വലിയ വിജയം ഉണ്ടായില്ലെങ്കിലും കഷ്കരുടെ ആശയങ്ങളും ഏതാണ്ടൊക്കെ ഗ്രഹിക്കുവാൻ ഗവണ്മെൻറിനു കഴിഞ്ഞിട്ടുണ്ടു്.

ഇവിടത്തെ വഴികളും പൊതുവെ വളരെ മോശമാണു്. അതിനാൽ ഇവിടത്തെ കാർഷികോല്പന്നങ്ങളും നാട്ടിൻപുറത്തേയ്ക്കു് എത്തിച്ചുകൊടുക്കാനും പ്രയാസമാണു്. കഷ്കരുടെ ആ പ്രശ്നം കൂടി ഗവണ്മെൻറു പരിഹരിച്ചുതരുമെന്നു് ഞങ്ങളും ആശിച്ചിരിക്കയാണു്.

C. T. A.

വേണ്ടിയും ചിലപ്പോഴം സംസാരം ആവശ്യമാണല്ലൊ. സഞ്ചാരി കുവച്ചൻ എന്ന വിളിക്കുന്നതൊരു ദോരമായതുകൊണ്ട് സാക്കോൻ എന്ന ഓമനപ്പേരാണ് പൊതുജനങ്ങളം അയാംക്ക നൽകിയിരിക്കുന്നത്. ''വരുന്ന വികാരിയച്ചനെപ്പറ്റി എന്തറിയാം സാക്കോനേ? അറിയാവുന്നതങ്ങു പറഞ്ഞാട്ടെ.'' പൈലോച്ചൻ അഭിപ്രായപ്പെട്ട. സാക്കോനു സന്തോഷമായി: ഇഷ്ടമുള്ളതും പാൽ, കല്പിച്ചതും പാൽ എന്ന മട്ടിൽ.

ഫിഡിൽ വായനക്കാരന്റെ ഒരുക്കങ്ങളംപോലെ അയാളം കണ്ഠശുദ്ധിക്കുവേണ്ടി ചില പാഴ്സ്വരങ്ങളം പുറപ്പെടുവിച്ച എന്നിട്ട് തുടങ്ങി:—''ഔസേപ്പച്ചനെന്നാ അദ്ദേഹത്തിന്റെ പേര്. ബി. എ. ക്കാരൻ; ഉത്തമൻ. എവിടെല്ലാം അദ്ദേഹം ഇരുന്നിട്ടൊണ്ടോ അവിടെല്ലാം അദ്ദേഹം ജനങ്ങളുടെ കണ്ണിലുണ്ണിയായിരുന്നു. നമ്മുടെ ഒരു മഹാ ഭാഗ്യത്തിനാ അദ്ദേഹം ഇങ്ങോട്ട വരണതു. നോക്കിനിന്നോ ഒരിരുപത്തഞ്ചു കാറെങ്കിലും കാണം അദ്ദേഹത്തിന്റെ കൂടെപ്പോരാൻ. കേംബ്രിയിലെ പകലോ മറ്റം കൂടുംബമെന്നു? അതാണ് ഔസേപ്പച്ചന്റെ കൂടുംബം വലിയോനെന്നും ചെറിയോനെന്നും അദ്ദേഹത്തിനു നോട്ടമില്ല.''

പള്ളിയുടെ വാതിൽക്കൽ വന്നുനിന്നു ഒരു ബസ്. കാറിൽ സ്ഥലം കിട്ടാഞ്ഞ ഒരു പാർട്ടി ബസിൽ വന്നതായിരിക്കുമെന്നാണ് അവർ കരുതിയതു. പക്ഷേ നീണ്ട ലോഹയുടുപ്പുള്ള ഒരാം അതിൽനിന്നും ഇറങ്ങിവരുന്നു. കൂട്ടത്തിൽ ഒരാം മാത്രമുണ്ട്. ഇതായിരിക്കുമോ സാക്കോൻ പറഞ്ഞ ഔസേപ്പച്ചൻ! സാക്കോന്റെനേരെയാണ് പലരുടെയും കണ്ണുകം തിരിഞ്ഞതു. 25 കാറിന്റെ അകമ്പടിയോടുകൂടി സ്ഥലത്തെത്തുമെന്നു സാക്കോൻ പറഞ്ഞ ആളോ ഇതെന്ന ചോദ്യമായിരുന്നു ഓരോരുത്തന്റെയും കൺമുനകളിൽ. പൈലോച്ചൻ അല്പം മാറിനിന്നിട്ട പറഞ്ഞു ''ഒരച്ചൻ 20 കാറിന്റെ അകമ്പടിയോടുകൂടി സ്ഥലത്തുവരുന്നതും മറ്റൊരച്ചൻ ലൈൻബസിൽ വന്നിറങ്ങുന്നതും തമ്മിൽ വളരെ വ്യത്യാസമുണ്ടെന്നു നിങ്ങൾക്കു തോന്നുന്നില്ലെ? 20 കാറുകാരൻ, വിട്ടുപിരിയുന്ന അവസരത്തിലും ഭീമമായ ഒരുനകം ഇടത്തരക്കാരുടെ ചുമലിൽ വച്ചുമുക്കുന്നു. ലൈൻബസിൽ വരുന്നയാം മറ്റൊരുത്തനെയും ദ്രോഹിക്കുന്നില്ല. ഇതാണ് രണ്ടുപേരും തമ്മിലുള്ള വ്യത്യാസം. ഒരു യാത്രയയപ്പിനും മംഗളപത്രത്തിനുംവേണ്ടി പോയ അച്ചൻ എത്ര പേരെ സമീപിച്ചു എന്ന നിങ്ങൾക്കറിയാമോ? നാലഞ്ചു കൊല്ലം നമ്മുടെ പള്ളിയിൽ ഇരുന്ന ഒരച്ചൻ, പോകുന്ന സമയത്തു ഒരുകാര്യം ആവശ്യപ്പെട്ടാൽ എങ്ങനെയാണു മുഖത്തുനോക്കി എതിരു പറയുക!'' വിസ്മയാധീനനായി ഇരുന്നുകൊണ്ടിരുന്ന സാക്കോൻ പറഞ്ഞു ''ഓഹോ ഇങ്ങനാണോ യാത്രയയപ്പും മംഗളപത്രോം! എന്റെ പാറേമാതാവേ, ഇതെന്തൊരു കളി!''

പുത്തൻ കാറ്. എവരും അതിൽ ആനന്ദിച്ചു. പള്ളിമുറ്റവും പരിസരങ്ങളും വൃത്തിയാക്കുന്നതിലായിരുന്ന അദ്ദേഹം ആദ്യം ശ്രദ്ധ പതിച്ചതു. വളരെനാംകൂടി എണ്ണയും ഇഞ്ചയും ഉപയോഗിച്ചൊരു തേച്ചുകുളി നടത്തിയ കലകന്യകയെപ്പോലെയായി ആ ദേവാലയം. കണ്ണാടിയിട്ട ഒരു ബോർഡിൽ അച്ചടിച്ചുവച്ചിരിക്കുന്ന പ്രോഗ്രാം പലരേയും ആകർഷിച്ചു. ഓരോ ദിവസവും നടക്കുന്ന പള്ളിക്കർമ്മങ്ങളുടെ സമയവിവരപ്പട്ടികയായിരുന്നു അതു. കൃത്യനിഷ്ഠ പാലിക്കുന്ന ഒരു വൈദികൻ കൃത്യനിഷ്ഠ ഇല്ലാത്ത ഇടവകക്കാർക്കും ഒരനുഗ്രഹമേ ആയിരിക്കു

കത്തോലിക്കാദേവാലയത്തിൽ അഴിമതിയും അക്രമവും അഴിഞ്ഞാടുന്ന ഒരു സ്ഥാനമാണ് കുമ്പസാരക്കൂട്. ആദ്യം ഞാൻ, ആദ്യം ഞാൻ എന്ന മുഷ്ടിനാണ് അവിടെ വിജയമെന്നു തോന്നും. ആദ്യംവന്നവൻ ആദ്യം എന്ന രീതി പണ്ടേ പുറംതള്ളപ്പെട്ടിരിക്കയാണ്. കുമ്പസാരക്കൂട്ടിൽ ചെന്നിരുന്ന ആദ്യത്തെ ദിവസംതന്നെ ഔസേപ്പച്ചനു ശ്വാസംമുട്ടലുണ്ടായി. കുമ്പസാരക്കൂട് മറിഞ്ഞുവീഴാതിരിക്കുവാൻ അദ്ദേഹം സ്വന്തം കായശക്തിതന്നെ പ്രയോഗിക്കേണ്ടിവന്നു. പിറ്റേദിവസംമുതൽ അദ്ദേഹത്തിനു നിർബന്ധമായി, കുമ്പസാരത്തിനെത്തുന്നവർ ക്യൂ നിൽക്കണമെന്നു. പല പ്രമാണികംക്കും അതു രുചിച്ചില്ല. ചിലർ കുമ്പസാരംതന്നെയും വേണ്ടെന്നുവച്ചു കളഞ്ഞു. ചിലർ അയൽപ്പള്ളികളിൽ അഭയംതേടി. പക്ഷേ പലർക്കും തോന്നിയതു ക്യൂ അവശ്യാവശ്യമായ ഒരു പ്രസ്ഥാനമാണെന്നാണ്.

പത്തുമിനിറ്റിൽ കൂടുതൽ നീളുകയില്ല അദ്ദേഹത്തിന്റെ പ്രസംഗം. പ്രതിഷേധിച്ച കുമ്പസാരം വേണ്ടെന്നുവച്ചവർപോലും അദ്ദേഹത്തിന്റെ കൃത്യനിഷ്ഠയെ അഭിനന്ദിക്കുവാൻ തുടങ്ങി. രണ്ടുമൂന്നു മാസംകൊണ്ട് ആ സ്ഥലത്തു വലിയ പരിവർത്തനം സംഭവിച്ചു. അദ്ദേഹത്തിന്റെ ജീവിതം വിളക്കുതണ്ടിൽനിന്നു പ്രകാശിക്കുകയാണ്. അദ്ദേഹത്തിന്റെ ജീവിതത്തിനു നാഴികമണിയോടാണു കൂടുതൽ സാമ്യം എന്നു പലരും പറയുന്നു. വെളുപ്പിനേ നാലുമണിമുതൽ അദ്ദേഹത്തിന്റെ വാസസ്ഥലം പ്രകാശിച്ചുതുടങ്ങും. രാത്രി പത്തരകഴിഞ്ഞേ അതു അന്ധകാരത്തിൽ മറയു. ഈ സമയംമുഴുവൻ അദ്ദേഹം വിശ്രമരഹിതനായി ജോലിചെയ്യുകയാണ്.

ഇടവകയിലെ മികച്ച ധനാഢ്യനാണു കുഞ്ചാക്കോ. ഇടത്തരക്കാരനാണ് ഇട്ടിമാത്തു. നിത്യസഹായമാതാവിന്റെ ക്ഷേത്രമാരാണു രണ്ടുപേരും. ശനിയാഴ്ചതോറുമുള്ള നൊവേനയ്ക്ക് അവർ മുടക്കംവരുത്താറില്ല. അന്നു ഫെബ്രുവരിമാസത്തിലെ ആദ്യശനിയാഴ്ചയായിരുന്നു. നൊവേന കഴിഞ്ഞപ്പോഴം മണി 11 ആയി. കുഞ്ചാക്കോയും ഇട്ടിമാത്തുവുംകൂടെ ഒന്നിച്ചാണു പുറത്തേക്കിറങ്ങിയതു. ഇട്ടിമാത്തു നേരെ ഒരു പൈപ്പിന്റെ സമീപത്തേക്കു നീങ്ങി. വെള്ളത്തിന്റെ താക്കോൽ ഒന്നു തിരിച്ചപ്പോഴം അയാളുടെ പാദങ്ങളിലേക്കു വെള്ളം ഒഴുകിവീണു. ചുടുന്ന വെയിലത്തെത്തൊരാശ്വാസം! അത്തരം രണ്ടു പൈപ്പുകളാണ് പള്ളിമുറ്റത്തു സ്ഥാപിച്ചിരിക്കുന്നതു—ഒന്നു പുരുഷന്മാർക്കും മറ്റൊന്നു സ്ത്രീകംക്കും. അവിടെ രണ്ടു മറപ്പുരകളുണ്ട്. ഒന്നു സ്ത്രീകം ഉപയോഗിക്കുന്നു. മറ്റതു പുരുഷന്മാരും.

തീ കെടുത്തുന്ന ജലത്തിന്റെ ഒഴുക്കുകണ്ടപ്പോഴം ആ താക്കോലൊന്നു തിരിക്കണമെന്നു കുഞ്ചാക്കോയ്ക്കും തോന്നി. പക്ഷെ ഇട്ടിമാത്തുനെപ്പോലുള്ളവർ ചെന്നുനിൽക്കുന്ന സ്ഥാനത്തു അയാം എങ്ങനെ നിൽക്കും! മാത്തു കൂട്ടത്തിൽ വന്നുചേരുവാൻവേണ്ടി അയാം പതിയെയാണു നടന്നതു. ഒരു തണൽവൃക്ഷത്തിന്റെ ചുവട്ടിലെത്തിയപ്പഴേയ്ക്കും കുഞ്ചാക്കോയ്ക്കു അനല്പമായ ക്ഷീണംതോന്നി. എന്നാലും സാധാരണക്കാരുടെ പേരിയിലേയ്ക്കുതാഴ്ന്നിറങ്ങുകയോ! കൂട്ടത്തിൽ വന്നുചേർന്ന ഇട്ടിമാത്തുനോടു അയാം ചോദിച്ചു. ''ഇപ്പോഴത്തെ വികാരിച്ചൻ

പോയ ആളെക്കാൾ മിടുക്കനാണെന്നാണോ നിന്റെ അഭിപ്രായം?'' ആ ചോദ്യത്തിൽ കരിങ്കൽച്ചില്ലകം അടക്കി വച്ചിട്ടുണ്ടെന്ന് ഇട്ടിമാത്തു വിചാരിച്ചില്ല. അതുകൊണ്ട് മനസ്സിലുള്ളതു വെട്ടിത്തുറന്നായിരംപറഞ്ഞു; അനയും ആട്ടംപോലെ. പള്ളിക്കാര്യങ്ങളും ഇതു കണിശത്തിനു് ഇതിനുമുമ്പു വല്ലപ്പോഴും നടന്നിട്ടുണ്ടോ? നല്ലതുണ്ടായ വെള്ളം ആരെയും ക്ഷണിച്ചുകൊണ്ടു് പള്ളിമുറ്റത്തോങ്ങിപ്പിടിച്ചുങ്ങനെ നിൽക്കയല്ലെ. കടിക്കുവാനും കാല കഴുകുവാനും എന്തൊരു സൗകര്യം. ഇനി കുർബാനയുടെ കാര്യമോ? ഇന്നയിന്ന സമയത്തെല്ലാം കുർബാന ഉണ്ടായിരിക്കുമെന്നു് അച്ചടിച്ചു വച്ചിരിക്കുന്നു. അദ്ദേഹം കൃത്യനിഷ്ഠ പാലിക്കുന്നതുപോലെ മറ്റാരും ഇടവകക്കാരും കൃത്യനിഷ്ഠയുള്ളവരായിരിക്കുവാൻ അദ്ദേഹം നിർബന്ധിക്കയും ചെയ്യുന്നു.''

അപ്പോ ഇട്ടിമാത്തുവിന്റെ ഒരു നാക്കു്! കുഞ്ചാക്കോയ്ക്കു് അതൊട്ടും ഇഷ്ടമായില്ല. സമുദായത്തിന്റെ മുമ്പിൽ തല ഉയർത്തിപ്പിടിക്കുവാൻ അവകാശമില്ലാത്തവനോടു് അഭിപ്രായം ചോദിച്ചതുതന്നെ അബദ്ധമായി എന്നായാംക്കുതോന്നി. തന്റെ ഇഷ്ടാനിഷ്ടങ്ങളെ മാനിക്കാതെ സ്വന്ത അഭിപ്രായം കലവറ കൂടാതെ പറഞ്ഞതിനു് ഇട്ടിമാത്തുവിനെ ഒന്നു പുഴുങ്ങണമെന്നു് അയ്യാം കരുതി. ''എടാ ഇട്ടിമാത്തു, നിന്റെ അപ്പനെ ഞാനറിയും. എന്റെ നേരേനിന്നയ്യാം 'കമാന്നു' മിണ്ടുകേലാ, പോയവികാരിച്ചനെ നീയറിയുമോടാ? അദ്ദേഹമാണു താവാട്ടുകാരൻ. അങ്ങേർക്കാണങ്ങളെ അറിയാം. ഈ എടവകേലു് എന്തുനടത്തണേലും, ഈ കുഞ്ചാക്കോയെ അങ്ങേരുവിളിച്ചാലോചിക്കുമായിരുന്നു. അങ്ങേക്കൊണ്ടായ നേട്ടമെന്തായിരുന്നെന്നുതോന്നുന്നു? ഈ എടവകേന്നു് ഇതിനുമുമ്പെത്ര വികാരിമാക്ക കിട്ടീട്ടൊണ്ടെ, ഇത്ര വലിയ ഒരു യാത്രയയപ്പു്? നീ വലിയ പടിത്തക്കാരനല്ലെ, ഇതൊന്നു പറഞ്ഞേ. അങ്ങേരുടെകൂടെ പോയ 20 കാറിൽ ആറെണ്ണം എന്റെ സ്വന്തം ചെലവിലാണുപോയതു്, ഇക്കാര്യം നിന്റെ പുത്തൻ വികാരിയോടു നീ ഒന്നു പറഞ്ഞേക്കണം.''

അച്ചനെ അറിയുന്ന ആളിന്റെ അടുക്കലാണു താൻ നിൽക്കുന്നതെന്നു ഗ്രഹിച്ചപ്പോഴും ഇട്ടിമാത്തു അടുപോലെ പുരുണ്ടകളഞ്ഞു കൊലകൊമ്പന്മാരിൽനിന്നും രക്ഷപെടാനുള്ള മാർഗ്ഗമായി അയ്യാം അതു സ്വീകരിക്കാറുണ്ടു്. പിന്നെ കുഞ്ചാക്കോ പറഞ്ഞതെല്ലാം ഇട്ടിമാത്തു മൂളിമൂളി കേട്ടേയുള്ളു. ഇട്ടിമാത്തുനെ നിശ്ശബ്ദനാക്കുവാൻ കഴിഞ്ഞതു് എന്തൊരു വീരകൃത്യമായിപ്പോയി! സ്വയം അഭിനന്ദിച്ചുകൊണ്ടു് അയ്യാം കുറേദൂരം നടന്നു. ഒരു കവല, രണ്ടുപേരും രണ്ടുവഴിക്കു തിരിയേണ്ട സ്ഥലമാണതു്.

വികാരിയച്ചന്റെ ദൂതനെ പ്രതീക്ഷിച്ചു് രണ്ടുദിവസം വീട്ടിൽത്തന്നെ തങ്ങിനിന്നുകളഞ്ഞു. ബ്രഹ്മകാര്യവ്യഗ്രനായ കുഞ്ചാക്കോ. മൂന്നാംദിവസം വികാരിയച്ചനെ ചെന്നുകാണുക എന്ന തീരുമാനത്തിലെത്തി. രാത്രിയാണു് ആളൊഴിഞ്ഞുകിട്ടുന്ന സമയം. തന്റെ നീക്കങ്ങളും മറ്റാരും അറിയരുതെന്നു് അയ്യാംക്കു നിർബന്ധമുണ്ടു്. ''എന്താ കുഞ്ചാക്കോ ഈ രാത്രിയിൽ?'' പ്രാർത്ഥനകഴിഞ്ഞു പള്ളിയിൽനിന്നും ഇറങ്ങിവന്നപ്പോഴും കണ്ടുമുട്ടിയ കുഞ്ചാക്കോയോടു് അച്ചൻ ചോദിച്ചതാണു്. ഇട്ടിമാത്തു തന്റെ ദൗത്യം നിർവ്വഹിച്ചില്ലെന്നു വരുമോ! ഇനി ഒന്നും മറച്ചുവയ്ക്കുണ്ട കാര്യമില്ല. ദ്രോഹിക്കുവാൻ ഇക്കാലത്തു ധാരാളം ആളുകളും ഉണ്ടാകും. എന്നാൽ ചേതമില്ലാത്ത ഒരുപകാരം ചെയ്യുവാൻ എത്രപേരുണ്ടു്? എല്ലാം ക്രിസ്ത്യാനികളാണെന്നു പറഞ്ഞാണു നടപ്പു്. ഇനി എന്റെ കാര്യം ഞാൻതന്നെ.

കുഞ്ചാക്കോ മുഖവുരയിലേക്കു കടന്നു. അച്ചനോടൊരുകാര്യം പറഞ്ഞേക്കാമെന്നു പറഞ്ഞു് ഇട്ടിമാത്തു മിനിയാന്നേ ഇങ്ങോട്ടുപോന്നാരുന്നല്ലോ''

''ഞാനൊരിട്ടിമാത്തുനേം കണ്ടില്ല. അയാംക്കു ഞാണപറയാനുള്ളതു്?''

'മറ്റൊന്നുമല്ലച്ചോ. ഞാൻ തേ അങ്ങുപറഞ്ഞേക്കാം. എന്റെ കുട്ടിക്കാരൊണ്ടാക്കിയതാ ഈ പള്ളി. മുമ്പിനാലേമൊതലു് ഞങ്ങക്കൊരു സ്ഥാനോം വലിപ്പോം ഒണ്ടിവിടെ. അച്ചനിതിന്റെ ചരിത്രമൊന്നും അറിഞ്ഞുകൂടായിരിക്കും. പോയവികാരിയച്ചൻ അതു നല്ലതുപോലെ പഠിച്ചയാളായിരുന്നു. അതുകൊണ്ടാ അങ്ങേരെ കൊണ്ടാക്കാൻ ഞങ്ങളെല്ലാംപോയതു്. 20 കാറൊണ്ടാരുന്നെന്നു് അച്ചനും കേട്ടുകാണുമല്ലൊ.''

''കേട്ടു; കേട്ടു, നിങ്ങളെല്ലാം നല്ലസ്നേഹമുള്ള മനുഷ്യരാ. ചില നല്ലകുടുംബക്കാരുടെ പ്രയത്നംകൊണ്ടാണു് ഒരോസ്ഥലത്തും പള്ളി ആരംഭിക്കുന്നതു്. അവരെ പ്രത്യേകവിധത്തിൽ ദൈവം അനുഗ്രഹിക്കാതിരിക്കയില്ല പിന്നെ നിങ്ങളും ഒരു കാര്യംഗ്രഹിച്ചിരിക്കണം. ഒരാളും ദാനംചെയ്യുന്നതു് അയ്യാംക്കു ദൈവം ദാനമായി നൽകിയ സമ്പത്തിൽനിന്നുമാണു്.''

''അച്ചാ, അങ്ങനെപറഞ്ഞതൻറെ വെലകെടുത്താമെന്നു കരുതണ്ടാ. ഇതിലെനടക്കണ എത്രപേർക്കാ ദൈവം ദാനം ചെയ്തിരിക്കുന്നതു്. എന്റെപ്പൻ കൈവെള്ള പൊട്ടി പണിതിട്ടാ ഇനിക്കു വസ്തും വകേം ഉണ്ടായതു്. അതിനാരും കണ്ണുകടിച്ചിട്ടുകാര്യമില്ല. ഞാനൊള്ളോനാ. കൊടുക്കേംചെയ്യും. പക്ഷേ മേടിക്കുന്നോനൊരു ചൊമതലയുണ്ടു്; കൊടുത്തവനോടൊരുനന്ദി, ബഹുമാനം. നമ്മുടെകർത്താവുപോലും കൃതജ്ഞതആവശ്യപ്പെട്ടതല്ലെ? പത്തുകുഷ്ഠരോഗികളുടെ കഥ ഓർത്തുനോക്കേ.''

''ആകട്ടെ; ഒരു ചോദ്യം: തനിക്കു സ്വന്തമുണ്ടാകുവാൻ തന്റെയപ്പൻ എന്തുചെയ്തു എന്നാണുപറയുന്നതു്?''

''എന്തുചെയ്തെന്നു്! കൃഷി, കച്ചവടത്തെപ്പറ്റി അച്ചന്മാർക്കുവല്ലതും അറിയാമോ? വെശർപ്പുപറ്റാത്ത പണമാ അച്ചന്മാരുടേതു്. ഞങ്ങടേതങ്ങനല്ല. വെളുക്കുമ്പം തൊടങ്ങി വൈകുന്നേരംവരെ ഞങ്ങളും ജോലിചെയ്യുന്നു. വെയിലും മഴയും ഉഷ്ണവും തണുപ്പും ഞങ്ങടക്കില്ല. കാലം നോക്കി ഉഴുതുമറിച്ചു് ഞങ്ങടെ പറമ്പിൽ വേലഎടുക്കുന്നു. ഞങ്ങടെ വെശപ്പിന്റെ പലമാ ഞങ്ങക്കുകിട്ടുന്നതു്.''

''എന്റെ ചോദ്യം അതല്ല. ഉഴുവുനടത്താൻ നിങ്ങടംക്കറിയാം. കാലംനോക്കിനടാൻ നിങ്ങടംക്കറിയാം. അതു ഞാൻ സമ്മതിക്കുന്നു. നട്ടുമുളച്ചുപൊങ്ങുവാൻ നിങ്ങടം എന്തുചെയ്യുന്നു എന്നാണെന്റെ ചോദ്യം?

'ഇതെന്തൊരു ചോദ്യമാണച്ചാ? നട്ടാൽ മുളയ്ക്കുമെന്നാരാനും പറേണോ? മുളയ്ക്കാൻവേണ്ടി ആരും ഒന്നും ചെയ്യണോന്നില്ലാ''

''ഞാൻ നട്ടു, അപ്പോളൊ നനച്ചു, എന്നാൽ ദൈവ' വളർത്തി. 'ആകയാൽ വളർത്തുന്ന ദൈവമല്ലാതെ നട്ടവനാകട്ടെ, നനയ്ക്കുന്നവനാകട്ടെ ഏതുമല്ല—ഇതാരുപറഞ്ഞിരിക്കുന്നതാണെന്നു തനിക്കറിയാമോ?''

''ഞങ്ങളുവല്ലോം ശാസ്ത്രോം കവിതേം അച്ചന്മാരെ

പ്പോലെ പടിച്ചിട്ടൊണ്ടോ? ആർക്കും എന്തും പറയാം പക്ഷേ പ്രവർത്തിക്കുന്നതെങ്ങനാന്നാ നോക്കണ്ടേതു്''

''ഒരു സംശയവുമില്ല. പ്രവർത്തിച്ച ആളതന്നെ പറഞ്ഞിരിക്കുന്നതാ വി. പൗലോസിന്റെ കൊറീന്ത്യർക്കുള്ള 1-ാം ലേഖനം 3-ം അദ്ധ്യായത്തിലുള്ളതാണു് ഈ വാക്യങ്ങൾ. മുളപ്പിക്കുകയും വളർത്തുകയും ചെയ്യുന്നതു ദൈവം. ദൈവത്തിന്റെ പ്രവൃത്തികളാണു് യഥാർത്ഥത്തിൽ ഫലം നൽകുന്നതു്. ദാനം ചെയ്യുന്നവർ കർത്താവിനു ചെല്ലേണ്ട നികുതികൊടുക്കുകമാത്രമേ ചെയ്യുന്നുള്ളു. അതിനാൽ ധർമ്മം വാങ്ങുന്നവരോടാണു് യഥാർത്ഥത്തിൽ നാം കൃതജ്ഞരായിരിക്കേണ്ടതു്.''

അതുകേട്ടുനിൽക്കുവാനുള്ള ക്ഷമ കുഞ്ചാക്കോസ്സിനുണ്ടായില്ല. ഏതോ ഉറച്ച ഒരു തീരുമാനംചെയ്തുകൊണ്ടു് അയാളവിടെനിന്നും പൊയ്ക്കളഞ്ഞു. സാക്കോനെ വഴിക്കുകിട്ടി. അയാളോടുപറഞ്ഞു. ''കുഞ്ചാക്കോ ഒരു കാര്യം പറഞ്ഞേക്കുന്നു; അടുത്തഞായറാഴ്ചപൊതുക്കുട്ടമുണ്ടാകും.പള്ളിക്കുടംപണിക്കാര്യം ആലോചിക്കാനാ. ഈ അച്ചനിവിടെ ഇരുന്നോണ്ടു് ഒരു പള്ളിക്കുടോം പണീക്കണ്ടാ.''

കുഞ്ചാക്കോയെ എതിർക്കാൻ തക്കതെന്നേടം സാക്കോനുണ്ടായിരുന്നില്ല. അന്നവളെപ്പേർ യോഗത്തിനു വന്നു. വാഗ്വാദങ്ങളും ബഹളങ്ങളും ഉണ്ടാകുമെന്നായിരുന്ന ഏവരുടേയും പ്രതീക്ഷ. ഫാദർ ജോസഫ് എഴുനേറ്റു. രണ്ടുമൂന്നുവാചകങ്ങളിൽ കഴിഞ്ഞു അദ്ദേഹത്തിന്റെ അദ്ധ്യക്ഷപ്രസംഗം,

''ഒരു നല്ല കാര്യത്തെപ്പറ്റിആലോചിക്കുവാനാണു് ഞാൻ നിങ്ങളെ ക്ഷണിച്ചതു്. ധനികന്മാർക്കു കൂട്ടികളെ വിദൂരദേശങ്ങളിലയച്ചു പഠിപ്പിക്കാം സാധാരണക്കാർക്കു് അതിനു കഴിവുണ്ടാകയില്ല. വിദ്യാഭ്യാസമില്ലാത്തവർ പിൽക്കാലത്തു പുറന്തള്ളപ്പെട്ടും. അതുകൊണ്ടു് സാധാരണക്കാരന്റെ മക്കൾക്കും വിദ്യാഭ്യാസസൗകര്യമുണ്ടാകട്ടെ, ഒരു പള്ളിക്കുടം ഇവിടെപണിയിക്കുക അതാണു പ്രമേയം. പള്ളിക്കുടം വേണമെന്നുള്ളവർ കൈപൊക്കിയേക്കുക. ത്രിപക്ഷാഭിപ്രായമനുസരിച്ചാണു് തീരുമാനം.''

ആളുകളുടെ ഇടയിലെ ഉത്സാഹവും കുശുകുശുപ്പുംകണ്ടപ്പോൾത്തന്നെ കുഞ്ചാക്കോയുടെയും സാക്കോന്റെയും മനസിടിഞ്ഞുപോയി. സ്കൂൾവേണ്ടെന്നുള്ളവർ കൈപൊക്കട്ടെ എന്നു പറഞ്ഞു കഴിഞ്ഞപ്പോൾ, ഉയർത്തിപ്പിടിച്ച കൈകൾകൊണ്ടു് ഹാളനിറഞ്ഞു. സൂര്യബിംബത്തെ മറയ്ക്കുന്ന മേഘംപോലായിരുന്ന ആ കൈകൾ കുഞ്ചാക്കോസ്സു്. ആരും കാണാതെ സാക്കോനും കുഞ്ചാക്കോയും വാക്കൗട്ടു് നടത്തിക്കളഞ്ഞു. പ്രമേയത്തെ എതിർത്തു കൈപൊക്കാൻപോലും ഒറ്റക്കുഞ്ഞൂഅവിടെ ഉണ്ടായിരുന്നില്ല.

പാലത്തു പൈലോച്ചനായിരുന്ന യോഗത്തിലെപ്രധാനി. യോഗനടപടികൾ പ്രതീക്ഷിച്ചതിലേറെ ലഘുവും വിജയവുമായിരുന്നതിനാൽ അയാളാണു കൂട്ടത്

രണ്ടാം വത്തിക്കാൻ സൂനഹദോസ്

1959 ജനുവരി 25—ാംനു അഷ്ടദിന പ്രാർത്ഥനയുടെ അവസാനദിവസം ലാറനൽ ബസീലിക്കയിൽവച്ചാണു് മാപ്പാപ്പാ പ്രഖ്യാപിച്ചതു് അടുത്തുതന്നെ ഒരു സൂനഹദോസ് കൂടാൻ നിശ്ചയിച്ചിരിക്കുന്നുവെന്നു്. അന്നുമുതൽ തുടങ്ങിയ ഒരുക്കം മുന്നൊരുക്കത്തോളം നീണ്ടു. 1961 ക്രിസ്തുദിനം മാർപ്പാപ്പാ പ്രഖ്യാപിച്ച 62—ൽ തന്നെസമ്മേളനംതുടങ്ങുമെന്നു് 1962 ഒക്ടോബർ 11ാം—നു സമ്മേളനോൽഘാടനം നടക്കുകയും ചെയ്തു.

1962 ഒക്ടോബർ 11-നു് ലോകത്തിലെ 2690 മെത്രാന്മാരിൽ 2500ഉം പത്രോസിന്റെ പള്ളിയിൽ സന്നിഹിതരായിരുന്നു. കർദ്ദിനാളന്മാർ ഏറെക്കുറവും സംബന്ധിക്കുന്നതും ഈ സൂനഹദോസിലാണു്. 81 നൺഷ്യേയോ, ഡെൽഗ്രേഷ്യോ പദവികളിലായി വത്തിക്കാന്റെ 52 രാജ്യതന്ത്ര പ്രതിനിധികളുമുണ്ടായിരുന്നു. സന്യാസസംഘനേതാക്കന്മാരായിട്ടു് 97 ജനറൽമാരും, 85 രാജ്യങ്ങളും പ്രതിനിധിസംഘങ്ങളെ അയച്ചിരുന്നു. വേദപണ്ഡിതന്മാരായിട്ടു 200ഓളം പേരും. പണ്ഡിതാഗ്രഗണ്യന്മാരായ 11പേരുടെ പേരുകളും താഴെ ചേർക്കുന്നു.

1) യിവെകൊങ്ഗാ ഒ. പി. (ഫ്രഞ്ചു്)
2) ഷാൻ ഡാനിലോ എസ്. ജെ ,,
3) ഹെൻടി ഡിലുബഴ, എസ് ജെ ,,
4) കാൾ റഹ്നർ എസ്. ജെ. (ജർമ്മൻ)
5) ജോസഫ് യുങ്മൻ എസ് ജെ ,,
6) മോൺ. റൊമാനോഗർഡീനി ,,
7) മോൺ. മൈക്കൽ ഷ്മാവുസ് ,,
8) ഫാ. കാൾ ആഡം ,,
9) ഫാ. ഹാൻസ് കുങ് ,,
10) ഫാ. ഓട്ടോ കുരെർ ,,
11) റൈനിനാരിസ്ഗാരിഗ്ലാഗ്രിഞ്ചു് ഒ.പി.ഫ്രഞ്ചും

2700 പിതാക്കന്മാർക്കുടി 10 കമ്മീഷനുകളിലേയ്ക്കു തിരഞ്ഞെടുപ്പു നടത്തി, 160പേർ തിരഞ്ഞെടുക്കപ്പെടുകയും ചെയ്തു.

ൽ സന്തോഷിച്ചതു്. ഞയാഴ്ച ഫാദർ ജോസഫിനോടു പറഞ്ഞു: എതിർക്കക്ഷികൾക്കുപോലും മതിപ്പുണ്ടാകുന്ന ഒരു നയമാണു് അച്ചനേറ്റതു്. നല്ല കാര്യത്തിനുവേണ്ടി നിൽക്കുക, നല്ല കാര്യമെന്നു് ഇടവകക്കാരെബോദ്ധ്യപ്പെടുത്തുക; അഭിപ്രായസ്വാതന്ത്ര്യം കൊടുക്കുക. ഇതുമുണ്ടെങ്കിൽ ഇടവകഭരണത്തിൽ വിജയമേ ഉണ്ടാകൂ.

ജി. സി. ടിലാർ.

രാജ്യമനസരിച്ച്

യൂറോപ്പ്	മെത്രാ.
1) ഇറലി	389
2) ഫ്രാൻസ്	159
3) ജർമ്മനി	67
4) ബ്രിട്ടൻ	41
5) ഐർലണ്ട്	32
6) ആസ്ട്രിയ	14
7) ബെൽജിയം	26
8) ഹോളണ്ട്	18
9) സ്പെയിൻ	94
10) പോർട്ടുഗൽ	26
11) സ്വിസർലണ്ട്	10
12) പോളണ്ട്	64
13) ഹങ്കറി	17
14) സെക്കൊസ്ലവാക്കിയ	14
15) യൂഗോസ്ലാവിയ	27
16) മറ്റു യൂറോപ്യൻരാജ്യങ്ങളിലെല്ലാംകൂടെ	38

ഏഷ്യാ	മെത്രാന്മാർ
1) ഇന്ത്യാ	78
2) ഇന്തോനേഷ്യാ	27
3) ഫിലിപ്പൈൻസ്	49
4) ചൈന	23
5) ജപ്പാൻ	17
6) ഫൊർമോസ	14
7) വിയറ്റ്നാം	25
8) പാക്കിസ്ഥാൻ	11
9) ഇറാക്ക്	12
10) സിറിയ	17
11) ലെബനൻ	27
12) കൊറിയ	10
13) മറ്റുഎല്ലാംകൂടെ	50

ആഫ്രിക്ക	
1) ബൽജി. കോംഗോ	48
2) സൗത്താഫ്രിക്ക	27
3) തങ്കനീക്കാ	25
4) നൈജീറിയാ	17
5) മഡഗാസ്കർ	17
6) റൊഡേഷ്യാ	14
7) ഈജിപ്ത്	12
8) ഉഗണ്ട	9
9 കെനിയ	8
10 ഘാനാ	8
11 കാമറൂൺസ്	8
12 മറെല്ലാംകൂടെ	95

ഓഷ്യാനിയ	
1) ആസ്ത്രേലിയ	39
2) ന്യൂസിലാണ്ട്	6
3) ന്യൂഗിനിയാ	12
4) പൊളിനേഷ്യ	7
5) മലനേഷ്യ	7
6) മൈക്രോനേഷ്യാ	3

അമേരിക്ക	
1) ക്യാനഡാ	97
2) U. S. A.	221
3) മെക്സിക്കോ	64
4) സെൻടൽ അമേരിക്ക & വെസ്റ്റിൻഡീസ്	76
5) ബ്രസീൽ	203
6) അർജൻറീനാ	65
7) കൊളംബിയാ	51
8) പെരു	43
9) ചിലി	28
10) ബൊളീവിയ	22
11) വെനെസ്വേല	23
12) എകവഡോർ	16
13) ഉറുഗ്വേ	12
14) പരാഗ്വേ	13
15) ഗയാനാ	3

ഏഷ്യ
360

ആഫ്രിക്ക
288

യൂറോപ്പ്
1036

അമേരിക്ക
937

ഓഷ്യാനിയ
74